

History of India in Inscriptions Part 5 A.

snalapat@gmail.com

History

2013

വിരൂപാക്ഷ 1ആമന്റെ ആലംപൂണ്ടി ഗ്രാന്റ്.

ബുക്കന്റെ പൌത്രനും രാമനെന്ന രാജാവി ന്റെ മകളുടെ മകനും ഹരിഹരന്റെ മകനു മായ വിരൂപാക്ഷൻ രചിച്ച നാരായണീ വിലാസമെന്ന നാടകം മദ്രാസ് പ്രസിഡൻസി കോളേജിലെ ശേഷാദ്രി കണ്ടെത്തിയപ്പോ ളാണ് വിരൂപാക്ഷന്റെ ആലംപൂണ്ടി ഗ്രാന്റ് ഫേക്ക് ആണെന്ന വിചാരം (3ആം വാള്യം) വിദേശികളായ ഗവേഷകർക്ക് മാറിക്കിട്ടി യത്.കർണ്ണാടതുണ്ടീരചോളപാണ്ഡ്യ ദേശങ്ങളെല്ലാം ഭരിച്ച വിരൂപാക്ഷൻ സിംഹളദേശ ത്ത് വിജയസ്തംഭവും നാട്ടിയിരുന്നു. മറ്റു ലിഖിതങ്ങളിൽ അമ്മ മല്ലദേവി രാമദേവ ന്റെ വംശമാണെന്നേ ഉള്ളു. ഇവിടെ രാമദേ വന്റെ മകളെന്നുതന്നെ പറയുന്നു. യാദവ രാജാ് രാമദേവന്റെ മകൾ

മല്ലദേവിയെ ആദ്യവിജയനഗരവംശത്തിലെ ഹരിഹര 2 വിവാഹം ചെയ്തതിലുണ്ടായ മകനാണ് വിരൂപാക്ഷൻ 1. അദ്ദേഹം തെക്കേ ഇന്ത്യയുടെ ഭൂരിഭാഗവും പിടിച്ചടക്കിയി രുന്നു. ഇത്തരം ചില **തെറ്റുതിരുത്തലുക ളും കൂട്ടിച്ചേർക്കലുകളും കഴിഞ്ഞാണ് വാള്യം 5 ആരംഭിക്കുന്നത്. ആദ്യം പഡേരി യ, നിഗ്ലേവ അശോക ശാസനങ്ങളാണ്.**

പഡേരി, നിഗ്ലേവ അശോകശാസനം

നേപ്പാൾ തേരൈയിൽനിന്ന് ഉള്ളതാണ്. ബംഗാളിലെ ഉസ്കബസാർ റെയിൽവേ സ്റ്റേഷനിൽനിന്ന് 38 മൈൽ വടക്കുപടി ഞ്ഞാറ്, നേപ്പാളിലെ സില്ല ഭൂതൌളിലെ നിഗ്ലിവ. നേപ്പാളിലെ ഭഗവാൻപൂരിൽനിന്ന് 2 മൈൽ വടക്ക്,

നിഗ്ലിവയിൽ നിന്ന് 14 മൈ ൽ അകലെയാണ് പഡേരി. ഭൂമിക്കടിയിൽ 3 അടി താഴ്ചയിലാണ് കിട്ടിയതെങ്കിലും പഡേരി ശില കേടുവന്നിട്ടില്ല. നിഗ്ലേവ ചില അക്ഷരങ്ങൾ പോയ നിലയിലാണ്. ഇവയിലെ ലിപി വടക്കുകിഴക്കൻ സ്തംഭ ലിഖിതങ്ങളിലെ (രാധ, മാഥിയ, രാംപുര) ലിപിക്ക് സദൃശമാണ്. ബിസി മൂന്നാം നൂറ്റാണ്ടിലെ മാഗധിയാണ് ഭാഷ. ഖൽസി, ധൌള, ജൌഗഡ പാറകളിലെ ശാസനങ്ങ ളിലും, ബൈരാത്, സഹാസ്രം, ശാസനങ്ങളി ലും ബാരബാർ ഗുഹാശാസനത്തിലും സോ ഹ്ഗാരാ താമ്രപത്രത്തിലും ഈ ഭാഷയാണ്. ലരയോരഭേദവും നണയോരഭേദവും ഇവ യിലുണ്ട്. ലുംബിനിയുടെ സ്ഥാനം നിർണ്ണ യിക്കാൻ പഡേരിലിഖിതമാണ് സഹായിച്ച ത്. പാലിയിൽ അംബ അമ്മയും ആലംബന ആലമ്മനയുമാണ്. അതുപോലെ ലുമ്മിനി എന്നാണ് ലുംബിനിക്ക് പറയുന്നത്. ഫ്യുറർ

പറയുന്നത് ഈ സ്ഥലം പ്രാദേശികമായി രുമ്മിനിദേയി എന്നാണ് അറിയുന്നത് എന്നാണ്. കപിലവസ്തുവും അടുത്തുള്ള വനങ്ങളും നിർണ്ണയിക്കുന്നതും പഡേരിശാ സനം വെച്ചാണ്. ഫാഹിയാൻ 50 ലീ (എട്ടര മൈൽ) ശാകൃതലസ്ഥാനത്തുനിന്ന് കിഴക്കാണ് ലുംബിനിയെന്ന് പറയുന്നുണ്ട്.പഡേരി യക്ക് 18 മൈല് വടക്കുപടിഞ്ഞാറ് , അമൌ ലി ബിക്കുലി എന്നീഗ്രാമങ്ങൾക്കും (വടക്കു കിഴക്ക്) രാംഘട്ട്, ബാണഗംഗ എന്നീ ഗ്രാമ ങ്ങൾക്കും(തെക്കുപടിഞ്ഞാറ്) ഇടയിലാ യി, ഏതാണ്ട് മൈൽ നീളം 4 മൈൽ വീതി യിൽ ഉള്ള സ്ഥലത്ത് നഗരാവശിഷ്ടം ഫ്യുറർ കണ്ടെത്തി. അംബത്തസുത്തം ഇക്ഷ്വാകു (ഒക്കാക)വിന്റെ ബഹിഷ്കരിക്കപ്പെട്ട മക്ക ൾ താമസിച്ചത്, യത്ത ഹിമവന്തപാസ്സേ പൊക്കരണീയതീരേ മഹാസാകസന്തോ (ഹിമാലയപാർശ്വത്തിലെ

പൊഖരണീതീര ത്ത് മഹാശാകമരം
നിറഞ്ഞ വനത്തിലാ ണന്ന് പറയുന്നു.
(ശാകം ടെക്നോണിയ ഗ്രാന്റിസ് മരം)
ഇത് ഖോരക്പൂരിലെ ബസ്തിയല്ല
നേപ്പാളിലെ തെരായ് ആണ്. കാട്ടിൽ
കഴിയുന്ന രാജപുത്രന്മാരാണ് ശാ
കന്മാർ. (ഇക്ഷ്വാകുക്കൾ). അവർ
വിവാഹ സമ്പ്രദായത്തിലും
(എൻഡോഗമി) മാംസഭ
ക്ഷണത്തിലും ബ്രാഹ്മണരെക്കാലും
മറ്റു ഹിന്ദുക്കളെക്കാലും താഴെയായത്
മതം കൊണ്ടല്ല ജീവിതരീതി
കൊണ്ടാണ്. ഹുയാ ൻസാങ്ങ്,
കപിലവസ്തുവിന്റെ കിഴക്കേ
ഗോപുരത്തിനടുത്ത് ഒരു
ഈശ്വരാലയം (ശിവക്ഷേത്രം)
കണ്ടതായി രേഖപ്പെടുത്തു ന്നു.
സിദ്ധാർത്ഥനെ അച്ഛൻ ശുദ്ധോദനൻ
സാധാരണ ശാക്യന്മാരുടെ കുട്ടികളെ
ചെയ്യുന്നപോലെ അവരുടെ
സംരക്ഷണം ഉറപ്പാക്കാനായി
അവിടെ കൊണ്ടുപോയി രുന്നതായും
ഹുയാൻസാങ് എഴുതുന്നു.
ഐതിഹ്യം അവിടുത്തെ

ശിലാവിഗ്രഹം സിദ്ധാർത്ഥനെ വണങ്ങി എന്നാണ്. അമരാവതിസ്തൂപത്തിൽ ഇത് കാണിക്കുന്നുണ്ട്. ശാക്യന്മാരുടെ കുലദേവത ശിവനാണ്. ബു ദ്ധന്റെ ജനനകാലത്ത് തന്നെ ശിവൻ കുലദേവതയായി ഉണ്ട് എന്ന് ഈ ഐതിഹ്യം കാണിക്കുന്നു. ഹരപ്പകാലത്തും ശിവലിംഗ മുള്ളതിനാൽ അതിൽ അത്ഭുതമില്ല. കപില വസ്തു കൂടാതെ ക്രകുചന്ദബുദ്ധന്റെ ജന്മ സ്ഥലമായ നപൈക്കിയനാഭിക, അദ്ദേഹ ത്തിന്റെ നിർവ്വാണസ്തൂപം (8 അടി ഉയരം,. ഫാഹിയാൻ കപിലവസ്തുവിൽനിന്ന് 1 യോജന അഥവാ 7 മൈൽ തെക്കുപടിഞ്ഞാ റ് കണ്ടത്) ഇയും ഫ്യുറർ കണ്ടെത്തി. ഹുയാൻസാങ്ങിന്റെ കാലത്ത് രാമഗ്രാമവും കുശീനഗരവും ശാക്യമുനിയുടെ നിർവ്വാണ ത്തെ കുറിച്ച അശോകശാസനത്തോടെ നില നിന്നിരുന്നു. ചൈനക്കാർ ലുംബിനിക്ക് കിഴ ക്ക് എന്നാണ് കുശീനഗരത്തെ പറഞ്ഞത്.

നിഗിൽവയിലെ ലിഖിതത്തിന്റെ പ്രാധാന്യം അത് അശോകമൌര്യന്റെ ഭരണാരംഭത്തി നു മുമ്പ് (ബിസി 259നു മുമ്പ്)തന്നെ സ്ഥാപി ച്ചിട്ടുണ്ട് എന്നതാണ്. കാരണം അശോകന്റെ 15ആം ഭരണവർഷം കോണാകമനയിലെ സ്തൂപം രണ്ട് പ്രാവശ്യം വലുതാക്കിയി ട്ടുണ്ടെന്ന് പറയുന്നു. ബുദ്ധന്റെ മുൻഗാമിക ളായ രാജാക്കന്മാരുടെ ഭരണകേന്ദ്രമായിരു ന്നു കോണാകമന. ഇതിന്നടുത്താവണം കപിലവസ്തു എന്ന് ഊഹം അതിനാലാണ് ഉണ്ടായത്.

അശോകന്റെ രണ്ട് ശാസനങ്ങളിൽ അദ്ദേ ഹം തന്റെ 21ആം ഭരണവർഷത്തിൽ ബുദ്ധ മതക്കാരുടെ പുണ്യസ്ഥലതീർത്ഥയാത്ര നടത്തിയെന്ന് പറയുന്നു. കോണാകമന, ലുംബിനി, കിഴക്ക് രാമഗ്രാമം പടിഞ്ഞാറ് കപിലവസ്തു, ക്രകുഛന്ദസ്തൂപം, ശ്രാവ സ്തി ഇവയെല്ലാം അദ്ദേഹം സന്ദർശിച്ചു.

പാടലീപുത്രം മുതൽ നേപ്പാളിലെ തേരായ് വരെയുള്ള ഈ യാത്രയിൽ അദ്ദേഹം സ്ഥാ പിച്ച സ്തംഭങ്ങളെല്ലാം കാണാം. വൈശാലി ക്കടുത്ത് ബക്ര, രാധ,മാത്തിയ മുതൽ രാം പൂർവ്വ (ചമ്പാരൻ), ഇവ ഉദാഹരണം. 11 ആം ഭരണവർഷം മുതൽ അദ്ദേഹം ചെയ്യു ന്ന ധമ്മജാഥ (8ആം ശാസനം) ഇതാണ്. ബോ ധി ലഭിക്കാനുള്ള അദ്ദേഹത്തിന്റെ വ്രതമാ യിരുന്നു ഇത്. നേപ്പാൾ തെരായിലെ ലിഖി തങ്ങൾ ഈ ഭാഗവും അശോകന്റെ ഭരണ ത്തിൻ കീഴിലായിരുന്നു എന്ന് കാണിക്കു ന്നു. പഡേരിയ ലിഖിതത്തിൽ അദ്ദേഹം ലുംബിനിയിലെ കരം ഒഴിവാക്കുന്നത് അതിന് തെളിവാണ്.

പഡേരിയഃ-

ദേവാനപിയന പിയദശിന
ലാജിനവീശതിവസാഭിസിതേന
അതന ആഗഛ മഹിയീതേ
ഹിതബുധേ ജാതേ ശാക്യമുനീതി
ശീലാവിഗതഭീച്ച കാലാപിത


ശിലാതഭേച്ച ഉസപാപിതേ ഹിദഭഗവംജാതേതി ലുമ്മിനിഗാമേ ഉബലികേ കടേ അത്തഭാഗീയേച്ച

ദേവന്മാരുടെ പ്രിയനായ പ്രിയദർശിയുടെ അഭിഷേകം കഴിഞ്ഞ് 20ആം വർഷം ശാക്യമുനിയുടെ ജന്മസ്ഥലമായ ഇവിടെ അദ്ദേഹം സന്ദർശിച്ചു. ഈ മഹിയെ (ഭൂമി) പൂജിച്ചു. ഇവിടെ വലിയ ശിലാസ്തംഭത്തി ന്മേൽ സൂര്യനെ സ്ഥാപി ച്ചു. ഭഗവാൻ ജനി ച്ച ലുംബിനിഗ്രാമം കരമൊഴിവാക്കി


പ്രഖ്യാപിച്ചു

Asoka Edicts in Nepal.

Paderia Pillar.



Nigliva Pillar.



E. HULTZSCH. SCALE ONE-FOURTH. W. GRIGGS, PHOTO-LITH.

FROM INKED ESTAMPAGES BY DR. A. FÜHRER.

•

ഫ്യുറർ വിഗതഭീ എന്നതിന്റെ അർത്ഥം മന സ്സിലായില്ല എന്നെഴുതി. ഭയമില്ലാത്തവനെ ന്നാണ് അതിനർത്ഥം . ഫ്യുറർ ഹേമചന്ദ്രന്റെ നിഖണ്ഡു നോക്കി ഗർദ്ദഭം കഴുതയാണെ ന്നും അതിന്റെ

പ്രാകൃതമാണ് ഗദഭമെന്നും എന്നും പറഞ്ഞ് ആകെ കുളമാക്കുന്നു. (അപ്പോൾ വിഗദഭി എന്നാൽ കഴുതയില്ലാ ത്തവനെന്നാണ് അർത്ഥം വരിക.)മറാത്തി യിൽ ഗദഭ പരുത്ത ശിലയാണെന്നും അതി നെ മൃദുവാക്കി എന്നും അർത്ഥം അദ്ദേഹം ഉണ്ടാക്കുന്നു. കഴുതയെപ്പോലെ പരുപരു ത്ത ശിലയെ മൃദുവാക്കി എന്ന അദ്ദേഹത്തി ന്റെ അർത്ഥം ഞാൻ സ്വീകരിക്കാൻ തയ്യാ റല്ല. വിഗദഭീയായ അഭയശില സ്ഥാപിച്ചു എന്നേ അർത്ഥമുള്ളു. ഉസപാപിതേ പാലി ഉസ്സാപിതോ, സംസ്കൃതം ഉച്രാപിത ഇവ ക്ക് തുല്യപദമാണെന്ന് അദ്ദേഹം അവകാശ പ്പെടുന്നു. എം ബാർത്ത് ഉബലികേ ഉദ്ബലി ക എന്ന സംസ്കൃതപദമാണെന്ന് പറയുന്നു. അത്തഭാഗിയേ അർത്ഥഭാഗമാണെന്നും. അഷ്ടഭാഗികമെന്നാണ് ശരിയായ വായന. ദിവ്യാവദാനം എന്നതിന് അശോകൻ തന്റെ

സന്ദർശനവേളയിൽ 100000 സുവർണ്ണം ലുംബിനിയിലെ ജനത്തിന് ദാനം ചെയ്തു എന്നാമ് ബർത്ത് വായിച്ചിരിക്കുന്നത്. ഉദ്ഭൂതാ ബലി യസ്യ സാ എന്ന് ബഹുവ്രീ ഹിയിലാണ് ഉദ്ബലികയെ കാണുന്നത്. (ല്യൂമാൻ, ഓൾഡൻബർഗ്). നികുതി ബലി യായാണ് പഴയ രേഖകളിലുള്ളത്. (കരം) കരം ഒഴിവാകുക എന്നതിനെ മുക്തനാവു ക എന്ന് പറയും. വിഗതഭീയായി മുക്തനാ യ ബുദ്ധനെയോ അശോകനെത്തന്നെയോ ഈ വാക്കുകൾ ദ്വയാർത്ഥത്തിൽ സൂചിപ്പി ക്കുന്നു. തൽപുരുഷനിലാണെങ്കിൽ കാശിക യിലെ ബലേ ഉത്ക്രാന്താ അഥവാ ബലി(നി കുതി) ഒഴിവാക്കുക എന്നാണ്.

നിഗിലിവ ഗ്രാന്റ്

ദേവാനാം പിയേന പിയദശിന ലാജിനചോഡസവസ ത.......ന.....

ബുധസ കൊണാകമനസ തുബേ ദുതീയം വധിതേ .....സാബിസിതേനച അതാനആ്ഗഛര മഹീയിതേ ......പാപിതേ (വളരെ അപൂർണ്ണമാണ്).

ദേവാനാം പിയ പിയദർശിക്ക് 14ആം ഭര ണവർഷം കോണമനയിലെ ബുദ്ധന്റെ സ്തൂ പം രണ്ടാമതും വലുതാക്കി. 20ആം ഭരണ വർഷം അവിടെ വീണ്ടും വന്ന് പൂജിച്ച് ശിലാസ്തംഭം നാട്ടി.

പുലികേശി 2 യെക്കേരി പാറ ലിഖിതം

ബെൽഗാമിലെ പരസ്ഗഡ് താലൂക്കിലെ സൌന്ദത്തിനഗരത്തിൽനിന്ന് 4 മൈൽ വട ക്കുകിഴക്കാണ് യെക്കേരി ഗ്രാമം. ലിപി വെച്ച് ഏഴാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധ മെന്ന് ഫ്ലീറ്റ് നിശ്ചയിച്ചു. 4, 5,7,8, 50 മുത ലായ സംഖ്യകളുണ്ട്. ഇവ വലഭി പ്ലേറ്റുക ളിലുള്ളതിന് സമാനമാമെന്ന് പറയുന്നു. ഭാഷ സംസ്കൃതം.

പ്രാരംഭശ്ലോകവും മംഗളശ്ലോകവും ഒഴികെ മറ്റെല്ലാം ഗദ്യം. കാർത്തികപൌർണ്ണമിക്ക് പടിഞ്ഞാറൻ ചാലൂക്യ പുലകേശി 2 മഹാദേവന് കൊടുത്ത ദാനമാണ്. ബനീര (ബന്ദീര), ദ്യുതിപുര, ആഗരിയപുര, കൃഷ്ണപുരം മുതലായ ഗാരാമനാമങ്ങളുണ്ട്. ഈ ലിഖിത ത്തിന് ഇടത്ത്, സിന്ധവജഗത്ത് എന്ന സ്ഥല ത്ത് 4 നിവർത്തനം ഭൂമി കൊടുത്ത മറ്റൊരു ലിഖിതവുമുണ്ട്.

ഓം സ്വസ്തി! അനിരുദ്ധശുരിതോദിതനൃപവംശപ്ര സൂത സ്വവംശലലാമഭൂത ദക്ഷിണാപഥപൃഥിവ്യാ സ്വാമി ചതുരുദധിമേഖലോപാർജ്ജിത രാജ്യശ്രീ പ്രതാപാതിശയോപനതാ. സമഗ്ര സാമന്തമണ്ഡല പൃഥിവ്യാം അപ്രതിരഥ ശ്രീമാൻ സത്യാശ്രയപുലകേശിവല്ലഭ മഹാ രാജരാജ്യേ വർത്തമാനേ ലിഖിതം ഇതി. ബെണീരേ (ബെന്ദീരേ) ഭഗവതോ മഹാദേവ സ്യ നിവർത്തനാനി ചത്വാരി 4. ദൂതിപുരേ

നിവർത്തനാനി അഷ്ട 8.
ആഗരിയപുരേ നിവർത്തനാനി
പഞ്ച.5. പനസവൃക്ഷപ മുഛ .
കൃഷ്ണേ ഹരസേനമാതാപിതേ
പുണ്യോപചയായ
ദേവരോലകഭൂമ്യാശ്ച നിവർത്തനാനി
പഞ്ചാശത് 50.
വിനീതവിദഗ്ദ്ധവൈശികാചാര്യേണ
സ്ഥാപിത ......ഗിത....കാർത്തികസ്യ
പൂർണ്ണിമാസം ലിഖിത പ്രശസ്തി.
സംവത്സര.....6 ...രാജ്യ ഇതി
ഈശാനേന ലിഖിത . യദത്ര പുണ്യം
തദ് ഭവതു .....ഗണേ...

ബഹുഭിർ വസുധാ ഭുക്താ
.........സഗരാദിഭി

യസ്യയസ്യ യഥാ ഭൂമിസ്തസ്യ തസ്യ
തഥാഫലം

സ്വദത്താം പരദത്താം വാ യോ
ഹരേത വസുന്ധരാം

ഷഷ്ടിവർഷസഹസ്രാണി നരകേ
പരിപച്യതേ

സ്വസ്തി! അസ്തു ലേഖകവാചകസ്യ

ബന്ദീരത്തിലെ മഹാദേവന് 4 നിവർത്തനം അവിടെയും ഭൂതീപുരത്തിൽ 8, ആഗരീയപുരത്തിൽ 5 നിവർത്തനവും 5 പ്ലാവും, ഹരസേനന്റെ മാതാപിതാക്കളുടെ പുണ്യത്തിനായി കൃഷ്ണപുരത്തിലെ ദേവരോലകഭൂയിൽ 50 നിവർത്തനവും വിനീതവിദഗ്ദ്ധവൈശികാചാര്യന് പുലി കേശി 2 ദാനം ചെയ്തു. ഭരണവർഷം 6, കാർത്തികപൌർണ്ണമി. ലിപികൻ ഈശാ നൻ, സഗരൻ മുതൽ നിരവധി രാജാക്കന്മാർ തലമുറകളായി ഭരിക്കുന്ന ഭൂമിയാണ്. സ്വദ ത്തമോ പരദത്തമോ ആവട്ടെ, ദാനം ചെയ്ത ഭൂമി സംരക്ഷിക്കപ്പെടണം. അങ്ങനെ സംര ക്ഷിക്കാത്തവർക്ക് ലഭിക്കുന്ന ഫലം പറയു ന്നു.

മനഗോളി ലിഖിതം

ബീജാപൂർജില്ല ബാഗേവാടി താലൂക്ക് ബാഗേവാടി നഗരത്തിൽനിന്ന് 11

മൈൽ വടക്കുപടിഞ്ഞാറാണ്
മനഗോളിഗ്രാമം. പഴയ രേഖകളിൽ
ഉച്ചാരണവ്യത്യാസം കൊണ്ട്
മണിഗവല്ലി എന്നാണ്. സംസ്കൃത
ത്തിലെ മാണിക്യവല്ലി.
മാണിക്യത്തിന്റെ നാട്. ഭീമാനദിയുടെ
തെക്കേ കരയിൽ ഇന്ധി താലൂക്കിൽ
ബീജാപൂരിന് 37 മൈൽ വടക്ക്
തഡ്ഡേവാടി 1000 എന്ന് ഒരു
ഗ്രാമസമൂഹം ഉണ്ടായിരുന്നു. ഇത് ഒരു
അഗ്രഹാരമായി രുന്നു. മറ്റ്
ലിഖിതങ്ങളിൽ പറയുന്ന 18
അഗ്രഹാരങ്ങളിലെ ഒന്ന്
ഇതായിരുന്നു. ഹനുമദ്
ക്ഷേത്രത്തിന്റെ ചുമരിൽ പതിച്ച
സ്ലാബിലാണ് ലിഖിതങ്ങൾ.

ബിജ്ജലകാലം എഡി 1161.

നടുവിൽ ശിവലിംഗവും മുകളിൽ
സൂര്യച ന്ദ്രന്മാരും. വലത്ത് ഭാഗത്ത്
ഇരിക്കുന്ന ഒരാളുടെ രൂപം. ഇടത്ത്,
വളഞ്ഞ വാൾ. പശുവും കുട്ടിയും.
ലിപിയും ഭാഷയും കാനറീസ്.
കാലചൂരിരാജാവ് ബിജ്ജലന്റെ

കാലത്താണ് ലിഖിതം. മുമ്പ് പടിഞ്ഞാറൻ ചാലൂക്യ പെർമ(നടി) ജഗദേകമല്ലൻ 2 മണിഗവല്ലിയിലെ കലിദേവേശ്വരശിവന് (തെക്കിന്റെ സിദ്ധലിംഗം ദക്ഷിണസിദ്ധ ലിംഗം) നൽകിയ ദാനവും വംശാവലിക ളും തരുന്നു. ഹാരീതഗോത്രത്തിലെ ഈശ്വ രഗലിശാശൻ എന്ന ജഗദ്ഗുരു ചാലൂക്യ തൈല 2 കാലത്ത് അവിടത്തെ രാജപുരോ ഹിതനായിരുന്നുവെന്നും തൈല അദ്ദേഹ ത്തിന് കൊടുത്തതാണ് മണിഗവല്ലി ഗ്രാമം എന്നും പറയുന്നു. അദ്ദേഹത്തിന്റെ വംശ ത്തിലെ മാധവനെന്ന മാടിരാജ ലിഖിത കാലത്ത് ഗ്രാമത്തിന്റെ മഹാപ്രഭുവാണ്. അദ്ദേഹത്തിനാണ് ദാനം ചെയ്യുന്നത്. കലി ദേവേശ്വരക്ഷേത്രം നിർമ്മിച്ചത് ബസവ അഥവാ ബസവരാശയ്യയാണ്. ചന്ദ്ര എന്ന ചണ്ഡിരാജനും കശ്യപഗോത്രത്തിലെ ചന്ദ്രാംബികയുമാണ് അദ്ദേഹത്തിന്റെ മാതാപിതാക്കൾ. മണിഗവല്ലിയിലെ

500 മഹാജനബ്രാഹ്മണരിൽ ഒന്നാണ് അവർ. ബസവ, മാടിരാജാ മുതലായവരുടെ നാമം ശൈവമായ ഈ ലിംഗേശ്വരക്ഷേത്രത്തിലെ ലിഖിതത്തിൽ കാണുന്നത് പ്രാധാന്യം അർഹിക്കുന്നു. (മഹീദേവർകളെന്ന ഐ ഞ്ഞൂറ്റുവരാണ് ഇവരെന്നതും) .ലിംഗായത സമ്പ്രദായത്തിലെ ബസവപുരാണം, ചന്ന ബസവപുരാണം ഇവയിൽ ബാഗേവാഡി യിലെ ശൈവബ്രാഹ്മണനായ മാടിരാജന്റെ പരമ്പരയിലാണ് ബസവൻ ജനിച്ചതെന്ന് പറയുന്നുണ്ട്. അതിനുള്ള എപ്പിഗ്രാഫിക്കൽ തെളിവ് ഈ ലിഖിതം മാത്രമാണ്. മാത്രമല്ല, ഈ പുരാണങ്ങളിൽ ബസവ പിന്നീട് രാഷ്ട്ര കൂടബിജ്ജലന്റെ മന്ത്രിയായി ജൈനരെ തോൽപ്പിച്ച് ഓടിച്ചതായും ശൈവസമ്പ്ര ദായം പുനരുദ്ധരിച്ച് ലിംഗായതമെന്ന വീരശൈവം സ്ഥാപിച്ചതായും പറയു ന്നുണ്ട്. അതെല്ലാം ശരിവെക്കുന്നതാണ് ഈ ലിഖിതം.

ബിജ്ജലന്റെ ഭരണവും അക്കാല ത്ത് കലിദേവേശ്വരന് പലരും കൊടുത്ത ദാനങ്ങളുമാണ് പിന്നെ പറയുന്നത്.

ഈ ലിഖിതത്തിൽ 2 തിയ്യതികളാണ് പറയു ന്നത്. ആദ്യം (വരി 38-40) ബിജ്ജലനു മുമ്പ് ദാനം നടന്നത്. ഇത് പെർമ ജഗദേകമല്ലന്റെ 5ആം ഭരണവർഷം, ദുന്ദുഭി സംവത്സരം പൌഷശുക്ലദശമി, വ്യാഴാഴ്ച ശകം 1065 കഴിഞ്ഞ് വർത്തമാനം. എഡി 1142 ഡിസം ബർ 29 എന്നാണ് കണക്കാക്കിക്കാണുന്നത്. എന്നാൽ മകരസംക്രമമായിരുന്നു എന്ന് ലിഖിതത്തിലുണ്ട്.രണ്ടാമത്തെ തിയ്യതി (വരി 59-60) ബിജ്ജലന്റെ ആറാം ഭരണവ ർഷം വിഷു സംവത്സരം ഭാദ്രപാദകൃഷ്ണ ഷഷ്ഠി ചൊവ്വാഴ്ച ശകം 1084 വർത്ത മാനം. എഡി 1161 സപ്തംബർ 12. ഈ ദിനം കപിലഷഷ്ഠിയാണെന്ന് 64ആം വരിയിലു ണ്ട്.

വരി 67-68ൽ നൂലപർവ്വമെന്ന ഉത്സവത്തെ പറയുന്നുണ്ട്. ഇത്

ശ്രാവണത്തിലെ പൌ ർണ്ണമിയെന്ന നൂലഹുന്നൂവേ (ഹകാരം പകാരമായി ഉച്ചരിച്ചാൽ നൂലപൊന്നൂവേ) ആയിരിക്കണം. കർണ്ണാടകദേശത്ത് പൌ ർണ്ണമികൾക്കും അമാവാസികൾക്കും പ്ര ത്യേകം കന്നഡനാമങ്ങളുണ്ട്.

ചൈത്രം (മാർച്ച് ഏപ്രിൽ) ദവനുവ ഹുന്നു വേ (ശ്രീശൈലം മല്ലികാർജ്ജുനക്ഷേത്രത്തിൽ ദവനുവഇലകൾ സമർപ്പിക്കുന്നു. അമാവാ സിക്ക് അക്ഷയതിഗേ അമാവാസേ എന്ന് പറയുന്നു. വൈശാഖശുക്ലതൃതീയയാണ് അക്ഷയതൃതീയ. (അമാവാസിയല്ല)..

വൈശാഖത്തിലെ അഗിഹുന്നുവേ നെല്ലും പുകയിലയും കുരുമുളകും നടുന്ന ഉത്സവ മാണ്. അമാവാസിയെ ബാദാമി അമാവാ സിയെന്ന് വിളിക്കുന്നു. ബാദാമിയിൽനിന്ന് 3 മൈൽ തെക്ക് ഉള്ള ബാണശങ്കരീക്ഷേത്ര ത്തിൽ അന്ന് ആരാധന നടത്തുന്നു. ജ്യേഷ്ഠയിലെ

പൌർണ്ണമി കാരഹുന്നുവേ (കാര വർഷത്തെയും കലപ്പയേയും സൂചി പ്പിക്കുന്നു.)കരിഹരിയുവദബ്ബ എന്ന കാളക ളുടെ മത്സരം അപ്പോഴാണ് നടത്തുക. മണ്ണേ റ്റിന അമാവാസിക്ക് ജനം മണ്ണുകൊണ്ട് കാളകളുടെ വിഗ്രഹം ഉണ്ടാക്കി പൂജിക്കു ന്നു.

ആഷാഢത്തിലെ പൌർണ്ണമി കടലേഗദബി ന ഹൊന്നുവേ. കടല കൊണ്ട് മധുരപലഹാ രം ഉണ്ടാക്കി യെല്ലമ്മക്ക് നേദിക്കുന്നു. കൃഷിക്കാർ ആ മധുരപലഹാരം മാലപോ ലെ ആക്കി കാളകളുടെ കഴുത്തിലിടുന്നു. ശ്രാവണശുക്ലപഞ്ചമിക്ക് (നാഗപഞ്ചമി)ശേ ഷം വരുന്ന അമാവാസ്യയാകയാൽ ആഷാ ഢത്തിലെ അമാവാസ്യ നാഗരഅമാവാസ്യ. ഇത് നാഗരഹാവു (കാവു)പൂജ നടത്തും. ദീവസിഅമാവാസ്യ എന്നും പേരുണ്ട്. വി വാഹം കഴിഞ്ഞ പെൺകുട്ടികൾ അന്ന് ദീവസി എന്ന ദേവീവിഗ്രഹം പൂജിക്കും.

ശ്രാവണത്തിലെ പൌർണ്ണമി നൂലഹുന്നു വേ നൂൽ(പൂണൂൽ) മാറ്റാൻ വിശിഷ്ടമാണ്. അമാവാസി , ഭാദ്രപദശുക്ല ചതുർത്ഥി (വി നായകചതുർത്ഥി) കഴിഞ്ഞു വരുന്നതിനാൽ ചൌത്തിഅമാവാസി. ബെനകന(വിനായ ക) അമാവാസി എന്നും വിളിക്കും.

ഭാദ്രപദത്തിലെ പൌർണ്ണമി അനന്തനഹു ന്നുവേ. അതിന്നു മുമ്പത്തെ ദിനം അനന്തച തുർദ്ദശി. ജോക്യാനഹുന്നുവേ എന്നും ഈ പൌർണ്ണമിക്ക് പേരുണ്ട്. (യോഗികളുടെ). ആ മാസത്തിലെ അമാവാസി നവരാത്രിഅ മാവാസ്യ അഥവാ മഹാനവമി അമാവാ സ്യ എന്ന് അറിയുന്നു. ആശ്വിനത്തിലെ പൌർണ്ണമി ശിഖിഹുന്നുവേ ശിഖിഗൌരി യെ പൂജിക്കുന്നു. ഹെർജുഗ്ഗീയഹുന്നുവേ എന്നായിരുന്നു പഴയ നാമം. ഹെർജുഗ്ഗീയ എന്നത് പ്രധാനവിളവെടുപ്പാണ്. ആശ്വിന

ത്തിലെ അമാവാസി ദീപാവലി അമാവാ സിയാണ്.

കാർത്തികയിലെ പൌർണ്ണമി ഗൌരിഹു ന്നുവേ. ഹീരേഗൌരി എന്ന പേരിൽ ആദി പരാശക്തിയെ ആരാധിക്കുന്നു. അമാവാ സ്യ മാർഗ്ഗശീർഷശുക്ലഷഷ്ഠി എന്ന ചമ്പാഷ ഷ്ഠിക്കുശേഷം വരുന്നതിനാൽ ചട്ടി അമാ വാസേ. മഹാരാഷ്ട്രയിൽ ഖണ്ഡോബാ എന്ന ശിവന് ഈ ദിനം പ്രധാനം.

മാർഗ്ഗശീർഷപൌർണ്ണമിക്ക് ഹോസ്ഥല ഹു ന്നുവേ എന്ന് പേര്. അന്ന് ഗോഷ്ഠം ഹോ സ്ഥല)അലങ്കരിച്ച് പൂജിക്കുന്നു. എന്നാലി തിന് രെണ്ടേഹുന്നുവേ എന്നും പേരുണ്ട്. രെണ്ടേ എന്നാൽ വിധവ. വിധവക്കോല ത്തിലുള്ള യെല്ലമ്മയെ പൂജിക്കുന്നു. അമാവാസ്യക്ക് യെല്ലഅമാവാസ്യ എന്ന് പേര്, മകരസംക്രാന്തിക്ക് തൊട്ടു മുമ്പ് വരു ന്നു. ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും യെല്ലു (എള്ള്)

സമ്മാനിക്കുന്നു. പിതൃക്കളെ തൃപ്തിപ്പെടുത്തുന്നതിനാണ് ഇത്.

പൌഷത്തിലെ പൌർണ്ണമി ബന്ധഹുന്നു വേ. അഥവാ ബണദാഹുന്നുവേ. വനത്തി ലെ (ബണ)മരങ്ങളും വള്ളികളുമെല്ലാം തളി രണിയുന്നതിനെ ആഘോഷിക്കുന്ന ഉത്സ വം. ബദാമിക്കടുത്ത ബാണ(ബണ)ശങ്കരി അഥവാ വനശങ്കരി ക്ഷേത്രത്തിൽ ഉത്സവം നടക്കുന്നു. ആവത്ര അഥവാ അവരാത്രി അമാവാസ എന്നാണ് ഈ മാസത്തിലെ അമാവാസിക്ക് പേര്.

മാഘത്തിലെ പൌർണ്ണമി ഭാരത അഥവാ ഭാരതിഹുന്നുവേ. ഇക്കാലത്ത് മഹാഭാരത പാരായണം നടത്തുന്നു, ഭാരതീദേവിയെ ആരാധിക്കുന്നു. ഗുഡിഹുന്നുവേ എന്നും പേരുണ്ട്. കാരണം ഈശ്വരൻ തന്റെ കുടി (ക്ഷേത്രം)വിട്ട് ഭക്തഗൃഹത്തിലേക്ക് പോകു ന്നു. വീടുകളിൽ രാത്രി, ഈശ്വരൻ വന്നു എന്ന് വിളിച്ചുപറഞ്ഞ് വാദ്യഘോഷങ്ങൾ

മുഴക്കുന്ന ചടങ്ങ് ഉണ്ടായിരുന്നു. കേരള ത്തിൽ ക്ഷേത്രത്തിൽ മഹാഭാരതം വായി ക്കാനായി മഹാഭാരതപട്ടരെന്ന് ചിലരുണ്ടാ യിരുന്നു. മാഘശിവരാത്രിയാണ് ആ മാസ ത്തിലെ അമാവാസി. മഹാശിവരാത്രിയെ 12ആം നൂറ്റാണ്ടുവരെ കാമനമാവാസ്യ എ ന്നും വിളിച്ചിരുന്നു. കാമദഹനം സംഭവിച്ച തിനാലാണ് ഇത്. കാമന്റെ പ്രതിമ ഉണ്ടാക്കി എരിക്കുന്ന ചടങ്ങ് ഉണ്ടായിരുന്നു.

ഫാൽഗുനത്തിലെ ഹോളിഹുന്നുവേക്കും കാമനഹുന്നുവേ എന്ന് പേരാണ്. അമാവാ സി ഉഗാദി അഥവാ യുഗാദി അമാവാസ്യ. അതിന്നു പിറ്റേന്ന് വരുന്ന ചൈത്രശുക്ലപ്ര ഥമ അഥവാ സംവത്സരപ്രഥമ പുതിയ വർഷാരംഭമാണ്.

ഈ ലിഖിതത്തിലുള്ള നൂലഹെന്നുവേ പോലെ പൌർണ്ണമി , അമാവാസ്യ ഇവ വരുന്ന മറ്റ് ചില ലിഖിതങ്ങൾ:-

1 മൈസൂർ ബലഹാവേ ലിഖിതം. ശകവർഷദ 976നേയ ജയസംവത്സരദ വൈശാഖബഹുളഅക്ഷയതൃതീയാദ് അമാവാസേ ആദിവാരനിമിത്തം. 14 ഏപ്രിൽ എഡി 1054

2 തടിമാലിംഗി ലിഖിതം. ശകവർഷദ 1118നേയ രാക്ഷസസംവത്സരദ യക്ഷതടികേ ഭിഹവാര സൂര്യഗ്രഹനാടുലു 12 ഏപ്രിൽ 1195

3. കർഗുദരി ലിഖിതം. ശ്രീമച്ചാലൂക്യവിക്രമവർഷദ 33നേയ സർവ്വാധാരിസംവത്സരദ ഹെർജ്ജുഗ്ഗേയ പുന്നാമി സോമവാരാദന്തിന ശുഭലഗ്ന ദോൽ.

4.ലക്കുണ്ഡി ലിഖിതം വീരഭദ്രക്ഷേത്രം ധാർവാർ ജില്ല. ശ്രീമദ് ചാലൂക്യവിക്രമ വർഷദ 45നേയ ശാർവ്വരി സംവത്സരദ മാഘമാസദ കാമനമാവാസ്യേ പുണ്യദിനാ ദന്തു

ലിഖിതം മനുധർമ്മം പാലിക്കുന്ന കുന്തള ദേശത്തെ ചാലൂക്യന്മാരുടെ കീർത്തിയും വംശവും പറയുന്നു.

കത്തിയാരദേവന്റെ (കീർത്തിവർമ്മൻ) അഛന്റെ അനുജന്റെ വംശശാഖയിൽ 18 തലമുറ കഴിഞ്ഞ്, കിസുവോലാൽ തലസ്ഥാനമാക്കി ഭരിച്ച അയ്യനദേവൻ. പുത്രൻ വിക്രമാദിത്യ 5. ദഹലരാജ്യത്തെ ലക്ഷ്മണന്റെ മകൾ ബൊ ന്താദേവി ഭാര്യ. അസുരഗണം രത്തരാജാ ക്കന്മാരുടെ രൂപത്തിൽ വന്ന് ഐശ്വര്യം നശിപ്പിച്ച ചാലൂക്യരുടെ രാജാവായി അവർക്ക് തൈല 2 ജനി ച്ചു. അദ്ദേഹം 108 യുദ്ധം ചെയ്തു, 88 കോട്ട പിടിച്ചു. മൃത്യുസമാനനായ ഈ ആഹവമല്ലനെ ആർക്കും തടയാനായില്ല. കക്കരദേശ ത്തിന്റെ തൂണുകളായ രാജാക്കന്മാരെയെ ല്ലാം അദ്ദേഹം നശിപ്പിച്ചു. സരസിജനാഭ നെപ്പോലെ (വരാഹരൂപം) വരാഹചിഹ്നം ധരിച്ച അവൻ ഭൂമിയെ സംരക്ഷിച്ചു. ത്രൈലോക്യമല്ല ആഹവമല്ലനെന്ന നൂർമടി തൈല 2, അഭിഷേകോത്സവത്തിൽ മണിംഗ വല്ലിഗ്രാമം ഉദകപൂർവ്വം ജഗദ്ഗുരു

ഈശ്വ രകലിദാസന് (ഹാരീതഗോത്രം) കാൽ കഴു കി ഉദകപൂർവ്വം ദാനം ചെയ്തു. തർദവാടി 1000 ത്തിലെ ഈ ഗ്രാമം അദ്ദേഹം തന്റെ കീഴിലുള്ള 500 ബ്രാഹ്മണർക്ക് കൊടുത്തു. ഇവരുടെ വംശാവലി പറയുന്നുഃ-

1 മാണിക്യവല്ലിപ്രഭു മാധവൻ ഹാരീത ഗോത്രം

2 മാണിക്യവല്ലി 1000ലെ മൂന്നുപേർ കശ്യ പഗോത്രം വാജിൻശാഖ, ഗോവർദ്ധനന്റെ പിൻഗാമികൾ.

3 ഗോവർദ്ധനപുത്രൻ രേവദാസൻ(രവിദാസൻ)

4 നാലു മക്കൾ. നാഗദേവ, വിഷ്ണു, ഗൊയ്യ രശ, ഹുലിദ

5 ഹുലിദനെന്ന ചന്ദ്രമസ്സ് ഹിമാലയെ വരെ കീർത്തി പരത്തി . മകൻ ചണ്ഡിരാജാ.

6. അദ്ദേഹത്തിന്റെയും ഭാര്യ ചന്ദ്രമാംബയു ടേയും മകൻ ബസവ എന്ന ബസവരശയ്യ. മണിക്യവല്ലി

500ന്റെ സ്ലേഹാദരപാത്ര മായി. അനാദിമദ്ധ്യാന്തവും വേദസാരവും ആയ ലിംഗേശ്വരസ്ഥാനം എന്ന കീർത്തി മാണിക്യവല്ലിക്ക് നേടിക്കൊടുത്തു.

കല്യാണപുരത്തിലിരുന്ന് ഭരിക്കുന്ന ചാലൂ കൃത്യാഹവമല്ലനോട് ദണ്ഡനായകനും സാമ ന്തനുമായ മനെവെർഗഡേ ബമ്മനയ്യനാണ് അഭ്യർത്ഥിക്കുന്നത്. 500 മഹാജനങ്ങളുടെ പ്രഭുവായ മഹാരാജാ മാടിരാജനാണ് ഈ അഭ്യർത്ഥന അംഗീകരിക്കുന്നത്. ജഗദേക മല്ല 2 നന്നായി ചിന്തിച്ചശേഷം തീരുമാനം എടുക്കുന്നു. കലിദേവേശ്വരനായ മണിംഗ വല്ലിയിലെ ദക്ഷിണ സിദ്ധിലിംഗേശ്വരന്ന് ദാനം ചെയ്യുന്നു. (അന്നത്തെ ഭരണരീതി ഇപ്രകാരമാണ്. ഇത് പഴയ ചോളകാലലി ഖിതങ്ങളിലും കാണുന്നു) മോഗെവാഡേയി ലെ 50 മാത്ര കൃഷിനിലം കലിദേവേശ്വര ക്ഷേത്രോപയോഗത്തിന്

കരമൊഴിവായി കൊടുത്തു. ഇതിലെ 25 മാത്ര ദേവന്റെ അംഗ ഭോഗത്തിനും ചൈത്രത്തിലെ ശുദ്ധികലശാ ദികൾക്കും പൂജകൾക്കും അറ്റകുറ്റപ്പണിക ൾക്കുമാണ്. 8 മാത്ര മഠത്തിലെ ശാരദാദേവി പ്രതിഷ്ഠയുടെ അംഗഭോഗത്തിനും തപസ്വി കളുടെ ഭോജനത്തിനും. 5 മാത്ര മഠത്തിൽ കൌമാരം (കൌമാരഭൃത്യം) വ്യാഖ്യാനി ക്കുന്ന ഗുരുക്കന്മാർക്കുള്ളത്. ഇത് അക്കാ ലത്ത് കുട്ടികളുടെ മാത്രമായ ഒരു മെഡി ക്കൽ ശാഖ നിലനിന്നിരുന്നു എന്ന് കാണി ക്കുന്നു. 8 മാത്ര ക്ഷേത്രത്തിന്നു നാലുവശത്തും അഗ്രഹാരം സ്ഥാപിച്ച് താമ സിക്കുന്ന 4 ബ്രാഹ്മണകുടുംബങ്ങൾക്ക്. 4 മാത്ര കരമൊഴിവായി നേരിട്ട് അമൃതരാശീ പണ്ഡിതന്. അരുവണനികുതിയായി ഓരോ മാത്രക്കും 1 വീതം (എന്ത് എന്ന് കാണുന്നില്ല പണമോ ഒരു) കൊടുക്കണം. ഭാഗം വിളവോ ആവാം). നിലത്തിന്റെ അളവ് 40 അടിയുള്ള വരാഹദണ്ഡം വെ ച്ചാണ്.

ബ്രഹ്മദണ്ഡത്തിന്റെ അളവിലാണ് തോട്ടം കൊടുക്കുന്നത്. നിർഗ്ഗുലിനദിക്ക് വടക്കും, വലജികവേയകേശ്യാനത്തോപ്പിന് കിഴ ക്കും, മഹാവിഷ്ണുഭട്ടന്റെ തോട്ടത്തിനു തെക്കും കുലിയബാഡി എന്ന ജൈനക്ഷേത്ര ത്തിനു പടിഞ്ഞാറുമാണ് തോട്ടം. സർവ്വനമ സ്യദാനമാണ്. സർവ്വനമസ്യദാനമായി 4 പീടികകളും ക്ഷേത്രത്തിനു കൊടുത്തു. ഇവയുടെ സ്ഥാനം പറയുന്നിടത്ത് ഭഗവതി ക്ഷേത്രമെന്ന് പറയുന്നുണ്ട്. സാധാരണയാ യി ഭഗവതിയെന്ന് കേരളത്തിലാണ് പറയു ക.

ഭഗവതിക്ഷേത്രത്തിലേക്കുള്ള വഴിയുടെ വടക്ക്, രാജപാതയുടെ കിഴക്ക്, ഐത്തമ ശെട്ടിയുടെ പീടികക്ക് തെക്ക്, ആണ് പീടിക കൾ. ക്ഷേത്രത്തിലെ നിത്യനന്ദാവിളക്കിനു ള്ള എണ്ണക്ക് സർവ്വനമസ്യദാനമായി ക്ഷേത്ര നടയിൽ ഒരു എണ്ണമില്ലും കൊടുത്തു. നാല് അഗ്രഹാരത്തിലെ നാലു കുടുംബങ്ങൾക്കാ യി

അമൃതരാശിപണ്ഡിതൻ കൊടുത്ത നാലു ഗൃഹങ്ങളിലൊന്ന് കൌമാരം പഠി പ്പിക്കുന്ന ഗുരുവിനാണ്. അഗ്രഹാരത്തിനു തെക്കുവശത്ത് അമൃതരാശിപണ്ഡിതൻ ഒരു സ്ഥാനം സൌവർണ്ണത്തിനു കൊടുത്തു. ഈ സ്ഥാനങ്ങൾക്ക് തെക്കുനിന്ന് വടക്കോട്ട് 6 അടി വീതി 15 അടി നീളം. 500 മഹാജന ങ്ങളുടെ മഹാപ്രഭു ഈ അഗ്രഹാരം ആച ന്ദ്രതാരം സംരക്ഷിക്കാമെന്ന് വാക്കു നൽകി. 5 ശ്ലോകം (2 സംസ്കൃതം 3 കന്നഡ) മംഗളമാ യി പാടി ലിഖിതം അവസാനിക്കുന്നു.

500 അയ്യാവോൾ സ്വാമിമാരും അവരുടെ മഹാപ്രഭുവുമാണ് ഈ ലിഖിതത്തിലെ പ്രധാനകഥാപാത്രങ്ങൾ. ഇവർ കൃത്യമായി ബണഞ്ചധർമ്മം പാലിക്കുന്നവരാണ് എന്ന് പറഞ്ഞിരിക്കുന്നു. (വാണിജ്യ). ഇവരെക്കൂ ടാതെ 8 ജില്ലകളിലെ 16 മുഖ്യരും, പല ജില്ലകളിലേയും ഗവരേകളും മുമ്മുറിദ ണ്ഡരും ആണ്

മണിംഗവല്ലി സമ്മേളനത്തി ൽ പങ്കെടുത്തത്. രണ്ട് അഞ്ഞൂറ്റുവരും (1000) സെട്ടിമാരും നഗരത്താരും വെറ്റിലക്ക ച്ചവടക്കാരായ ഗാത്രിഗരും എണ്ണക്കാരുടെ കുലസംഘവും കൊത്താലികളും (മത്സ്യക്ക ച്ചവടക്കാരുൾപ്പെടെ എല്ലാവരും) തർദവാ ടി 1000 ത്തിലെ ബാരികരും (മാവും കട കോലും സീൽ വെക്കുന്നവരും) സന്നിഹിത രായിരുന്നു. കപിലഷഷ്ഠിയും വ്യതീപാത വും ചെർന്ന തിഥിയാകയാൽ നഗരത്താർ ഓരോ കെട്ട് പണ്യത്തിനും ഓരോ വീശം ഹോന്ന് (പൊന്ന്) കൊടുത്തു. അതിൽ രത്ന വും പരുത്തിയും വെറ്റിലയും 12 തരം ധാന്യവും ഉണ്ട്. ഗാത്രികർ ഒരു പൊന്നിന് 50 വെറ്റിലയാണ് കൊടുത്തത്. അവിടെത്ത ന്നെ ഉണ്ടായ അരി ഒരു വീശം ഒരു പൊന്നി ന് . ഓരോ എണ്ണമില്ലും ഓരോ ഹാലികേ (പാലിക) എണ്ണ നിത്യനന്ദാവിളക്കിന് കൊടുക്കണം. ഗൌഡന്മാരുടെ കീഴിലുള്ള

നെയ്ത്തുകാർ ഒരു കെട്ട് നൂലിന് 5 വീശം വെച്ച് വാർഷികനൂൽ ഉത്സവത്തിന് കൊടുക്കണം. കോട്ടാലികൾ ഒരു കെട്ടിന് 5 വീശം ഓരോ കൊല്ലവും കൊടുക്കണം. എല്ലാ കച്ചവടക്കാരും അവരുടെ ഓരോ കെട്ടിന് 5 വീശം കൊല്ലത്തിലാണ് കൊടുക്കു ന്നത്. എല്ലാം നൂലുത്സവത്തിനാണ് ശേഖരി ക്കുന്നത്. കള്ളുചെത്തുന്ന നൂറ്റുവർ ഓരോ കൊട്ട നാളികേരത്തിനും (വിറ്റതിന്) ഓരോ ഇളനീരും നാളികേരവും വീതം കൊടുക്ക ണം. മറ്റു ഫലങ്ങൾക്ക് ഓരോ കൈനിറയെ പഴുത്തതും പഴുക്കാത്തതുമായ ഫലമെന്നാ ണ് കണക്ക്. പായ,കൊട്ട നെയ്യുന്നവർ ഓരോ പൂവട്ടിയും പായയും കൊടുക്കണം. ക്ഷേത്രവും മഠവും നിലനിർത്താനാണ് ഇതെല്ലാം. ഗ്രാമമുഖ്യന്മാർ വിവാഹത്തിന് 5 വീശം കൊടുക്കണം. കുട്ടി പെണ്ണായാലും ആണായാലും കൊല്ലത്തിൽ 2 വഴിപാട് (ബലി) ക്ഷേത്രത്തിലേക്ക് സമർപ്പിക്കണം.

വീശം തൂക്കമൊണ്. ഒരു വീശം ഹണ അഥ വാ അണയുടെ പതിനാറിലൊരു ഭാഗം. 4 അണ 8 കാശ്. കാശ് ഏറ്റവും ചെറിയ താമ്ര(ചെമ്പു)നാണ്യം. ഹൊന്നു പൊന്നു അഥവാ സ്വർണ്ണനാണ്യം. അത് വർദ്ധയുടെ പകുതിയാണ്. ഒരു രൂപ, 7 അണ 4 കാശു കൂടിയതാണ് ഒരു വർദ്ധ. കെട്ട് എന്നതിന് ബന്ധം എന്നാണ് ലിഖിതത്തിലുള്ളത്. മൂലധനം സ്റ്റോക്ക് മുതലായ അർത്ഥത്തിൽ ബന്ധവാനേ, ബന്ധവാല എന്നെല്ലാം പ്രയോ ഗിക്കുന്നു. നികുതി മാക്സിമം 5 വീശമാണ്. അതും വാർഷികനികുതിയാണ്.

ബിജ്ജലകാലം 1165 എഡി

മൂന്ന് കഷ്ണമായി പൊട്ടിയതാണ്. കന്നഡ ഭാഷ.കന്നഡലിപി. തുടക്കം 2 ശ്ലോകം മാത്രം സംസ്കൃതം.18,25, 26 വരികളിൽ ദശാംശ സംഖ്യ ഉണ്ട്.ചന്നകേശവനെന്ന വിഷ്ണുവി ന് കാലചൂരി രാജാവ് ബിജ്ജലകാലത്ത് കൊടുത്ത ദാനങ്ങളാണ് വിഷയം.

ബിജ്ജലന്റെ 10ആം വർഷം മാർഗ്ഗശീർഷം ഞായറാഴ്ച അമാവാസ്യ സൂര്യഗ്രഹണം പാർത്ഥിവസംവത്സരം (എഡി 1165 ഡിസംബർ 5)ശകം 1088 വർത്തമാനം.

ബിജ്ജലദേവ കാലഞ്ജരം ഭരിക്കുന്നു. സ്വർണ്ണഗരുഡനാണ് ചിഹ്നം. സഭയിൽ പ്രവേശിക്കുന്നത് ഡമരുകമെന്ന വാദ്യോപ കരണത്തിന്റെ നാദത്തോടുകൂടിയാണ്. കല്യാണമാണ് തലസ്ഥാനം. മാടിരാജന്റെ അധീനത്തിലുള്ള മഹാജനങ്ങളും മഹാപ്ര ധാനനാൽ നയിക്കപ്പെട്ട കരണന്മാരും, ദണ്ഡനായക അമ്മനയ്യയും ചന്നകേശവന്റെ അംഗഭോഗത്തിനും പുനരുദ്ധാരണത്തി നുമായി അഭ്യർത്ഥിച്ചു. മുമ്പ് ദംഗേയവാ സുദേവനായക്കനാണ് ക്ഷേത്രം പണിതത്. ബിജ്ജലദേവൻ ഉക്കാളിയിലേക്കുള്ള പാ തക്ക് പടിഞ്ഞാറും, തുപ്പരായഗെയ്യി വയ ലിനു വടക്കും ബലക്കിയബ്ബെയ്യറോഡിനു കിഴക്കും

ഹരേകാരഗയ്യേ വയലിന് തെക്കു മായി കൃഷിഭൂമി കൊടുത്തു. ദംഗേയസിംഗ രശനും ദംഗേയവാസുദേവനായക്കനും 12 മാത്രവീതെ നിലം കൊടുത്തു. നിത്യനന്ദാ വിളക്കിന് വേണ്ടി എണ്ണമില്ലും സർവ്വനമ സ്യദാനമായി കൊടുത്തു. മഹാപ്രഭു ദണ്ഡനായക അമ്മനയ്യന്റെ കീഴിലുള്ള കരണക്കാർ ഒരു ബല്ലം (വള്ളം) അരി കൊടുത്തു. ഒരു ഗോളകത്തിന്റെ നാലി ലൊന്ന് അഥവാ 4 മാനകം ആണ് ഒരു ബല്ലം.

കാലചുരി സംഗമകാലം എഡി 1178

4 കഷ്ണമായി പൊട്ടിയ സ്ലാബ്. നടുവിൽ ശിവലിംഗം, മുകളിൽ സൂര്യചന്ദ്രന്മാർ, വല ത്ത് മുന്നിലേക്ക് അഭിമുഖമായി ഇരിക്കുന്ന പുരുഷൻ. ഇടത്ത് കന്നും കുട്ടിയും. കന്നഡ ലിപി. ഭാഷ കന്നഡ.സംഗമൻ മണിഗവല്ലി മഹാജനങ്ങൾക്കും മഹാപ്രഭു ഈശ്വരദേ വനും കൊടുത്ത ദാനമാണ്. ദക്ഷിണായനസംക്രാന്തി ഞായറാഴ്ച ആഷാഢത്തിലെ

ശുക്ലപക്ഷഏകാദശി വിളംബിസംവത്സരം സംഗമന്റെ മൂന്നാം ഭരണവർഷം. ശകം 1101 വർത്തമാനം. (2 ജൂൺ എഡി 1178)

പുരുഷോത്തമനായ വിഷ്ണുവിന്റെ വരാ ഹരൂപം കീർത്തിച്ചാണ് ലിഖിതാരംഭം. നാവിലേ നെലവീട് ആണ് സംഗമന്റെ വിജ യശിബിരം. അദ്ദേഹത്തിന്റെ പാദകമലത്തി ലെ വണ്ടുപോലെ ദണ്ഡാധിപകേശവൻ. അദ്ദേഹത്തിന്റെ മരുമകനാണ് മഹാപ്രധാന ദണ്ഡനായക ബ്രഹ്മദേവ. അദ്ദേഹത്തിന്റെ ഹെർഗ്ഗഡേ മത്തരശ ഈശ്വരദേവനു് ചില ദാനങ്ങൾ ചെയ്തു. മണിംഗവല്ലി അഗ്ര ഹാരത്തിലെ) ഈശ്വരദേവൻ ,പുത്രൻ ഹാ രീതവംശത്തിന്റെ ചന്ദ്രനായ മാടിരാജാ.

വലിയ കോലുകൊണ്ട് 20 മാത്ര നിലം ശംഭി കേശ്വരദേവന് ദാനം ചെയ്തു. ഐന്ദ്രോത്സ വം നടത്താനും വേദജ്ഞരായ ബ്രാഹ്മണ ർക്ക് വേദപാരായണത്തിനും വേണ്ടിയാണ്

ഇത്. അധികാരികളായ കരണന്മാരും പ്രഭു ക്കന്മാരും മഹാജനങ്ങളും സകലപ്രജകളും ഈ ദാനം സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധ രാണ്.

ജയതുംഗി 1 കാലത്തെ ലിഖിതം എഡി 1200

ശിവലിംഗത്തിന് മുകളിലായി സൂര്യചന്ദ്ര ന്മാർ, ഇരുവശവും നിൽക്കുന്ന ഓരോ മനു ഷ്യരൂപം, ഇടത്തുവശം കന്നും കുട്ടിയും. ലിപിയും ഭാഷയും കന്നഡ. ജയതുംഗി ദേവഗിരി യാദവരാജാവാണ്. ഭാദ്രപദ കൃഷ്ണഷഷ്ഠി(കപിലഷഷ്ഠി) ചൊവ്വാഴ്ച വിഷുസംവത്സരം കാലചൂര്യബിജ്ജല ദേവന്റെ ആറാം ഭരണവർഷം

ജംബുദ്വീപത്തിലെ മന്ദരപർവ്വതത്തിന്റെ തെക്കുഭാഗത്തുള്ള ദക്ഷിണഭാരതത്തെ യാണ് ഈ ലിഖിതത്തിൽ ഭാരതഭൂമിയായി പറയുന്നതെന്നത് ശ്രദ്ധേയമാണ്. ഭാരതദേ ശത്തെ കുന്തളഭൂമി

യാദവരാണ് ഭരിക്കു ന്നത്. യദുവംശത്തിലെ ബില്ലമന്റെ മകനാണ് ജയതുംഗൻ. അഥവാ ജൈതപാലൻ. ഗുർജ്ജ ര, പാണ്ഡ്യ,ചോള, ലാട,ഗൌഡദേശങ്ങളെ അദ്ദേഹം ജയിച്ചു. ജയതുംഗന്റെ ദണ്ഡനായ കനായ സഹദേവൻ മാളവ,കലിംഗ, പാ ഞ്ചാലക, തുരുഷ്ക, നേപ്പാളകരേയും ജയി ച്ചു. ജയതുംഗന്റെ മൂത്ത സഹോദരനായ മല്ലീദേവൻ തഡ്ഡവാടി1000 യിലെ ദണ്ഡനായ കസ്ഥാനം വഹിച്ചു. അവിടത്തെ മാണിംഗ വല്ലിയിലെ ഹാരീതഗോത്രത്തിലെ ഈശ്വര കലീശേശന് മാണിംഗവല്ലിയിലെ 500 മഹാ ജനം കൊടുത്തിരുന്നു. മാടിരാജന്റെ മകൻ ഈശ്വരദേവനാമ് അവിടത്തെ മഹാപ്രഭു. ലിഖിതം അദ്ദേഹത്തെ മാധവനെന്നാണ് പറ യുന്നത്. മാടിരാജനെന്നത് മാധവരാജന്റെ ചുരുക്കപ്പേരാവാം. മാണിക്യവല്ലിയിലെ 500 ബ്രാഹ്മണരുടെ ഗുണകീർത്തനമാണ്

പിന്നെ. അവിടത്തെ ആചാര്യപരമ്പരയിൽ ഗൌളദേവനേയും അദ്ദേഹത്തിന്റെ പ്രഥമ ശിഷ്യനായ മലയാളജ്ഞാനരാശിയേയും പറയുന്നു. മലയാളിയായ ജ്ഞാനരാശി യുടെ മകനാണ് ധർമ്മരാശി.

കിഴക്കൻ ചാലൂക്യരുടെ നാലു സ്തംഭലിഖിതം -ശ്രീകൂർമ്മം

ശ്രീകൂർമ്മത്തെ കൂർമ്മേശ്വരം വിഷ്ണു ക്ഷേത്രം ഗഞ്ചം ജില്ല ചിക്കക്കോളേക്ക് അടു ത്താണ്. നാലു തൂണിലായി കിഴക്കൻചാ ലൂക്യരാജാവ് വിമലാദിത്യ(1015-1922), മക ൻ രാജരാജ (1022-1063) ഇവരുടെ ലിഖിതമു ണ്ട്.രാജമാഹേന്ദ്രപട്ടണത്തിൽ വസിച്ചിരു ന്ന ഈ രാജാവ് ഭാരതകഥ തെലുഗിലേക്ക് പണ്ഡിതന്മാരുടെ സഹായത്തോടെ വിവ ർത്തനം ചെയ്തു. ഇവിടെ ലിഖിതം കൃത്യ മായി പറയുന്നത് രാജമാഹേന്ദ്രിയിലെ

രാജരാജനെന്ന രാജാവിന്റെ നിർദ്ദേശമ നുസരിച്ച് നന്നയ്യഭട്ടനാണ് ഇത് ചെയ്തെ ന്നാണ്. രാജരാജന്റെ പിൻഗാമി വിജയാദി ത്യന്റെ മകൻ രാജരാജൻ വീരനൃസിംഹന്റെ മന്ത്രിയായിരുന്നു. ഈ രാജരാജന് 2 മക്കൾ വിജയാദിത്യനും (വിജയാദിത്യ 2 അഥവാ വിജയാർക്ക) പുരുഷോത്തമനും. പുരു ഷോത്തമന്റെ മകൻ ജഗന്നാഥ(വിശ്വനാഥ) വീരഭൂദേവന്റെ സാമന്തൻ.

വിജയാദിത്യ2 ശകം 1195

പുരുഷോത്തമ ശകം 1199-1240

ജഗന്നാഥ 1231

വിജയാദിത്യ രണ്ടാമന്റെ അച്ഛൻ രാജരാജ മന്ത്രിയായി സേവിച്ച വീരനരസിംഹൻ ഗംഗാരാജാവ് വീരനരസിംഹ 1 ആണ്. (പൌത്രൻ വീരനരസിംഹ(2)നു 18 വർഷം മുമ്പ് അദ്ദേഹത്തിന്റെ ഭരണം അവസാനി ച്ചു) വീരഭാനുദേവ 2 (വീരനരസിംഹ 2 വിന്റെ പിൻഗാമി) ഗംഗാരാജാവാണ്.

തെലുഗു ലിപി സംസ്കൃതവും തെലുഗും ഭാഷ. വിജയാദിത്യ 2 ക്ഷേത്രത്തിലേക്ക് 25 കറവപ്പശുക്കളെ കൊടുത്തു. അവയുടെ പാലിൽനിന്ന് കിട്ടുന്ന നെയ്യ് നിത്യനന്ദാവി ളക്ക് തെളിയിക്കാനാണ്. രണ്ടാം ലിഖിതം പുരുഷോത്തമൻ 52 പശുക്കളെ കൊടുത്തത് രേഖപ്പെടുത്തുന്നു. മൂന്നാമത്തേത് വിശ്വനാഥൻ 40 നിഷ്കം (സ്വർണ്ണനാണ്യം) ഈശ്വരാരാധനക്ക് കൊടുത്തത് രേഖപ്പെടു ത്തുന്നു. നാലാമത്തേത് നൃസിംഹകവി എഴുതിയതാണ്. പുരുഷോത്തമൻ ഭഗവാന് ചാർത്താൻ സ്വർണ്ണമാല കൊടുത്തതാമ് വിഷയം.

ഈ ലേഖനത്തിലെ വിമലാദിത്യൻ ചോളരാ ജരാജന്റെ മകൾ കുന്തവൈയുടെ ഭർത്താ വാണ്. അതിനാൽ അദ്ദേഹത്തിന്റെ വംശം ചോളചാലൂക്യവംശമാണ്.

ദദ്ദ 4 പ്രശാന്തരാഗന്റെ 2 ലിഖിതം ചേദിസംവത് 392

ഗുർജ്ജരമുഖ്യൻ ദദ്ദ 4ന്റെ 2 ലിഖിതം. ഒരേ ദിവസം ഒരേ ആളെഴുതി, ഒരേ ആൾക്കുള്ള ദാനമാണ് രണ്ടും. തെക്കൻലിപി പടിഞ്ഞാറ ൻ മട്ടിലെഴുതിയതാണ്. വലഭി രാജാക്കന്മാ രും ബ്രോച്ചിലെ ഗുർജ്ജരരും അവരുടെ പിൻഗാമികളായ റാത്തോഡുമാരും ഇങ്ങ നെയാണ് എഴുതുന്നത്. ചേദി 380, 385 വർഷങ്ങളിലുള്ള ദെദ്ദയുടെ ഗ്രാന്റുകളും ഇങ്ങനെയാണ്. നല്ല സംസ്കൃതഗദ്യമാണ്. മഹാഭാരതത്തിലെ ഉദ്ധരണികൾ മാത്രമാ ണ് പദ്യം. വേദ ഗ്രാന്റിൽ 3 തലമുറയുടെ വംശാവലിയുണ്ട്. ഇവിടെ ദാനം ചെയ്യുന്ന രാജാവിനെ പറ്റി മാത്രമേ ഉള്ളു.സംഗമ വേടകവിഷയത്തിലെ സൂര്യനെന്ന ബ്രാഹ്മ ണന്ന് 2 വയലുകൾ അദ്ദേഹത്തിന്റെ യജ്ഞം നടത്താനായി ദാനം ചെയ്യുന്നു. ഒന്ന് സുവ ർണ്ണരപ്പള്ളി, മറ്റേത് ക്ഷീരസര. വൈശാഖ പൌർണ്ണമി ശകം 392 .ദദ്ദ 4

പ്രശാന്തരാഗ ചുരുങ്ങിയത് എഡി 641-642 വരെ ഭരിച്ച തായി ഇത് കാണിക്കുന്നു. ചേദി സംവത് 392ലെ സങ്കേതഗ്രാന്റ് ദദ്ദയുടെ സഹോദരൻ വീതരാഗപുത്രൻ രണഗ്രഹനെന്ന രണരാഗ നാണ് കൊടുത്തിരിക്കുന്നത്. (കേരളമൂഷക വംശത്തിലെ വലഭിയൂണിവേഴ്സിറ്റിയുടെ ശാഖ ഗുജറാത്തിൽ 5ആം നൂറ്റാണ്ടിലാണ് വല്ലഭൻ ആരംഭിച്ചത്. മൂഷകവംശത്തിലും രണരാഗനെന്ന നാമമുണ്ട്) ഖാണ്ഡേഷ്, മാൾവ വരെ അന്ന് ഗുർജ്ജരസാമ്രാജ്യം വ്യാപിച്ചതായി ലിഖിതം കാണിക്കുന്നു. സംഗമഖേടകവിഷയം ഇപ്പോഴത്തെ സംഖേ ട ആണ്. രണ്ട് നദികളുടെ സംഗമസ്ഥാനത്താ ണ്. ഊംച്, ഊർ നദികളാണ് അവിടെ കൂടു ന്നത്. ശൈകപാദുകളുടെ സംഗമപ്രാന്തവും ഇതിലുൾപ്പെട്ടിരുന്നു. രേവാകാന്തപ്രദേശം സംഖേടമേവാസെന്നാണ് അറിയുന്നത്. അടവിപാതക,


കുക്കുടവല്ലിക, ക്ഷീരസര,
സുവർണ്ണപ്പള്ളി മുതലായ
ഗ്രാമനാമങ്ങളു ണ്ട് ലിഖിതത്തിൽ.
ഗുജറാത്തിലെ സംഖേട യുടെ
തെക്കുകിഴക്ക് കുക്രെലി ഉണ്ട്.
കുക്കുടവല്ലിക)

ക്ഷീരസരസ്സിൽ വസിക്കുന്ന സൂര്യൻ
ഭര ദ്വാജഗോത്രം,
ശുക്ലയജുർവേദത്തിലെ മാ
ദ്ധ്യന്ദിനശാഖ, പടിഞ്ഞാറൻ
മാൾവയിലെ മന്ദ്സോർ എന്ന
ദാസപുരത്തുനിന്ന് വന്ന താണ്.
ദാസപുരത്തെ ചതുർവ്വേദിസംഘ
ത്തെ ധാരാസേന 2 ഗ്രാന്റിൽ (ശകം 400)
പറയുന്നുണ്ട്. ദാസപുരത്തെ
ബ്രാഹ്മണ രുടെ ഒരു ബന്ധുവാണ്
(ദാസപുരജ്ഞാതി) മേവാറിലെ
മോഖലയിലെ ചിത്തോർഗാർ
ലിഖിതം എഴുതിയിരിക്കുന്നത്.
ഇപ്പോൾ ദാസപുരീയർ
ഗുജറാത്തിലില്ല. ഈ ലിഖി തം
എഴുതിയ സന്ധിവിഗ്രഹരേവ ഖേട
ഗ്രാന്റിലുമുണ്ട്. ഭോഗികപാലകനായ
ദൂത കൻ കർക്കൻ

ഖേടലിഖിതത്തിലില്ല. സംവത് 391ലെ സംഖേട ഗ്രാന്റിലെ 9ആം വരിയിൽ ദൂതകോത്ര ഭോഗികാപാലക ദുജ്ജാനാ എന്ന് കാണാം. ഇതിനെ മി. ധ്രുവ ഭോഗികാപാലകതു ജ്ഞാനാ എന്നാണ് വായിച്ചിരിക്കുന്നത്.

Sankheda Plates of Dadda IV.—[Chedi-] Samvat 392.

No. I.



ii.




E. HULTZSCH. SCALE TWO THIRDS. W. GRIGGS, PHOTO-LITH.


Sankheda Plates of Dadda IV.—[Chedi-] Samvat 392.

No. II.

i.



ii.



E. HULTZSCH. SCALE TWO THIRDS. W. GRIGGS, PHOTO-LITH.

ചോളന്മാരുടെ 8 വട്ടെഴുത്ത് ശാസന ങ്ങൾ

പ്രൊഫ ബുഹ്ലരും വെങ്കയ്യയും വട്ടെഴുത്ത് ശാസനങ്ങൾ പ്രസിദ്ധീകരിക്കയും അവയു ടെ കാലം ഗണിക്കയും ചെയ്യേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി. ഇതനുസരിച്ച് ഹ്യൂൽട്ട് ചോളന്മാരുടെ 8 വട്ടെഴുത്ത് ശാസനം പ്രസിദ്ധീകരിച്ചു. 5 എണ്ണം കോട്ടാ റിനും കന്യാകുമാരിക്കും ഇടയിൽ തിരുവി താംകൂർ സ്റ്റേറ്റിലെ ശുചീന്ദ്രം സ്ഥാണുനാഥ ക്ഷേത്രത്തിലാണ്. മൂന്നെണ്ണം തിരുനെൽവേ ലി ചേരമാതേവി രാമസ്വാമി ക്ഷേത്രത്തി ന്റെ വടക്കേ ചുമരിലും. 10ആം നൂറ്റാണ്ടു വരെ പാണ്ഡ്യചേരനാടുകളിലല്ലാതെ ചോള നാട്ടിൽ വട്ടെഴുത്ത് ഉപയോഗിച്ചിരുന്നില്ല. കൊച്ചി തിരുനെൽവേലി പ്ലേറ്റുകളോടും ജടിലവർമ്മൻ പ്ലേറ്റുകളോടും സാമ്യമുണ്ട്. സ്ഥാണുരവിയുടെ

കോട്ടയം പ്ലേറ്റിലെ യകാരം ഇവയിലെല്ലാം കാണുന്നുണ്ട്. ഗ്രന്ഥലിപി ഉണ്ട്.

സ്ഥാണുനാഥക്ഷേത്രം ശുചീന്ദ്രം-

പരകേസരിവർമ്മന്റെ 34ആം വർഷം തിരു ച്ചിവീന്ദിരം (ശുചീന്ദ്രം) ക്ഷേത്രത്തിനു വിള ക്ക്. മതിരൈക്കൊണ്ട എന്ന വിശേഷണമി ല്ലാത്ത പരകേസരിവർമ്മനെ വിജയാലയ ചോളനായിട്ടാണ് (പരാന്തക 1ന്റെ മുത്ത ശ്ശൻ) കരുതുന്നത്.

വിജയാലയ പരകേസരിവർമ്മ

ആദിത്യ രാജകേസരിവർമ്മ

പരാന്തക 1 പരകേസരിവർമ്മ

ഗാന്ധാരാദിത്യ രാജകേസരിവർമ്മ


പരാന്തക 2 പരകേസരിവർമ്മ മതിരൈ ക്കൊണ്ട ഇപ്രകാരം.

സ്വസ്തിശ്രീ കോപ്പരകേസരിവന്മരുക്ക് യാണ്ട് മുപ്പത്തുനാലു ഇവ്വാണ്ട് നാഞ്ചിനാട്ടു തിരുച്ചിവീന്ദിരത്തു മാതേവർക്കു തെന്നാട്ടു


തലൈക്കുളത്തു അരൈയൻ അരവിന്ദൻ തൻ ചന്തിരാദിത്തവലം നിയതി ഉഴക്ക് നെയ് മുട്ടാമൽ എരിവതാക വൈച്ച തിരുനന്ദാവിളക്കു ഒന്റിനുക്കു വൈച്ച ശാവാ മൂവാ പേർആടു അമ്പതു. ഇവൈയമ്പതും പരടൈസഭയാർക്കു.

Vatteluttu Inscriptions of Chola Kings.

A.



B.



E. HULTZSCH. SCALE ·18. COLLOTYPE BY W. GRIGGS.

നാഞ്ചിനാട്ടിലെ ശുചീന്ദ്രം മഹാദേവന്ന് തെ ന്നാട്ടിലെ തലക്കുളത്ത് അരയൻ അരവിന്ദൻ നിത്യനന്ദാവിളക്കിന് മുടക്കം വരാതി രിക്കാനായി നിത്യം ഉഴക്ക് നെയ്യ് കൊടു ക്കാൻ 50 വലിയ ആടുകളെ (ചാവാത്ത തും വയസ്സാവാത്തതും) സഭയിലെ പരുട (പരിഷ)കളെ (പരിഷത്) ഏൽപ്പിച്ചു. വിജ യാലയചോളകാലത്തുതന്നെ മലയാളം ഭാ ഷാരൂപമായി പരിണമിച്ചിട്ടുണ്ട് എന്ന് ലി ഖിതം കാണിക്കുന്നു. വൈത്ത എന്നല്ല വൈ ച്ച എന്നാണ് പറയുന്നത്. (വെച്ച വൈച്ച) അതുപോലെ ഐമ്പത് അല്ല അമ്പത് ആണ്.

സ്ഥാണുനാഥക്ഷേത്രം ശുചീന്ദ്രം

മതിരൈയും ഈഴമും കൊണ്ട പരകേസരി വർമ്മ(പരാന്തക 2) കാലത്ത് കരവന്തപു രത്തെ വ്യാപാരി 2 വിഷ്ണുക്ഷേത്രങ്ങ ൾക്ക് (ശുചീന്ദ്രത്തെ) വിളക്കു വെച്ച രേഖ.

സ്വസ്തിശ്രീ മതിരൈയും ഈഴമും
കൊണ്ട കോപ്പരകേസരിപന്മരുക്കു
യാണ്ടു നാർപ്പ തു ഇവ്വാണ്ട്
കുംഭഞായിറ്റു തിരിച്ചിവീ ന്തിരത്തു
എംപെരുമാനുക്കു ക്കലക്കുടിനാ
ട്ടുക്കരവന്തപുരത്തു വിയാപാരി
ഒരുങ്കൈ അരങ്കൻ വൈത്ത
തിരുനന്ദാവിളക്കു ഒന്റു നിറ പലത്തു
മുപ്പതു ഇതു നിശദം ഉളക്ക രൈ നെയ്
മുട്ടാമൽ പഗലും ഇരവും ചന്ദ്രാ
ദിത്തവർ എരിവതാഗ വിത്ത
ശാവാമൂവാ പ്പേരാടു
എളുപത്തൈന്തു. ഇവനേ തിരു
വെങ്കടനിലൈക്കു വൈത്ത
തിരുനന്ദാവി ളക്കു ഒന്റിനുക്കു
നിശാദം ഉളക്കു നെയ് മേർപ്പടി
എരിവതാക വിട്ട ആടു ഇരുപ
ത്തൈന്തു ആക ആടു നൂറും
പരടൈച്ചവൈ യാർക്കു
കാട്ടിക്കുടുത്തന.

മധുരയും ഈഴവും ജയിച്ച
പരകേസരിവ ർമ്മന്റെ കാലത്ത്
(പരാന്തക 2) കലക്കുടി നാട്ടിലെ
കരവന്തപുരത്ത് വ്യാപാരി ഒരു ങ്കൈ

അരംഗനാണ് രണ്ട് വിളക്ക് വെച്ചത്. 30 പലം ഭാരമുള്ള വിളക്കാണ്. ശുചീന്ദ്രം പെരുമാളിനും അവിടത്തെ വിഷ്ണുവിനു മായി 75ഉം 25ഉം ആടിനെ നെയ്വിളക്ക് എന്നും കത്തിക്കാനുള്ള നെയ്യിനായി പരി ഷത് സഭയെ കാണിച്ചു കൊടുത്താണ് സമ ർപ്പിച്ചത്. . ദിവസം ആഴക്കു നെയ്യ് ഈ ആവശ്യത്തിനായി ക്ഷേത്രത്തിൽ കൊടുക്ക ണമെന്നാണ് നിർദ്ദേശം.

ശുചീന്ദ്രം സ്ഥാണുനാഥക്ഷേത്രം ലിഖിതം

രാജരാജാ 1ന്റെ 10ആം ഭരണവർഷം ഈള നാട്ടിലെ ഒരാളാണ് ദാനം ചെയ്യുന്നത്. രാജ രാജ 1 എഡി 985ലാണ് സിംഹാസനസ്ഥനാ യത്. അതിനാൽ ലിഖിതം എഡി 995 ലാവ ണം.

സ്വസ്തിശ്രീ കോ ഇരാസഇരാസകേസരി പന്മരുക്കു യാണ്ടു പത്താം യാണ്ടു തുടങ്കിന കർക്കടകഞായിറ്റു നാഞ്ചിനാട്ടു ബ്രഹ്മ ദേയം. തിരുച്ചിവീന്ദിരത്തു മഹാദേവർക്കു ഈളനാട്ടു മളവരൈയൻ ചെന്നി

കന്തൻ നിശാദം ഉളക്കു നെയ് ചന്ദിരാദിത്തവൽ ഇരവും പഗലും മുട്ടാമൽ എരിവതാഗ വൈച്ച തിരുനന്ദാവിളക്കു ഒന്റു. ഇതുക്കു വൈച്ച ശാവാ മൂവാ പേരാടു അമ്പതു. ഇവൈ മൂലപ്പരടൈസഭൈയാർ വശം കാട്ടി ക്കുടുത്തന.

മൂലപ്പരടൈച്ചവൈയാരും എ മ്പെരുമാൻ വെട്ടിർക്കുടി പടൈത്തരുമൻ കണൈയൻദുണൈയാക്കി വശം കാട്ടിക്കുടു ത്തന.

മലവരൈയനായ ചേന്ദി കന്തനെന്ന സിലോ ണിലെ വ്യക്തിയാണ് ദാനം ചെയ്യുന്നത്. മാളവമെന്നല്ല, മലയം എന്നാണ് ശരി. മാള വരൈയനല്ല, മലയരൈയനാണ്. അദ്ദേഹം നാഞ്ചിനാടിലാണ് ബ്രഹ്മദേയം കൊടുക്കുന്ന ത്. രാത്രിയും പകലും കെടാവിളക്ക് കത്തി ക്കാൻ നിത്യം ഉഴക്ക് നെയ്യ് കിട്ടാവുന്ന വി ധം 50 ആടിനെ കൊടുക്കുന്നു. മൂലസഭയുടെ പരിഷത്തിനെ ഏൽപ്പിച്ചത് അവരാണ് പടൈധ്ധർമ്മൻ

വേട്ടിർക്കുടി കണ്ണയ്യനെ ഏൽപ്പിക്കുന്നത്. വേട്ടിർക്കുടിഗ്രാമം എം പെരുമാൻ വിഷ്ണുവിന്റെ ക്ഷേത്രസ്വത്താ ണ്.

ശുചീന്ദ്രം സ്ഥാണുനാഥക്ഷേത്രലിഖിതം

സ്വസ്തിശ്രീ കാന്തലൂർശാലൈ കലമറുത്ത കംകപ്പാടിയും നൂലംബപ്പാടിയും തഡിഗവലിയും വെങ്കൈനാടും കൊണ്ട കോ രാജരാജകേസരിപന്മർക്കു യാണ്ടു പതിനാലു ഇവ്വാണ്ടു വിരുച്ചികഞായിറ്റു ഇരാജരാജവലനാട്ടു നാഞ്ചിനാട്ടു ബ്രഹ്മ ദേയം സുചീന്തിരത്തു എംപെരുമാൻ തേവ താനം നിരുബശ്ശേഖരവലനല്ലൂർപ്പാൽ തെൻവലനല്ലൂർ മുൻകിൾക്കാരാണ്മൈ ഉടൈയ കുടികൾ താനേദാ ഉടൈയാർ ഉടൈയ നിലങ്കൾ നേരിയൻ മൂവേന്തവെ ള്ളാർ ശൊല്ല നാഞ്ചിനാട്ടു.....

14ആം ഭരണവർഷമാവുമ്പോഴേക്കും കാന്തലൂർശാല കളമറുത്തുകഴിഞ്ഞു. ശുചീന്ദ്രമെന്ന പേരും വന്നുകഴിഞ്ഞു. നൃപശേഖരവലനല്ലൂരിന്റെ ഭാഗമായ തെൻവലനല്ലൂർ ശുചീന്ദ്രം എംപെരുമാന്റെ (വിഷ്ണു) ദേവദാനമാണ്. ഇത് നാഞ്ചി നാട്ടിലെ ബ്രഹ്മദേയമാണ്. നാഞ്ചിനാട് അന്ന് രാജരാജവലനാട്ടിന്റെ ഭാഗമാണ്.നേരിയൻ മൂവേന്തവേളരുടെ നിർദ്ദേശപ്രകാരം തെൻവലനെല്ലൂരിലെ കർഷകരുടെ മുന്നെ കാരാണ്മയള്ള ഉടൈയവരുടെ കുടികൾ നിലങ്ങളോടൊപ്പം ദാനം ചെയ്തു.

ശുചീന്ദ്രം സ്ഥാണുനാഥക്ഷേത്രം ലിഖിതം . രാജരാജന്റെ 15ആം വർഷം.

സ്വസ്തിശ്രീ തിരുമകൾപോലപ്പെരുനിലച്ചെൽവി യും തനക്കേയുരിമൈ മണക്കോക്കാണ്ടലൂർച്ചാ ലൈ കലമറുത്തരുളി കംകൈപ്പാടിയും നൂലംബർപ്പാടിയും

തടിയൈെർപ്പാടിയും വെങ്കൈനാടും കുടകമലൈനാടും ദന്തർക്കൊണ്ടു തണ്ണെലിൽ വിളങ്ക ഉളിയിൽ എല്ലായയാണ്ടുദോൽ ഉദകൈ വിളങ്കും യാണ്ടേ ശേലിയറൈ തേശു കോൽ കോ ഇരാശഇരാശകേസരിപന്മരുക്ക് യാണ്ടു പതിനൈന്തു ഇവ്വാണ്ടു കന്നിഞായിറ്റു മുവ്വാണ്ടിയാകി ശെവ്വായിക്കിളമൈ പെറ്റ പുരായിരട്ടാദിനാൾ ഇരാശരാശവലനാട്ടു നാഞ്ചിനാട്ടു ബ്രഹ്മദേയം തിരുച്ചിവീന്തി രത്തു മഹാസഭയോം കല...............

യൌവനത്തിൽത്തന്നെ ശേലിയരെന്ന പാണ്ഡ്യരെ അവരുടെ ഐശ്വര്യം കവർന്ന് നശിപ്പിച്ച ശേഷമാണ് ഇവിടെ പറയുന്ന കാര്യങ്ങളെല്ലാം രാജരാജചോളൻ ചെയ്തിരിക്കുന്നതെന്ന് പറയുന്നു. ശേലിയരെന്ന് പറയുന്നത് അക്കാലത്ത് തകടൂരെന്ന സേലം കൊങ്കുചേരരും

പാണ്ഡ്യരും ചേർന്ന് ഭരിക്കുന്നതിനാലാണ്.

ചേർമ്മാദേവി രാമസ്വാമിക്ഷേത്രലിഖിതം

അപൂർണ്ണമാണ്.

സ്വസ്തിശ്രീ തിരുമകൾപോലപ്പെരുനില ച്ചെൽവിയും തനക്കേ ഉരിമൈ പൂണ്ടമൈ മണക്കോക്കാണ്ടവൂർ ചാലൈ കലം അറു ത്തരുളി ക്കംകപ്പാടിയും നൂലംബപ്പാടിയും ദഡിഗൈപ്പാടിയും വെങ്കനാടും കുടകു മലൈനാടും തണ്ടാൾക്കൊണ്ടു തന്നെളിൽ വളര ഊളിയുൾ എല്ലായാണ്ടുന്തോൾ ഉദഗൈ വിളങ്കും യാണ്ടേ ശേലിയറൈത്തേ ശി കോൽ കോ ഇരാജരാജകേസരിവർമ്മ ർക്കു യാണ്ടു പതിനഞ്ചാവതു ഇവ്വാണ്ടു രാജരാജവലനാട്ടു മുല്ലിനാട്ടു ബ്രഹ്മദേയം ശേരമാൻ മഹാദേവിച്ചതുർവ്വേദി മംഗലത്തു .....

അതേ ക്ഷേത്രം വേറെ ലിഖിതം-തഡികൈ പ്പാടിയും എന്നുകഴിഞ്ഞാൽ കുടമലൈനാ ടും കൊല്ലമും കലിംഗമും എൺദിശൈ പുഗൾതര ഈഴമണ്ഡലമും എന്നാണുള്ളത്.

ഇതേ ക്ഷേത്രം രാജേന്ദ്രചോളകാലലിഖിതം

രാജേന്ദ്രചോള 1 എഡി 1001-1002ലാണ് കി രീടം ധരിച്ചത്. നിഗലിരിച്ചോളവിണ്ണഗരം എന്ന ക്ഷേത്രത്തിലേക്ക്, (ചേരമഹാദേവി ക്ഷേത്രം) നിത്യം വിളക്കെരിക്കാനുള്ള നെയ്യിന്റെ പകുതി വൈഖാനസർ ദാനം ചെയ്ത രേഖയാണ്. നികരില്ലാത്ത (മറ്റാരും സമമില്ലാത്ത) ചോളനെന്ന് രാജേന്ദ്ര 1 ന്റെ ബിരുദമാണ്.

സ്വസ്തിശ്രീ കോ പരകേസരിവന്മരാന ശ്രീ രാജേന്ദ്രചോളദേവർക്കു യാണ്ടു മൂന്റാവതു ഇരാജരാജമണ്ഡലത്തു മുള്ളിനാട്ടു ബ്രഹ്മദേ യം നിഗരിലിച്ചോളചതുർവ്വേദിമംഗലത്തു

നിഗരിലിച്ചോളവിണ്ണഗര
വൈഖാനസരോം ഇവ്വൂർ ഇരിക്കിന്റ
വെള്ളാളൻ കാടൻ ചേന്ദൻ പക്കൽ
മുൻ നാങ്കൾ കാശു കൊണ്ടു
ഇത്തേവർക്കു തിരുനന്ദാവിളക്കു
എരിക്ക ക്കടവോമായ് എരിച്ചു
വരിനിന്റ വിളക്കു അമൈത്തി
ഇവ്വാറേ വിളക്കുക്കും നിശദം ആളക്കു
നെയ്യാക എരിപ്പോം, ആഗവും .
എരിയാതൊളിവിൽ അന്റു
ശ്രീകോയിൽ വാരിയം ശെയ്വാരൈ
മുട്ടിന നെയ്യിരട്ടി അത്തവിച്ചു
എരിവിപ്പാരാഗവും. ഇപ്പരിശു നിശദം
ആളക്കു നെയ്യും മുട്ടാമൽ എരിപ്പോം
ആയിനും. വൈഖാനസരോം. പരിശു
ഒട്ടി ക്കാശു കൊണ്ട വൈഖാനസ
രോമിൽ മുന്നിന്റോം
എരിപ്പോമാനോം.

വെള്ളാളനായ (കൃഷിക്കാരൻ) കാടൻ
ചേന്ദനിൽനിന്നാണ് വൈഖാനസർ
കാശു വാങ്ങിയിരിക്കുന്നത്.
അതിനാലാണ് അവർ
നിത്യനന്ദാവിളക്കിനുള്ള നെയ്യ്
കൊടുക്കാൻ ബാദ്ധ്യസ്ഥരായത്.

അരവി ളക്കിന് ആഴക്ക് നെയ്യ് എന്നാണ് കണക്ക്. ചന്ദ്രാദിത്യരും ഈ ക്ഷേത്രവും ഉള്ള കാലം ഇത് ചെയ്യാമെന്ന് അവർ സമ്മതിക്കുന്നു. എപ്പോഴെങ്കിലും അത് ചെയ്യാതെ വന്നാൽ ഇരട്ടി നെയ്യ് പിഴയായി കൊടുക്കണം.

ചോളകാലം കുറിക്കുന്ന ചില ലിഖിതങ്ങ ൾഃ-

ശുചീന്ദ്രം. കോ ഇരാജരാജകേസരിവന്മരു ക്കു യാണ്ടു പതിനൈഞ്ചു കന്നി ഞായർ മുവ്വന്തിയാകി ചെവ്വായ്ക്കിളമൈ പെറ്റ പുരയിരത്താദിനാൾ. എഡി 999. ആഗസ്ത് 29. കന്നിയിലെ പൌർണ്ണമി (ഭാദ്രപദം) പൂരോരുട്ടാതിനാൾ.

മണ്ണാർക്കുടി രാജഗോപാലസ്വാമിക്ഷേത്രം . കുലോത്തുംഗചോള 1 ലിഖിതം. കുലോത്തുംഗന്റെ 48ആം വർഷം മകരഞാ യിർ,

പൂർവ്വപക്ഷത്രയോദശി, തിങ്കൾ തിരുവാതിരനക്ഷത്രം. എഡി 1118 ജനുവരി 7.

സ്കന്ധശിഷ്യന്റെ റായക്കോട്ട പ്ലേറ്റു കൾ.

3 പ്ലേറ്റ്. വൃത്താകൃതിയുള്ള സീലിൽ ഇട ത്തോട്ട് തിരിഞ്ഞ് മുട്ടുകുത്തിയിരിക്കുന്ന ഋഷഭം.രായക്കോട്ടേ അഥവാ റായക്കോട്ട (ഇപ്പോൾ റോയക്കോട്ട) സേലം ജില്ല കൃഷ്ണഗിരി താലൂക്കിലെ ഗിരിദുർഗ്ഗമാ ണ്. മൂന്ന് സംസ്കൃതപദ്യം, തമിഴ് ഗദ്യം, അവസാനം ഒരു സംസ്കൃതശ്ലോകം കൂടി. സംസ്കൃതം ഗ്രന്ഥലിപി. തമിഴ് ഭാഗം തമി ഴും ഗ്രന്ഥലിപിയും മിശ്രം. . ലിപി ഹസ്തമ ല്ലപ്ലേറ്റിനേക്കാളും പഴയതാണ്. നരസിംഹ വർമ്മന്റെ 2 കീഴ്മരുത്തൂർലിഖിതങ്ങ ൾക്കും നൃപതുംഗവിക്രമവർമ്മന്റെ 2 ആം ബൂർ ലിഖിതങ്ങൾക്കും ഇടയിലാണ് കാല മെന്ന് അഭിപ്രായം.

പല്ലവവംശാവലി അശ്വത്ഥാമാവു വരെ രാജസിംഹൻ്റെ കൈലാസനാഥലിഖിതത്തിലും, പല്ലവമല്ലൻ്റെ ഉദയേന്ദ്രം പ്ലേറ്റിലും കാസക്കുടി പ്ലേറ്റിലും ഉള്ളതുതന്നെയാണ്. റായക്കോട്ട പ്ലേറ്റിൽ അശ്വത്ഥാമാവിൻ്റെ നാഗവംശീയയായ പത്നിയിൽ ജനിച്ച സ്കന്ധശിഷ്യനെന്ന പുത്രനെ പറയുന്നു. മുഴുവൻ പേര് വിജയസ്കന്ധശിഷ്യവിക്രമവർമ്മൻ. അദ്ദേഹ ത്തിൻ്റെ 14ആം വർഷം മേൽഅഡയാർനാ ട്ടിലെയും പടുവൂർകോട്ടത്തിലേയും നിവാസികൾക്കായി ഒരു ശാസനം ലിഖിതപ്പെടു ത്തി. സരുഗൂർഗ്രാമം ഒരു ബ്രാഹ്മണന് ദാനം ചെയ്തു. അതിന് സ്കന്ധശിഷ്യമംഗലം എന്ന് പേരിട്ടു. ഇതിൻ്റെ ഒരു അതിർത്തി തിരുവെള്ളാളമുടിയാണ്. ഉദയചന്ദ്രമംഗ ലത്തിൻ്റെ (വടക്കേ ആർക്കോട്ട് ,ഗുഡിയാട്ടം താലൂക്ക്, ഉദയേന്തിരം) അതിർത്തിയായി പല്ലവമല്ലൻ്റെ ഉദയേന്ദ്രം പ്ലേറ്റ് പറയുന്ന

വേളാളശിഖരമെന്ന മലയാണ് തിരുവെള്ളാ ളമുടി.

സ്കന്ധന്റെ ശിഷ്യനായ ഈ രാജാവിന്റെ വംശനാമം പറയുന്നില്ല. പക്ഷേ ഋഷഭചി ഹ്നം, അശ്വത്ഥാമാവും കാഞ്ചി പല്ലവരു മായുള്ള ബന്ധം ഇവ , കോവിജയ എന്ന് മുന്നിൽ ബിരുദം, വിക്രമവർമ്മനെന്ന നാമം ഇവ വെച്ച് പടിഞ്ഞാറൻഗംഗ ,പല്ലവവം ശമാണെന്ന് മനസ്സിലാക്കാം. ലിപിയും ഈ നിഗമനത്തെ ശരി വെക്കുന്നു. നാഗസ്ത്രീയി ൽ അശ്വത്ഥാമാവിനുണ്ടായ സ്കന്ധശിഷ്യ നെന്ന പുത്രന്റെ പരമ്പര എന്നു ഈ സ്കന്ധ ശിഷ്യനെ പറയുന്നതും അതിനെ ശരിവെ ക്കുന്നു. ചോളരാജാവ് കോക്കിള്ളിക്കും, തൊണ്ടെമാൻ (പല്ലവ)ഇളംതിരൈയനും ഇതുപോലെ അശ്വത്ഥാമാവിന്റെ പരമ്പര യെന്ന് ഐതിഹ്യമുണ്ട്. തിരുക്കഴുംകുന്റ ത്തെ ഒരു ലിഖിതം പല്ലവനരസിംഹവർമ്മ ന്റെ പൂർവ്വീകനായി സ്കന്ധശിഷ്യനെ പറ

യുന്നുണ്ട്. നരസിംഹവർമ്മന്റെ എത്രയോ കാലം മുമ്പാണ് അദ്ദേഹം ജീവിച്ചത്.

12ആം വരിയിലെ ഒരു പരാമർശം മഹാവ ലി വാണരാജ(മഹാബലി ബാണരാജ) എന്ന സാമന്തന്റെ അഭ്യർത്ഥന മാനിച്ചാണ് ദാനം എന്ന് പറയുന്നു. ഗംഗാരാജാവ് പൃഥ്വീപതി 2, ചോളപരാന്തക 1 എന്നിവരും ബാണാധി രാജാ, മാബലി ബാണരാജ മുതലായ ബിരു ദങ്ങളുള്ളവരാണ്. ഹിരണ്യകശിപു, മഹാ ബലി, ബാണൻ മുതലായ വംശക്കാരാണ് ഇവരെല്ലാം. അപ്പോൾ മാബലി നാടുവാഴു ന്ന കാലം ഇവരുടെ കൂടെ


കാലമാണ്. (ചോള, പല്ലവ, ഗംഗ,ചേര)

Rayakota Plates of Skandasishya.

i.



ii a.




E. HULTZSCH.

FULL SIZE.


iib.



iiia.



iiib.

34 

ശ്രീപതി (വിഷ്ണു), ബ്രഹ്മാവ്, അംഗിരസ്സ്, ധീഷണ എന്ന ബൃഹസ്പതി, ശംയു, ഭരദ്വാ ജ, ദ്രോണ, അശ്വത്ഥാമാവ്. ദ്വിജിഹ്വാംഗന യായ നാഗപത്നിയിൽ സ്കന്ധശിഷ്യനെന്ന രാജാവ്. ആ വംശത്തിൽ അഗസ്ത്യമുനിക്ക് തുല്യനായി മറ്റൊരു സ്കന്ധശിഷ്യൻ പിറ ന്നു. ആ സ്കന്ധശിഷ്യവിക്രമവർമ്മന്റെ 14ആം വർഷം നാടിലേയും കോട്ടത്തിലേ യും വാസികൾക്ക് മഹാവലി ബാണരാജ ന്റെ അപേക്ഷ മാനിച്ച് ദാനം കൊടുത്തു. വത്സഗോത്രം പ്രവചനസൂത്രം മാധവേശ്വര (മഹേശ്വരി)ഭട്ടനാണ് ദാനം വാങ്ങിയത്. പടുവൂർകോട്ടത്തിലെ മേലഡൈയാർനാട്ടി ലെ സിരുഗൂർ ഗ്രാമം, അതിനുചുറ്റുമുള്ള കൃഷിയോഗ്യമായ ജലം നിറഞ്ഞ സ്ഥലം, ജലസേചനത്തിനുള്ള തൂക്കങ്ങൾ, പാടിലി ഗൈ, കൃഷിയോഗ്യമായ വരണ്ട ഭൂമി. കുറ്റി ക്കാടുകൾ, തോടുകൾ, ബണ്ടുകൾ, കടത്തു വഞ്ചികൾ, അണക്കെട്ടുകൾ,

തലൈപ്പെലൈ, മറ്റെല്ലാം ഭൂമികളും ദാനം ചെയ്തിരിക്കു ന്നു. നാട്ടുകാർ ശാസനം ശിരസാ വഹിച്ചു. രാജവിന്റെ ആനപ്പുറത്തുവന്ന കണക്കെടു പ്പുകാരനു മുന്നിൽ അവർ അതിർത്തിക്ക ല്ലും അതിർത്തിവൃക്ഷങ്ങളും സ്ഥാപിച്ചു. ഗ്രാമത്തിന്റെ കിഴക്കേ അതിർത്തി സ്കന്ധ ശിഷ്യമംഗലം ,പടിഞ്ഞാറ് മണിത്തിടൽ.

തെക്ക് കുറുമാടിക്ക് വടക്ക് ഭാഗം, കിഴക്ക് പഴയ ഇളത്തൈപ്പാടിഗ്രാമം, വടക്ക് കുറു ക്കുടിക്ക് തെക്ക് തിരുവെള്ളാളമുടിക്ക് പടിഞ്ഞാറേ ഭാഗം.

ഗൌളി ഓടുന്നതും ആമ ഇഴയുന്നതുമായ ഭൂമി മുഴുവനും ബ്രാഹ്മണന് കൊടുത്തു. ഇതിൽ പെടാത്തത് നെയ്യുന്ന തറി, പീടിക ൾ, ഇവയുടെ കരവും, തട്ടാന്റെ വാടകയും ,നല്ല പശുക്കളും കാളകളും, കള്ളിന്റെ നികുതിയും തൂക്കക്കട്ടിയുടെ നികുതിയും, ഗ്രാമത്തിൽ

വസിക്കാനുള്ള നികുതിയും മാത്രമാണ്.

അല്ലയദൊാദ്ദയുടെ കൊാങ്കുദൂരു പ്ലേറ്റുകൾ ശകം 1352

ഗോദാവരിജില്ലയിലെ രാമചന്ദ്രപുരത്തു നിന്ന് 5 മൈൽ വടക്കാണ് കൊാങ്കുദൂരു ഗ്രാമം. 7 താമ്രപത്രമുണ്ട്. സീലിൽ ഇരിക്കു ന്ന നന്ദിയും സൂര്യചന്ദ്രന്മാരും. പല വൃത്ത ത്തിലുള്ള സംസ്കൃതപദ്യം. അതിർത്തി പറയുന്നത് തെലുഗിലാണ്. ബാല, വിഭൂതി ഇവയിലെ ബ,ഭകാരം തമ്മിൽ ലിപിവ്യ ത്യാസം ഉണ്ട്. അതായത് ഭാഷ വികസ്വര മാണ്. രാജമാഹേന്ദ്രയിലെ അല്ലയദൊാദ്ദ എന്ന റെഡ്ഡിമുഖ്യന്റെ വംശാവലിയുണ്ട്.

പന്തകുലത്തിലെ പോലഗോത്രത്തിലെ ദൊാദ്ദ 1. അദ്ദേഹത്തിന് 3 മക്കൾ. അന്നവ്രോല, കോടയ്യ, അല്ല അഥവാ അല്ലട. അല്ല ചോഡ ഭീമന്റെ മകൾ വേമാംബികയെ വിവാഹം കഴിച്ചു. അവർക്ക് 4 മക്കൾ.

1.വേമ അഥവാ അന്നയവേമ 2. വീരഭദ്ര 3.ദൊദ്ദ 2 അഥവാ അല്ലയദൊദ്ദ എന്ന അല്ലാദറെഡ്ഡി ദൊദ്ദ. 4. അന്ന

ശകം 1352 കഴിഞ്ഞ്, സാധാരണസംവത്സര ത്തിൽ, പൌഷത്തിലെ അർദ്ധോദയത്തിൽ ശ്രാവണം നക്ഷത്രം വ്യതീപാതയോഗത്തി ൽ ലിഖിതം എഴുതി. (ജനുവരി 14 എഡി 1431) . ഗുംപിനിഗ്രാമം അല്ലാടറെഡ്ഡിദൊദ്ദാ വരം അഥവാ ദൊദ്ദാവരം എന്ന് പേരുമാ റ്റി, അതിർത്തി നിർണ്ണയിച്ച് കൊടുത്തു.ദേവരപ്പള്ളി, പലവേല, മുമ്മടി വാരം, ഇന്തക്കോട്ട (ഇപ്പോൾ ഈതക്കോട്ട) കേതരാജുപ്പള്ളി, വേദുരേശ്വരം (ഇപ്പോൾ വേദിരേശ്വരം) ഇവയെല്ലാം ഇപ്പോൾ അമ ലാപുരം താലൂക്കിലാണ്. ഗുംപിനിയുടെ വടക്കേ അതിർത്തി കൌന്തേയനദിയാണ്. ഇത് ഗൌതമിനദിയോ, പലിവേലയുടെ വടക്കുകിഴക്കിലൂടെ ഒഴുകുന്ന അതിന്റെ തെക്കേ ശാഖയോ ആവണം.

ശ്രീനാഥന്റെ കാശീഖണ്ഡം, ഭീമഖണ്ഡം എ ന്നീ തെലുഗുകവിതകളിൽ ഈ ലിഖിതത്തി ലെ ചില കാര്യങ്ങൾക്ക് ഉപോൽബലക മായ ചിലതുണ്ട്. കവി അവസാനം പറഞ്ഞ മൂന്ന് റെഡ്ഡിരാജാക്കന്മാരുടെ സമകാലീനനാ ണ്. ദൊദ്ദയ്യറെഡ്ഡിയുടെ സഹോദരൻ വീരഭ ദ്രറെഡ്ഡിക്കാണ് കാശീഖണ്ഡം സമർപ്പിച്ചിരി ക്കുന്നത്. വീരഭദ്രന്റെ മന്ത്രിക്കാണ് ഭീമമകാ ണ്ഡം സമർപ്പിച്ചിരിക്കുന്നത്. ശൂദ്രകുലത്തിലെ പ്രസിദ്ധമായ പന്തകുല ത്തിലാണ് ദൂവൂരുഗ്രാമത്തിലെ ശിവഭക്ത നായ പെരുമാദിറെഡ്ഡി ജനിച്ചത്. അദ്ദേഹ ത്തിന്റെ വംശം ദേശാദിവംശമാണ്. ഭാര്യ അന്നമാംബ. 5 മക്കൾ. അല്ലയ്യ, പെദ്ദക്കോത, അന്നപ്രോല, ദൊദ്ദയ്യ, പിന്നക്കോത. നാലാമ ത്തെ ദൊദ്ദയ്യ പന്തകുലരാജാ എന്ന് വിളിക്ക പ്പെടുന്നു. അദ്ദേഹത്തിന്റെ ഭാര്യയുടെ പേ രും അന്നമാംബ എന്നാണ്. പ്രോല,

കോത, അല്ലട എന്നാണ് മക്കളുടെ പേര്. അനവേമ യുടെ മകൾ വേമാംബയാണ് അല്ലടയുടെ ഭാര്യ. അവർക്ക് വേമ, വീരഭദ്ര, ദൊദ്ദയ്യ, അന്നയ്യ എന്ന് 4 മക്കൾ. വേമ വിന്ധ്യൻ വരെ സഞ്ചരിച്ച് ജൂദേജന്തരുനാട്ടിലെ സപ്തമാദിത്യരായനെ ജയിച്ചു. ബാരഹ ദോന്തിനാട്ടിലെ മുഖ്യന്മാരേയും, ഒഡ്ഡാഡി, കാടകനാട്ടിലെ രാജാക്കന്മാരേയും തോ ൽപ്പിച്ചു. പാണ്ഡുവാസുരാധാനി, ഒഡ്ഡെദേ ശ, കർണ്ണാട,യവനരാജാക്കന്മാരിൽനിന്ന് കപ്പം വാങ്ങി. ബാരഹദോന്തിമന്നേ, സപ്തമാദിത്യ ഇവരും കപ്പം കൊടുത്തു. രാജവേശ്യാഭുജംഗ, സംഗ്രാമപാർത്ഥ, കർപ്പൂരവസന്തരായ, ജഘനോപഗന്ധ എന്ന് പേരുകളുണ്ടായിരുന്നു.

വീരഭദ്രനും വലിയ വീരനായിരുന്നു. കാശിമിക്കോട്ട, വെങ്കടായി, കപ്പക്കോണ്ട, കില്ലേട ഇവരെ തോൽപ്പിച്ചു. വേമറെഡ്ഡി യുടെ കാലത്ത് കിരീടം ധരിച്ചു. കാടരാജാ വിന്റെ മകൻ വേമയുടെ മകൾ

അനിതല്ലി യെ വീരഭദ്രൻ വിവാഹം ചെയ്തു.
ദൊദ്ദയ്യൻ വടക്കോട്ട് സേനയെ നയിച്ച് ഒഡ്ഡാഡി, ശൃംഗാരംകോട്ട, ലോഡുഗെഡ്ഡ ഇവ കൈയ്യടക്കി. ഒറ്റ ചാട്ടത്തിന് 24 അടി ചാടാവുന്ന അശ്വാഭ്യാസിയായിരുന്നു. അവസാനത്തെ മകൻ അന്ന ചീകതി, കലിംഗ, ചിക്കസമുദ്ര, സിംഹശൈലം ഇവ തലസ്ഥാനത്തുനിന്ന് (രാജമാഹേന്ദ്രി) ഭരി ച്ചു. കവി ശ്രീനാഥൻ എഡി 1425ലാണ് ജീവിച്ചത്. അദ്ദേഹത്തിന്റെ പണ്ഡിതരായ ചരിതം വേമറെഡ്ഡിയുടെ സേനാധിപൻ മാമിതിപ്രാഗദയ്യക്കും, നൈഷധം പ്രാഗ്ഗദയ്യ യുടെ സഹോദരൻ മന്ത്രി സിംഗണനും, ഭീമേ ശ്വരഖണ്ഡം ബെന്ദപൂണ്ടി അന്നയ്യക്കും (വീരഭദ്രറെഡ്ഡിയുടെ മന്ത്രി), കാശിഖണ്ഡം വീരഭദ്രറെഡ്ഡിക്കും സമർപ്പിച്ചിരിക്കുന്നു.

കൊണ്ടവീടു റെഡ്ഡികളും രാജമാഹേന്ദ്രിയി ലെ റെഡ്ഡികളും തമ്മിലുള്ള ബന്ധം

ഭീമകാണ്ഡം പറയുന്നത് രാജമാഹേന്ദ്രി തലസ്ഥാനമാക്കി , സിംഹാദ്രി വരെയുള്ള രാജ്യം ഭരിക്കാൻ അല്ലടക്ക് സാധിച്ചത്, പാകാനാടു രാജാക്കന്മാരായ പ്രോലയ, അന്നവേമ, അന്നപോത, അലവേമ ,കുമാര ഗിരി എന്നിവരുമായുള്ള ബന്ധം കൊണ്ടാ ണെന്നാണ്. . കാശിഖണ്ഡം പറയുന്നു, കൊണ്ടവീടിലെ അനവേമയുടെ പൌത്രി വേമാംബ അല്ലടഭൂപതിയുടെ ഭാര്യയാണെ ന്ന്. എന്നാൽ ഈ ലിഖിതം പറയുന്നത്, ചോഡഭീമന്റെ മകളാണ് വേമാംബിക എന്നാണ്. ഇത് രണ്ടും ശരിയാവണമെങ്കിൽ അനവേമയുടെ മകളുടെ മകളാവണം വേമാംബിക, ചോഡഭീമൻ അദ്ദേഹത്തിന്റെ ജാമാതാവാവണം. തൊട്ടാരമുടി പ്ലേറ്റുകളി ൽനിന്ന് കാടയവേമന്റെ ഭാര്യയും മകളും ക്രമത്തിൽ അനവോതയുടെ മകളും

സഹോ ദരിയുമാണ്.(അനവോത അനവേമയുടെ ജ്യേഷ്ഠനാണ്) കാശിഖണ്ഡം പറയുന്നു, വേമാംബികയുടെ രണ്ടാമത്തെ മകനായ വീരഭദ്രനാണ് കാടയവേമന്റെ മകളുടെ ഭർത്താവെന്ന്. ഈ രണ്ട് റെഡ്ഡികുടുംബ വും ബന്ധപ്പെട്ടിരിക്കുന്നു എന്നതിന് തർക്ക മില്ല. എന്നാൽ രാജമാഹേന്ദ്രി എങ്ങനെ വേമനും വീരഭദ്രനും ലഭിച്ചു. കൊണ്ടവീടു കുമാരഗിരി സമ്മാനമായി കാടയവേമന് കൊടുത്തതാണ്. എഡി 1416 വരെ അദ്ദേ ഹം ഭരിച്ചു. അതാണ് അദ്ദേഹത്തിന്റെ അവസാനലിഖിതവർഷം.

പെരുമാദിയുടെ നാലാമത്തെ മകൻ ദൊദ്ദയ്യ കൊണ്ടവീട് റെഡ്ഡിമാരുടെ പ്രധാനഉദ്യോഗ സ്ഥനായിരുന്നു. മൂന്നാമത്തെ മകൻ അല്ലട ആ സ്ഥാനം പ്രബലമാക്കി രാജമന്ത്രി ഭരി ക്കാനാരംഭിച്ചു. വേമന്റെ മക്കളോ സഹോ ദരന്മാരോ ആ സ്ഥാനം

ലഭിച്ചതായി കാണു ന്നില്ല. വളരെ കുറച്ചുകാലം മാത്രം അധികാ രത്തിലിരുന്ന റെഡ്ഡിമാർ തെലുഗുഭാഷക്കും സാഹിത്യത്തിനും വലിയ സംഭാവനകൾ കൊടുത്തു. ഗുംപിനിഗ്രാമം അഗ്രഹാരമാ യി ബ്രാഹ്മണർക്കാണ് കൊടുത്തത്. അവരു ടെ നാമം,ഗോത്രം , പിതൃനാമം, വേദം ഇവ യെല്ലാം ലിഖിതം തരുന്നു,

1 സിംഗയജ്വാപെരുമാദിമഖിൻ ഗൌതമ ഗോത്രം

2 പണ്ണാലകോമയ്യ കൌണ്ഡിന്യഗോത്രം

3 സിംഗമദൈ്വതിന്റെ മകൻ സിംഗയ്യ ഹാരീത

4 മാലവമാധവ കൌണ്ഡിന്യഗോത്രം

5 കറ്റഭരത ആത്രേയഗോത്രം

6 ഇംഗുവുമല്ലുഭട്ട കൌശികഗോത്രം

7 ഗുഡിമെട്ടസർവ്വദേവമഖിൻ ഹാരീത

8 ക്രോട്ടൂർ അപ്പയ്യയജ്വാന്റെ മകൻ മാമിടിമ ഖിൻ ഹാരീതഗോത്രം.

9 വല്ലഭാര്യനാരായണൻ കാശ്യപഗോത്രം

10 സരസ്വതീപ്രോലുഭട്ട കൌണ്ഡിന്യഗോത്രം

11 രാമയ്യ വസിഷ്ഠഗോത്രം

12 അന്നമയജ്വാസിംഗയ്യദീക്ഷിത ഭരദ്വാജ

13 യെറ്റയാവധാനിൻ (അപ്പയ്യപുത്രൻ) കൌണ്ഡിന്യഗോത്രം

14 വൈശയപുത്രൻ ഇംഗുവുമഞ്ചനാവധാ നിൻ ശൌനകഗോത്രം

15 ഗുണ്ടൂരിനാഗയാധ്വരിൻ കാപിഗോത്രം 16 ഗോളപ്പള്ളിഅപ്പയ്യപുത്ര അനന്ത ശ്രീവ ത്സഗോത്രം

17 പോതയപുത്രൻ പൊനുംഗോതി പോതി ഭട്ട ആത്രേയ

18 അതവനി നരഹരിഗോപയ്യ കൌശിക

19. സിംഗയപുത്രൻ ബെൽദേവികേശവ കശ്യപഗോത്രം

20 കണ്ടുഗുലമാധവപുത്രൻ അപ്പയ്യു ശ്രീവത്സഗോത്രം

21 ബോണഗിരിമാധവപുത്രൻ നൃസിംഹ കൌണ്ഡിന്യ

22 വിഷ്ണുപുത്ര ആഹുനൂരിനാഗ കൌശികഗോത്രം

23 രാമയ്യപുത്ര പമലാപതി നരഹരി

24 മല്ലയപുത്രൻ കലവലകവല്ലഭാധ്വരിൻ ഹാരീതഗോത്രം

25 ഗാംഗയപുത്രൻ ശ്രീരാമപദാമ്പലാധ്വരിൻ ഹാരീതഗോത്രം

26 ദേവംപുനരഹരിപുത്ര ഗണപതി ഭരദ്വാജ

27 സുണ്ഡിലകൃഷ്ണഭട്ടപുത്രൻ നരഹരി രദ്വാജ

28 കൊല്ലൂർ അന്നമഭട്ടപുത്രൻ പെദ്ദയദീക്ഷി ത ഭരദ്വാജ

29. സിംഗരേമിരട്ടയപുത്രൻ പോതയ കശ്യപഗോത്രം

30 കൊറുങ്കണ്ടി കോതയപുത്രൻ മാതവ ശാണ്ഡില്യ

31 കൊണ്ടയറപെദ്ദയപുത്രൻ അല്ലട ഹാരീത

32 ആദിത്യപുത്രൻ ബൊന്ദലപൂതി പെദ്ദയ്യ സുംഗഭരദ്വാജഗോത്രം

33 മാനമൂരിദേച്ചായുപുത്ര ഗംഗായ ആത്രേയഗോത്രം

34 കൌതാരിപോച്ചനപുത്ര പോതലെ ആത്രേയ

35 കാമയപുത്ര തിമ്മയ ഗൌതമഗോത്ര

36 രാംപള്ളികൂച്ചനപുത്രതിപ്പയ്യ ശ്രീവത്സ

37 ജല്ലിപ്പള്ളിസിംഗയുപുത്ര പ്രോലയു ശാണ്ഡില്യഗോത്ര

38. ഗൌതമപുത്ര രാജുകൊണ്ടപേലിബട്ട യാസ്കഗോത്രം

39 ചീതിപട്ടി മല്ലയ്യപുത്ര ജെലപ്പള്ളി നൃസിംഹ വസിഷ്ഠഗോത്രം

40 വള്ളൂരിമഞ്ജനപുത്ര സിമ്മയ്യ ഭരദ്വാജ

41 മല്ലയപുത്ര നരഹരിമല്ലയ വാധുലഗോ ത്രം

42 വല്ലഭപുത്ര അർത്ഥാംഗുരി കാമയ്യ ഭരദ്വാജ

43 ഉന്ദ്രുക്കൊണ്ടലപെദ്ദയപുത്ര അന്നമ ഗൌതമഗോത്രം

44 കാഞ്ചരേപ്പള്ളി നാരായണപുത്ര നരസിംഹ കൌണ്ഡിന്യഗോത്രം

കൂടാതെ 14 പേരുകൂടി ഉണ്ട്. അഗ്രഹാര ത്തിലെ 2 ഭാഗം പ്രസന്നവല്ലഭവിഷ്ണു ക്ഷേത്രത്തിനും ബ്രഹ്മനാഗേശ്വരശിവക്ഷേത്ര ത്തിനും കൊടുത്തിട്ടുണ്ട്. ദൊദ്ദ 2 ഗ്രാമഗ്രാസാർത്ഥം അന്നവാരം ഗ്രാമവും (ഔബലാ മാതൃപുത്രൻ നാരണമന്ത്രിയുടെ നാലര ഖാരി

ഒഴികെ) കൊടുത്തു. വരി 89 ആദികുന്താതീരത്തെ ദൊദ്ദാവരത്തെ പ്രശംസിക്കുന്നു.

വീരചോഡന്റെ പിത്താപുരം പ്ലേറ്റു കൾ

9 എണ്ണം. സീലിൽ ത്രിഭുവനാങ്കുശ എന്ന് തെലുഗുലിപിയിലുണ്ട്. അതിനുമുകളിൽ ഇടത്തോട്ട് തിരിഞ്ഞ വരാഹം, മുകളിൽ അങ്കുശം.വരാഹത്തിനു മുന്നിൽ ചാമരം ശംഖ് ചന്ദ്രൻ. പിന്നിൽ മറ്റൊരു ചാമരം ശ്വസ്തിക സൂര്യൻ. സീലിലെ ലിഖിതത്തി നു താഴെ വിരിഞ്ഞ താമര, അഭിഷേകകല ശം താങ്ങാനുള്ള പീഠം

ലിപി പ്രാചീനവും ആധുനികവുമായ തെലുഗുലുപിമിശ്രമാണ്. ഭാഷ സംസ്കൃതം കവിതയും ഗദ്യവുമാണ്. അതിർത്തികളെ ല്ലാം തെലുഗു സംസ്കൃതെ മിശ്രമായ ഗദ്യ ത്തിലാണ്. ചിറിയാണ്ടാൻ, ഏരസേവക, എരിയപോത, കടലുശിരികാല, പെരുംപു റക്കടൽ, തിരുക്കുറുങ്കുടി

മുതലായ വാക്കു കളിലെല്ലാം
പ്രാദേശികമായ മിശ്രംകാണാം.
നഗരങ്ങളുടെ അവസാനം കുറ്റു,
പറ്റു, തൊറ്റ എന്ന് പറയുന്നത്
തെലുഗുരീതിയാ ണ്. കുളത്തിന്
ചേരു എന്നും, അരുവിക്ക് ഏരു
എന്നും കരക്ക് കറ്റു എന്നും, വൃക്ഷം
മുറിച്ച് ബാക്കിവന്ന കുറ്റിക്ക് കോരതു
എന്നും സമുദ്രത്തിന് മുന്നീറ് എന്നും
ഒഴുക്കിന് പാറു എന്നും,
കുറ്റിച്ചടികൾക്ക് പോഢരു എന്നും
കല്ലിന് രായി എന്നും കാണുന്നു.
വീരചോഡന്റെ 21ആം വർഷ ത്തെ
ചെല്ലൂർ പ്ലേറ്റ് പ്രസിദ്ധപ്പെടുത്തിയതാ
ണ്. അതിലും
പിൽക്കാലചാലൂക്യലിഖിത ങ്ങളിലും
ഉള്ളപോലെ ചാലൂക്യവംശാവ ലി
തരുന്നു. ജനനാഥനഗരിയിലാണ് വീര
ചോഡന്റെ കിരീടധാരണമെന്ന്
പറയുന്നു. ഇത്
രാജമാഹേന്ദ്രപുരമാവണം.സമസ്തഭുവ
നാശ്രയ എന്നാണ് വീരചോഡന്റെ
ബിരുദം. ശകം
ശശിഖഅംബരേന്ദുചെല്ലൂർ പ്ലേറ്റിലെ

ശശിഖദ്വയേന്ദു) 1001 ആണ്. പിതാവായ കുലോത്തുംഗ 1 വീരചോഡന്റെ 5ആം ഭര ണവർഷം വടക്കോട്ട് ദിഗ്വിജയത്തിനയച്ചു. അദ്ദേഹത്തെ തിരിച്ചുവിളിച്ച് തന്റെ കൂടെ നിർത്തിയത് ഒരുപക്ഷേ പെരുമാറ്റദൂഷ്യ മോ, വിപ്ലവമോ കാരണമാവാം, അല്ലെങ്കി ൽ അപ്രതീക്ഷിതമായി ഉണ്ടായ ഒരു ആക്രമ ണത്തെ നേരിടാനാവാം. പൃഥ്വീശ്വരന്റെ പിത്താപുരം സ്തംഭലിഖിതപ്രകാരം ഇത് വീരചോഡന്റെ സാമന്തനായ വെദുര 2 തോൽപ്പിച്ച ഒരു പാണ്ഡ്യരാജാവിന്റെ ആക്രമണമാണ്. അന്ന് പാണ്ഡ്യന് രാജീഗ ചോളമനോഭംഗ എന്ന് ബിരുദം കാണുന്നു.(രാജരാജന്റെ മനോഭംഗം വരുത്തിയവൻ) വീരചോഡന്റെ അഭാവത്തിൽ ശക്തിയാ ർജ്ജിച്ച വേലനാടി, കോന സാമന്തമുഖ്യ ന്മാരെ അടക്കാനായി വീരചോഡൻ വീ ണ്ടും വെങ്കിയിലേക്ക് മടങ്ങി.

മാലവല്ലി (12 പൂണ്ടികളോടു കൂടിയത്), പൊന്നത്തൊറ്റ, അലാമി

എന്നീ ഗ്രാമങ്ങളു ടെ സമുച്ചയമായ വീരചോഡചതുർവ്വേദി മംഗലം ദാനമാണ് ലിഖിതത്തിലെ വിഷയം. ആദ്യത്തെ രണ്ട് ഗ്രാമവും പ്രോലുനാടിലും അലാമി ഉത്തരവരുഷത്തിലുമാണ്. ചെല്ലൂ ർപ്ലേറ്റിന് രണ്ടു വർഷം കഴിഞ്ഞാണ് ഇത്. ആജ്ഞാപ്തി പഞ്ചപ്രധാനികളാണ്. വിദ്ദയ ഭട്ട എഴുതി, പെണ്ണാചാര്യ രേഖപ്പെടുത്തി. ചെല്ലൂർപ്ലേറ്റിലും ഇവരാണ് . 536 ബ്രാഹ്മ ണർക്കാണ് ദാനം. സഹസ്ര, ഷഡംഗവിദ്, ഭട്ട. ദശപുരീഭട്ട, ദശപുരീയഭട്ട, ത്രിവേദി, ത്രിവേദിഭട്ട, സോമയാജി, ഭട്ടസോമയാജി മുതലായ ബിരുദമുള്ള വിവിധഗോത്രക്കാ രാണ്. അരശബ്രഹ്മനും പാർത്ഥസാരഥി ക്കും മാത്രം ബിരുദമില്ല. ഭൂരിഭാഗവും തമി ഴ് നാട്ടിലെ ബ്രാഹ്മണരാണ്. തില്ലൈനായക, അംബലത്താടി (ചിദംബരം), കാമകോടിസ ഹസ്ര (കാഞ്ചി), തനിയപ്പെരുമാ (ആർക്കോ ണത്തിനടുത്ത തിരുത്തണികൈ) ഇവയും കന്ത,വെണ്ണക്കുട്ട,

ഉലകമുണ്ടാൻ, കരിമാണി കൃ, കരിയക്കോ, ചെന്താമരക്കണ്ണൻ, പള്ളി കൊണ്ടാൻ, സിംഹപിരാൻ, ശീരിലങ്കോ, (ഇളയ പെരുമാൾ),കടലുശിരികാല (കടലി നെ ചെറിയ തോടുപോലെ കടന്ന ഹനുമാ ൻ) മലൈ കുനിയനിന്റാൻ(അഗസ്ത്യ) ,തിരുവരങ്കമുടൈയാൻ, തിരുമലൈയുടൈ യാൻ, അരുളാര(അരുളാള)ചെൽവ, തിരു പൊലിയനിന്റാൻ, (ഗുരുപരമ്പരാപ്രഭാവ ത്തിൽ തിരുക്കുകുഗൂരിലെ ദേവനാമം), തിരുവായിക്കുളമുടൈയാൻ(ചിങ്ക ൽപേട്ട് മണിമംഗലം രാജഗോപാലപ്പെരുമാൾ) വീറ്റിരുന്താൻ(വടക്കേ ആർക്കോട്ട് ദൂശി വൈഷ്ണവക്ഷേത്രം), തിരുക്കുറുങ്കുടിഭട്ട (തിരുനെൽവേലി), യജ്ഞാമൂർത്തി(ഗുരുപര മ്പരാപ്രഭാവത്തിൽ അദ്വൈത സന്യാസി ഇദ്ദേഹം രാമാനുജനുമായി തർക്കത്തിൽ തോറ്റ

വ്യക്തിയെന്ന് പറയുന്നു),ആളിദേവ
യഭട്ടർ (തിരുമങ്കൈആൾവാരുടെ
നാമം കൊടുത്ത ഇദ്ദേഹം തമിഴിൽ
ആളിനാട്ടി ൽനിന്ന് വന്ന
തിരുവാലിനാടനാണ്), ആളവ ന്താൻ
(നാദമുനിയുടെ പൌത്രൻ),, അളകിയ
മണവാള, ഘൃതാശി
(നെയ്യുണ്ടആഴ്വാർ) ഇലരെക്കൂടാതെ
വൈഷ്ണവാചാര്യരായ
സുന്ദരത്തോടുടൈയാൻ,
പെരിയാണ്ടാൻ, ചിറിയാണ്ടാൻ,
പെരിയനമ്പി ഇവരേയും
പരാമർശിക്കുന്നു. സുന്ദരപാണ്ഡ്യന്റെ
തിരു പ്പരംകുന്റം ലിഖിതത്തിലും
സുന്ദരത്തോളു ടൈയാനുണ്ട്.
തിരുനാന്ദുടൈയാൻഭട്ട, (വലിയ
ലൈഡൻഗ്രാന്റ് ഉൾപ്പെടെ പല
ലിഖിതത്തിലും നടുവിരുക്കും
മദ്ധ്യസ്ഥനാ ണ്) ചീട അഥവാ
ചീടഭട്ട(ശിഷ്യ), തേവടി, ആരമുത്
(പുതിയ നേദ്യം), മനത്തുക്കിനി യാൻ,
ആയിരംജോതി, ദോനയ്യ, എല്ലാം
തമിഴുപദങ്ങളാണ്. കൂടുതലും
വൈഷ്ണ

വമാണ്.പ്രബോധശിവപണ്ഡിതനെന്ന
ശൈ വാചാര്യനാമമുണ്ട്.. ഗവേഷകർ
ഇതെങ്ങ നെ ഇത്രയധികം
തമിഴുനാമം വന്നു എന്ന്
അത്ഭുതപ്പെടുന്നു. മൂന്നുപേർ
ബ്രഹ്മമാരായ ന്മാരാണ്. ഇത്
രാജരാജചോള 1 കാലത്ത്
ആദിത്യകരികാലനെ വധിക്കാൻ
പദ്ധതി ഇട്ട നാലുപേരിൽ 2 പേർക്ക്
കാണുന്ന ബിരുദനാമമാണ്. രാജ
രാജകുലോത്തും ഗൻ
രാജരാജചോളന്റെ മകൾ കുന്തവൈ
യുടെയും
ചാലൂക്യവിമലാദിത്യന്റെയും
മകനായതിനാൽ തമിഴു പദങ്ങളുടെ
സംഭവ്യത അത്ഭുതത്തിന് അവകാശം
തരുന്നില്ല. അമ്മവഴി അദ്ദേഹം
ചോളനാ ണ്, തമിഴനാണ്.
കുലോത്തുംഗചോളബ്രഹ്മമാരായനെ
ന്നാണ് മൂന്നിലൊരാളുടെ നാമം.
രണ്ടാമത്തെ ആൾ
രാജരാജബ്രഹ്മമഹാരാജാ
സേനാപതിയാ ണ്. ഇദ്ദേഹം
ചെല്ലൂർപ്ലേറ്റിലുമുണ്ട്(ഈ നാമം

പോതനു കൊടുത്തത്). മൂന്നാമത്തെ ആൾ കുമാരനാരായണബ്രഹ്മമഹാരാജാ വീരചോഡന്റെ നാമം വഹിക്കുന്നു. .

വീരചോഡചതുർവേദിമംഗലത്തിന്റെ അതിർത്തികൾഃ-തെക്ക് പൊന്നവാഡ, മല്ല ദ്രോലു. പടിഞ്ഞാറ് കൊല്ലദ്രോലു, ചെമ്പ്രോലു, വടക്ക് പൊലഗുംപറ്റ, ദങ്കലപ്പൂ ണ്ടി, ബെന്ദപ്പൂണ്ടി. കിഴക്ക് സമുദ്രം. അതി ർത്തികളിലെ തോടും കുളവും തടാകവും ചേരികളും കുന്നുകളും പാറകളും ചതു പ്പും വഴികളും താഴ്വരകളും ചിതൽപ്പു റ്റുകളും കൂടി വ്യക്തമായി പറയുന്നുണ്ട്. വൃക്ഷങ്ങളുടെ നാമം കൂടി എടുത്തുപറയു ന്നു.

2 ഭാഗം വ്യാകരണം പഠിപ്പിക്കുന്ന ഗുരുവി ന്. 2 ഭാഗം മീമാംസകന്, 1 ഭാഗം വേദാന്തഗു രുവിന്, ഓരോന്ന് വീതം ഋക്ക്, യജുസ്സ്, സാ മവേദികൾക്ക്. ഒന്ന് രൂപാവതാരം പറയു ന്നവർക്ക്, ഒന്ന് പുരാണപാരായണത്തിന്, ഓരോന്ന് വീതം വൈദ്യനും വിഷവൈദ്യ നും

മുടിവെട്ടുന്നവനും, ഒന്ന് ജ്യോതിഷിക്ക്. ഇപ്രകാരം ഗ്രാമത്തിലെ ഷെയറിനെ നീക്കി വെച്ചിരിക്കുന്നു. ഈ 12 ഷെയറും ക്ഷേത്ര ത്തിലെ ഉദ്യോഗം പാലിക്കുന്നവർക്കാണ്. ഗ്രാമത്തിന്റെ കേന്ദ്രഭാഗത്തുള്ള വിഷ്ണു വിനും പടിഞ്ഞാറുഭാഗത്തെ വിഷ്ണുവി നും രണ്ട് ഷെയർ വീതം നീക്കിവെച്ചിരിക്കു ന്നു. 2 ഷെയർ കൈലാസനാഥനും ഒരു ഷെയ ർ ഗ്രാമത്തിലെ മറ്റു ഗ്രാമദേവന്മാർക്കുമാ ണ്.

മൌംഗുൻസ്വർണ്ണപത്രം ബർമ്മ

2 പ്ലേറ്റ് 110, ഗ്രാം, 148 ഗ്രാം.ഒന്നാം നൂറ്റാണ്ടി ലെ പാലിഭാഷ. പ്രോം രാജവംശം (ശിരി ക്കേത്തര) പ്രാബല്യത്തിലിരുന്ന കാലത്തെ ലിഖിതം. നാലും അഞ്ചും നൂറ്റാണ്ടിൽ പാഗ നിലെ ലിപിയോട് സാമ്യം. പല അക്ഷരങ്ങ ളും തെക്കേ ഇന്ത്യയിലെ ലിപിയാണ്. ശിരക്കേത്തരം അഥവാ പ്രോം (ശ്രീക്ഷേത്രം) എന്ന സമുദ്രതീരനഗരം (തുറമുഖം) തെക്കേ ഇന്ത്യയിൽനിന്ന്

കുടിയേറിപ്പാർത്തവരുടെ നഗരമായിരുന്നു.

പ്ലേറ്റിന്റെ ഒരു ഭാഗത്തേ ലിഖിതമുള്ളു . ആകെ 6 വരി.

1. യേ ധമ്മാ ഹേതുപഭവാ തേശം ഹേതു തഥാഗതോ ആഹതേശാൻച യോ നിരോധോ ഏവം വാദിമഹാ ശമണോതി. ചത്താരോ ഇദ്ധിപാത ചത്താരോ സമ്മപ്പ ദാന ചത്താരി അരിയസത്താനി ചതുവെസാരജ്ജാനി പഞ്ചീന്ദ്രിയാണി പഞ്ചചക്കൂനി ച അശദ്ദാരനാനി ശത്തഭോജ്ജംഗാ ആരിയോ അത്തിംഗികോമഗ്ഗോ നവലോകുത്തരാ ധമ്മാ ദശബലാനി ചുദ്ദശബുദ്ധകോനി അത്താരസ ബുദ്ധധമ്മാനി
2. യേ ധമ്മാ ഹേതുപഭവാ. തേസാം ഹേതു തഥാഗതോ ആഹ .തേസാം ച നിരോധോ ഏവം വാദി മഹാശമണോ തി ഇതി പി സോ ഭഗവാ അരഹം സമ്മാസംബുദ്ധോ വിജ്ജാചരണ സപ്പന്നോ സുഗതോ ലോകവിടു

അനുത്തരോപുരിസധമ്മസാരഥി സത്താ ദേവമനുസ്സാനാം ബുദ്ധോ ഭഗവതീ സ്വാഖ്യാതോ ഭഗവതോ ധമ്മോ സന്ധിത്തികോ അകാലികോ ഏഹിപസ്സികോ ഒപനായികോ പച്ചാത്തം വേദിതവോ വിന്നൂഹീതി

എല്ലാ ധർമ്മവും ഹേതു (കാരണം)വിൽനി ന്ന് ഉണ്ടായതാണ്.കാരണം, കാര്യം, ഇവയു

ടെ നാശം ഇവയെല്ലാം മഹാശമണൻ പറ ഞ്ഞിട്ടുമുണ്ട്. ഇദ്ദിപാദം (സിദ്ധി ലഭിക്കാനു ള്ള 4 ഉപായം), സമ്മപ്പദാനം (അതിനുള്ള 4 മാർഗ്ഗം) സതിപത്താനം (സത്യം ഗ്രഹിക്കാ നുള്ള 4 തരം ധ്യാനം) ആരിയസച്ച (4 തരം ആര്യസത്യം) വെസാരജ്ജ(4 തരം അഭയം) 5 ഇന്ദ്രിയം, 5 ചക്ഷു, 6 തരം അസാധാരണ ജ്ഞാനം (വിവേകം), ഭോജ്ജംഗം (പരമ ജ്ഞാനം) ലഭിക്കാനുള്ള 7 മാർഗ്ഗം, അഷ്ടാം ഗമാർഗ്ഗം, 9 ലോകോത്തരധർമ്മങ്ങൾ, ദശബലങ്ങൾ, ബുദ്ധത്വം

ലഭിക്കാനുള്ള 14 സിദ്ധി, ബുദ്ധന്റെ 18 വിഭൂതി ഇവയെല്ലാം അദ്ദേഹം പറഞ്ഞിട്ടുണ്ട്.

എല്ലാ ധർമ്മവും അവയുടെ കാരണവും , കാര്യവും കാരണവും നാശവും മഹാശമ ണൻ പറഞ്ഞിട്ടുണ്ട്. പൂർവ്വാർജ്ജിതമാ

യ ഈ ധമ്മത്തോടെ ജനിച്ച ബുദ്ധൻ ജ്ഞാനം, ആനന്ദം, ഇവയോടെ ജനിച്ച വിദ്യാചരണ സമ്പന്നനും സുഗതനും അനുത്തരോപരിധ ർമ്മസാരഥിയും ദേവമനുഷ്യന്മാരുടെ വികാരങ്ങളെ നിയന്ത്രിക്കുന്നവനും പ്രപ ഞ്ചത്തെ അറിയുന്നവനും സകലത്തിന്റെ പ്രഭുവുമാണ്. എല്ലാ കാലത്തേക്കും എല്ലാ ഋതുവിലേക്കും എല്ലാവർക്കും ഉപയോഗ പ്രദമായ ധർമ്മം തഥാഗതൻ വിശദീകരിച്ചു. ശ്രദ്ധയോടെ അത് നിരീക്ഷിച്ച് വിമർശി ക്കാം. സ്വയം നിർവ്വാണം പ്രാപിക്കാം. വിവേകികൾ ഇത് അറിയേണ്ടതാണ്.

വിശാലദേവന്റെ അഹമ്മദാബാദ് ലിഖിതം ശകം 1308

അഹമ്മദ്ഷാ കാലത്തെ (എഡി 1411-43) പള്ളിയുടെ തൂണിലാണ് ലിഖിതം .റെവ റന്റ് അബ്ബോട്ടാണ് ആദ്യം വായിച്ചത്. ഭാഷ സംസ്കൃതം. ഗുജറാത്തിയുടെ കലർപ്പുണ്ട്. അക്കാലത്തെ മറ്റു ചാലൂക്യലിഖിതങ്ങളി ലും വിശാലദേവന്റെ തന്നെ ലിഖിതങ്ങളി ലുമുള്ള രീതിയാണ്. വിക്രമസംവത് 1308 എഡി 1251 ആണ്. പള്ളി 1411-43 കാലവും ലിഖിതം 1251 ഉം ആയതിനാൽ ലിഖിതമാ ണ് പള്ളിയേക്കാളും പഴയത്. സോദ്ധലാദേ വിയുടെ പരിചാരകവൃന്ധത്തിലെ പേത്തട മാഹിംഷകത്തിലെ ഉത്തരേശ്വരക്ഷേത്ര ത്തിന് ഒരു ജാലി സമ്മാനിച്ചതാണ് രേഖ. ഇത് പള്ളിയിലേക്ക് അഹമ്മദ് ഷാ ഉപ യോഗിക്കയാണ് ചെയ്തിരിക്കുന്നത്. അഹ മ്മദാബാദിൽ മാഹിംഷകമെന്ന ഗ്രാമം ഉണ്ട്.

സംവത് 1308 വർഷേ ദി 11 രവൌ അദ്യേ്യ ഹ മാഹിംസകേ മഹാരാജാധിരാജ ശ്രീമദ് വിശാലദേവവിജയരാജ്യേ തന്നിയുക്ത മഹാപ്രധാന രാണകശ്രീവർദ്ധമ. തഥാ മൂലരാജാ. വായീ സോഠലദേവീ .മസാ ഹണീ പേഥഢേന ശ്രീഉത്തരേശ്വരദേവമ ണ്ഡപേ ജാലീ കാരാപിതാ. ഉപദ്രഷ്ടാ രാ. മല്ലാ. സൂത്രം സൂമണാ വാ

വിശാലദേവന്റെ മഹാപ്രധാന രാണകശ്രീ വർദ്ധമനും മൂലരാജനുമാണ് ക്ഷേത്രനി ർമ്മിതിക്ക് നിയുക്തരായിരുന്നത്. സോദ്ദ ലാദേവിയുടെ മസാഹനി പേഥഢയാണ് ജാലി സമർപ്പിച്ചത്. പണിയുടെ മേൽനോട്ടം രാ(ജ)മല്ലൻ. സൂത്രകാരൻ (ശിൽപ്പി) സുമന ൻ. ഞായറാഴ്ചയാണ്. 11ആം തിയ്യതിയാ ണ്. മാസം എഴുതിയ ഭാഗം നഷ്ടമായിരി ക്കുന്നു. മഹാസഹാനി എന്നാൽ സൈര ന്ധ്രി. ബായി സോഠലദേവിയുടെ സൈര ന്ധ്രിയാണ്.പേഥഢ.

കുലോത്തുംഗചോളന്റെ 4 ലിഖിത ങ്ങൾഃ-

ചിദംബരം ലിഖിതം ഗ്രന്ഥലിപി.

സ്വസ്തിശ്രീ പാണ്ഡ്യാൻ ദണ്ഡേന ജിത്വാ പ്രചുരസാരമുച്ച്വാ പഞ്ചപഞ്ചാനനശ്രീ ദഗ്ദ്ധ്വാ കൊട്ടാരദുർഗ്ഗാൻതൃണാം ഇവ സ യഥാ ഖാണ്ഡവം പാണ്ഡുസൂനു .
പിഷ്ട്വാ തത് കേരളാനാം ബലം അതിബഹളം
ശ്രീകുലോത്തുംഗചോളചക്രേ ശക്രപ്രതാപ ത്രിഭുവനവിജയസ്തംഭം അംബോധിതീരേ പുണ്യേ സംഹ്യാദ്രിശൃഗേ ത്രിഭുവനവിജയ സ്തംഭം അംബോധിപാരേ സ്വഛന്ദം പാരസീനാൻ
തരുണയുവതിഭിർഗീയതേ യസ്യ കീർത്തി സ ശ്രീമാൻ അഷ്ടസത്രഃ പ്രബലബലഭരൈ പഞ്ചപാണ്ഡ്യാൻ വിജി ത്യ ക്ഷുഭ്യാത്ക്ഷ്മാപാലചക്രം സവിധികം
ആകരോശ്രീകുലോത്തുംഗചോള

5 പാണ്ഡ്യന്മാരെ ദണ്ഡിച്ച് നശിപ്പിച്ചു. അർജ്ജുനൻ ഖാണ്ഡവവനം കത്തിച്ചപോ ലെ അവരുടെ കൊട്ടാരങ്ങളെ എരിച്ചു. കേരളത്തിലെ മഹാസൈന്യത്തെ നശിപ്പി ച്ചു, ഗാംഭീര്യത്തിൽ സിംഹതുല്യനും വീര ത്തിൽ ശക്രതുല്യനുമായ കുലോത്തുംഗചോ ളൻ അവരുടെ സമുദ്രതീരത്ത് വിജയസ്തം ഭം നാട്ടി. ശത്രുക്കളെ എല്ലാം നശിപ്പിച്ച കുലോത്തുംഗചോളന്റെ പ്രശസ്തി സമുദ്ര തീരത്തെ പാരസീകദേശത്ത് പോലും തരു ണികളും യുവാക്കളും പാടുന്നു. ത്രിഭുവന ചക്രവർത്തിയായ അദ്ദേഹം സഹ്യാദ്രിശൃം ഗത്തിൽ നാട്ടിയ വിജയസ്തംഭം കണ്ട് രാജാ ക്കന്മാരുടം മണ്ഡലം (ക്ഷ്മാപാലചക്രം) മുഴുവനും ക്ഷുഭിതരായി (ഭയം കൊണ്ട്, ദേഷ്യം കൊണ്ട്)

തിരുവേങ്കാട് ലിഖിതം 39ആം വർഷം.

തഞ്ചാവൂരിലെ തിരുവേങ്കാട് ശ്വേതാരണ്യ ക്ഷേത്രം തെക്കേ


ചുമരിൽ, ഗ്രന്ഥലിപി, സ്രഗ്ദ്ധരാവൃത്തത്തിലുള്ള ഒരു സംസ്കൃത ശ്ലോകം.

സ്വസ്തിശ്രീ ആസേതോരാഹിമാദ്രേരവതി വസുമതീം ശ്രീകുലോത്തുംഗചോളേ നിസ്സീമാൻസ്തസ്മഹിമ്നോ ജഗതി വിതത യേ തൻ നവത്രിംശവർഷേ സംസ്കൃത്യായാർത്ഥം ഉർവ്വീൻദ്വിജകുല തിലകോ നിത്യദീപാന്ന്യദത്ത ശ്വേതാരണ്യേ ശിവായ ക്ഷിതിവിദിത മഹാദേവനാമ വിപശ്ചിത് . മംഗലം മഹാശ്രീ.

കുലോത്തുംഗ 1 രാമസേതു മുതൽ ഹിമാ ലയം വരെ ഭരിക്കുമ്പോൾ, 39ആം ഭരണ വർഷം, അദ്ദേഹത്തിന്റെ നിസ്സീമമായ മഹിമ ജഗത്തിൽ വ്യാപിപ്പിക്കാനായിട്ടും സംസ്കാരം വളരാനായിട്ടും , ഭൂമിയിലെ ദ്വിജകുലതിലകവും പണ്ഡിതനുമായ മഹാദേവൻ ശ്വേതാരണ്യത്തിലെ ശിവന്ന് നിത്യദീപം വെക്കാനുള്ള

നെയ്യ് സമർപ്പി ച്ചു. മംഗളവും മഹാശ്രീയും ഭവിക്കട്ടെ.

കുലോത്തുംഗകാലത്തു മലയാളം ലിപി നന്നായി മനസ്സിലാക്കാവുന്ന വിധം വിക സ്വരമാണ്. താഴെ കാണുക.



ചിദംബരം ലിഖിതം 44ആം വർഷം

ചിദംബരം നടരാജക്ഷേത്രത്തിന്റെ അകത്തേ പ്രാകാരത്തിന്റെ വടക്കേ ചുമരിന്റെ പുറം ഭാഗത്താണ് ലിഖിതം. ലിപി തമിഴ്.ഗദ്യവും പദ്യവും ഉണ്ട്.ജയധരന്റെ 44ആം വർഷം. കലിംഗത്തുപരണി ജയധരനെന്നത്

കുലോ ത്തുംഗചോളന്റെ നാമമാണെന്ന് പറയുന്നു ണ്ട്. എഡി 1114 മാർച്ച് 13 വെള്ളിയാഴ്ച യാണ് ലിഖിതം (പ്രൊ. കിൽബേൺ). ആദ്യഭാഗം തിരുച്ചിറ്റമ്പലത്തിന് കുന്തവൈ ആഴ്വാർ എന്ന കുലോത്തുംഗചോളന്റെ സ്വർണ്ണപ്പാത്രവും കണ്ണാടിയും നൽകി ക്ഷേത്രം സ്വർണ്ണം പൊതിഞ്ഞതും രണ്ടാം ഭാഗം കാംബോജരാജാവ് തനിക്ക് തന്ന രത്നം രാജേന്ദ്രചോളൻ ഗർഭഹത്തിന്റെ പുറത്തെ ചുമരിൽ പതിപ്പിച്ചതുമാണ് വിഷയം. രാജേന്ദ്രനെന്നും കുലോത്തുംഗനെ ന്നും പറയുന്നത് കുലോത്തുംഗചോള 1 നെ ത്തന്നെയാണെന്നും, രാജേന്ദ്രനെന്നാണ് കുലോത്തുംഗന്റെ നാമമെന്നും (കിരീടധാര ണത്തിനു മുമ്പ്) ഇവിടെ എപ്പിഗ്രാഫിക്ക ഇൻഡിക്കയിൽ ചൂണ്ടിക്കാട്ടുന്നു. അതേ സമയം കുലോത്തുംഗന്റെ അനിയത്തി കുന്തവൈയുടെ പിതാവ് കിഴക്കൻചാലൂക്യ രാജരാജ 1 ആണെന്നും പറഞ്ഞിരിക്കു ന്നു.

ഇവിടെ ചെറിയ ഒരു പിഴവ് തിരുത്തി വായിക്കേണ്ടതുണ്ട്. ചോളചരിത്രത്തിലെ മൂന്നു കുന്തവൈമാരിലുള്ള തെറ്റിദ്ധാരണ യാണ് ഈ തെറ്റിനു കാരണം.

കുന്തവൈ 1 ഭീമൻകുന്തവൈ. ചാലൂക്യഭീമ ന്റെ മകളും പരാന്തകന്റെ പത്നിയുമാണ്.

കുന്തവൈ 2 പരാന്തകസുന്ദരചോളന്റെ മകളും രാജരാജ 1, ആദിത്യകരികാല നെന്നിവരുടെ സഹോദരിയും വന്തിയത്തേ വനെന്ന രാജരാജനരേന്ദ്രന്റെ പത്നിയും.

കുന്തവൈ 3 രാജേന്ദ്രചോള 1 ന്റെ മകളും ചാലൂയവിമലാദിത്യന്റെ പത്നിയും. ഈ ലിഖിതത്തിലെ കുന്തവൈ രാജരാജന്റെ മകളാണെന്നും രാജേന്ദ്രന്റെ സഹോദരിയാ ഒണെന്നും പറയുന്നു. അതായത് രാജരാജ ചോള 1 ന്റെ മകളും രാജേന്ദ്ര 1 ന്റെ സഹോദ രിയുമായ , വന്നിയത്തേവനെന്ന

രാജരാജ നരേന്ദ്രന്റെ പത്നിയായ കുന്തവൈ 2 യാണ് ഇവിടെ പറഞ്ഞ കുന്തവൈ. അവർ ചാലൂ ക്യരാജരാജ 1 , രാജേന്ദ്രകുലോത്തുംഗ 1 രാജരാജമുമ്മുടിച്ചോളനെന്നെല്ലാം വിളിക്കു ന്ന വ്യക്തിയുടെ അമ്മയാണ് .

സ്വസ്തിശ്രീ ത്രിഭുവനചക്രവത്തികൾ ശ്രീ ശ്രീകുലോത്തുംഗചോളദേവർ തിരുത്തമൈ യാർ രാജരാജൻ കുന്തവൈ ആൾവാർ ആളുടൈയാർക്കു തണ്ണീർ അമുതു ചെയ്ക രുള ഇട്ടമിന്റം ഒന്റിനാൾ കുടിനർക്കൽ നിറൈ മധുരാന്തകൻ മാടൈയോടു ഒക്കും പൊൻ 50 പ ഐംപതിൻ കഴഞ്ചു നാനില ത്തൈ മുളുതാണ്ട ജയധരർക്കു നാൽപ്പത്തിനാലാണ്ടിർ മീനനിഗൾ ഞായി റ്റു വെള്ളി പെറ്റ ഉരോസനിനാള് ഇബദം പോനാൾ തേനിലവുപൊലിർതില്ലെ നായ കർ തൻകോയിലെല്ലാം ചെമ്പൊൻ മേയ്ന്താ ൾ. ഏനവരുംതൊളുതേറ്റും രാജരാജൻ കുന്തവൈ പൂവിന്തയാലേ.

തില്ലൈനായക ത്തേവർക്കു തിരുക്കണ്ണാടിയും ഇട്ടാർ. രാജേന്ദ്രചോളദേവർക്കു കാംബോസരാജൻ കാട്ടിയാകക്കട്ടിന കല്ലു ഇതു ഉടൈയാർ രാജേന്ദ്രചോളദേവർ തിരുവായ് മൊഴിന്ത രുളി ഉടൈയാർ തിരുച്ചിറ്റമ്പലമുടൈയാർ കോയിലിൽ മുൻ വൈത്തതു. ഇന്തക്കല്ലു തിരുവെതിരമ്പലത്തു തിരുക്കൽശാരത്തിൽ തിരുമുൻപട്ടിക്കു മേലൈപ്പട്ടിയിലേ വൈത്തതു.

രാജരാജന്റെ മകളും ലോകം മുഴുവനും ഭരിക്കുന്ന കുലോത്തുംഗചോളന്റെ സഹോ ദരിയുമെന്ന വാക്കോടു കൂടി രാജരാജൻ കുന്തവൈ എന്ന പേരുമുണ്ട്. കുലോത്തുംഗ ചോളനും രാജേന്ദ്രനും ഒന്നാണെന്നു വരി കിൽ , ഈ കുന്തവൈ കുന്തവ 2 ആണ്. രാജരാജൻ ചാലൂക്യരാജരാജനല്ല ചോള രാജരാജ 1 ആണ്. ഫൂട്ട്നോട്ടിൽ എപ്പിഗ്രാ ഫിക്ക പറയുന്നത് ഈ രണ്ട്

കുന്തവൈവെയും അല്ല എന്നാണ്. പുഷ്പം പോലെ സുന്ദരി യും സകലരാലും ആരാധിക്കപ്പെടുന്നവളും എന്ന വിഷേഷണം കുന്തവൈവെ 2 , കുന്തവൈവെ 3 ഇവർക്ക് ചേരും.

തിരുവൊറ്റിയൂർ ലിഖിതം 30ആം വർഷം

തിരുവൊറ്റിയൂർ ആദിപുരേശ്വരക്ഷേത്രം ഒന്നാം പ്രാകാരത്തിലെ വടക്കേ ചുമരിൽ. വസന്തതിലകത്തിൽ ഒരു സംസ്കൃതശ്ലോ കം. ഇവിടെയും ജയധരനെന്നാണ് രാജനാ മം.

ത്രിംശത്സമേ ജയധരസ്യതു വർത്തമാനേ ശ്രീജ്ഞാനമൂർത്തിസുകൃതിം മധുരാന്തകാ ഖ്യാ ആച്ചന്ദ്രം ആദിപുരവാസി മഹേശ്വ രായ പ്രാദാത് പ്രബദ്ധതിമിരൈകരിപും പ്രദീപം

ജയധരന്റെ 30ആം വർഷം ജ്ഞാനത്തിന്റെ മൂർത്തിയും സുകൃതിയുമായ മധുരാന്ത കനാണ് ,

ആദിപുരത്തെ മഹേശ്വരന്
ഇരുട്ടിന്റെ(അജ്ഞാനം) ശത്രുവായ
ദീപം വെക്കുന്നത്.
ജ്ഞാനമൂർത്തിയുടെ യശസ്സ്
ആചന്ദ്രതാരം നിലനിൽക്കാനാണ്
ഇത്.

ഈ ശ്ലോകം ആരാണെഴുതിയതെന്ന്
പറ യുന്നില്ല. മധുരാന്തകനെന്ന്
പേരുള്ള ഉത്ത മചോളനാവാനാണ്
സാദ്ധ്യത. അദ്ദേഹം കവിയും
പണ്ഡിതനുമായിരുന്നു. തിരു
വൊറ്റിയൂരിൽ അവസാനകാലം
സന്യാ സവൃത്തി സ്വീകരിച്ച്
ജീവിച്ചിരുന്നു. ആദിപുരത്തിന്റെ
തമിഴ് നാമം തിരുവൊറ്റി യൂർ.
രാജാദിത്യന്റെ അമ്മാമനും കേരള
ത്തിലെ രാജശേഖരപുത്രനും ആയ
വല്ലഭ രാജാവ്
ചതുരാനനപണ്ഡിതനാമത്തിൽ
ഇവിടെ സന്യാസം സ്വീകരിച്ചു.

ഗാന്ധാരാദിത്യപുത്രനായ ഇദ്ദേഹം
രാജരാ ജനുമുമ്പ് കുറച്ചുകാലം
ചോളസിംഹാസന ത്തിലിരുന്നിട്ടുണ്ട്.

മധുരാന്തക എന്ന് എഴു തിയ സ്വർണ്ണനാണ്യമാണ് മധുരാന്തകൻ മാട. അതിന്റെ തൂക്കം സ്റ്റാൻഡേഡായി ഉപ യോഗിച്ചിരുന്നു. രാജേന്ദ്ര 1 മധുരാന്തക എന്ന ബിരുദം ഉപയോഗിച്ചിരുന്നു. മക ൾക്ക് മധുരാന്തകി എന്ന് പേരും കൊടുത്തി രുന്നു.

മത്സ്യവംശത്തിലെ അർജ്ജുനന്റെ ദിബ്ബിഡ പ്ലേറ്റുകൾ:-

ശകം 1191 .വിശാഖപട്ടണം ജില്ല വീരവില്ലി താലൂക്ക്, ദിബ്ബിഡ അഗ്രഹാരം ഗ്രാമത്തി ൽനിന്ന് കിട്ടിയത്. 5 പ്ലേറ്റുകൾ. സീലിൽ പാണ്ഡ്യചിഹ്നമായ രണ്ട് മീനുകളാണ്. കിഴ ക്കൻ ചാലൂക്യ, തെലുഗു ലിപികളുടെ ഇട യിലുള്ള ലിപിയാണ്. ഭാഷ സംസ്കൃതം. അതിരുകള് പറയുന്നത് മാത്രം തെലുഗിലാ ണ്. ശകം 1191 വൈശാഖത്തിലെ അക്ഷയ തൃതീയ ശനിയാഴ്ച മത്സ്യവംശത്തിലെ അർജ്ജുനൻ തന്റെ പിതാവ് ജയന്തന്റെ

പുണ്യത്തിനായി , ജയന്തനാരായണ എന്ന് പേരിട്ട ദ്രുബ്ബിഡിഗ്രാമം ബ്രാഹ്മണനു ദാനം ചെയ്തു.
അർജ്ജുനന്റെ വംശാവലിഃ- വിഷ്ണു, ബ്രഹ്മാവ്, അ്ത്രി, കാശ്യപ, . ഈ വംശത്തിൽ നാരംഗനെന്ന മുനി പിറന്നു. ആകാശസഞ്ചാരിയായ അദ്ദേഹം മുകുന്ദ മലയിലെ മത്സ്യനദി കണ്ടു. അതിന്റെ തീര ത്ത് ഇറങ്ങി.അവിടെ തപസ്സ് ആരംഭിച്ചു. ഭയപ്പെട്ട ഇന്ദ്രൻ മഞ്ജുഘോഷ എന്ന അപ്സരസ്സിനെ അയച്ചു. മുനി അവളെ ശപിച്ച് മത്സ്യമാക്കി. മുനിയുടെ ശുക്ലം നദി യിൽ വീണത് ഭക്ഷിച്ച് അവൾക്ക് മകനു ണ്ടായി.
സത്യമാർത്താണ്ഡനെന്നാണ് അവ ന്നു പേർ. ഉത്ക്കലദേശ്തെ രാജാവ് ജയ ത്സേനൻ പുത്രി പ്രഭാവതിയെ അദ്ദേഹ ത്തിനു വിവാഹം കഴിച്ചുകൊടുത്ത് ഉഡ്ഡ വാടിദേശം ഭരിക്കാൻ ഏൽപ്പിച്ചു. ഇവരി ൽനിന്ന് മത്സ്യവംശം ഉണ്ടായി

ഭീമനും അനുജൻ ഗംഗനും , ഗംഗാപുത്രൻ വല്ലഭൻ, യുദ്ധമല്ലൻ,

ഗോനംഗ 1, ഭീമ 1, രേവന 1, കോക്കില്ല, ഗുഡ്ഡ 1, ആദിത്യ, കന്തി 1 ഇപ്രകാരം വംശം വളർന്നു. കന്തി 1 രണ്ടു മക്കൾ ഭീമ 2, രേവണ 2. രേവണ 2ന് രണ്ട് മക്കൾ, ഗോനംഗ 2, ഗുഡ്ഡ 2. ഗുഡ്ഡ 2വിന് കന്തി 2. അദ്ദേഹത്തിന് ആര്യ. ആര്യന് പരഗന്ധ. പരഗന്ധന് ഗുഡ്ഡ 3 ഭീമ 3 . ഭീമ 3ക്ക് നൃസിംഹ, നൃസിംഹന് മാങ്കാദിത്യ, അദ്ദേ ഹത്തിന് ഭീമ 4, ജയന്ത. ജയന്തൻ ചിങ്കമാം ബയെ വിവാഹം കഴിച്ചു. അവരുടെ മക നാണ് അർജ്ജുനൻ.

ദാനം ചെയ്ത ഗ്രാമത്തിന്റെ 2 ഭാഗം ഹരി ക്കും ഹരനുമുള്ളതാണ്. ഓരോ ഭാഗം വീതം 20 ബ്രാഹ്മണർക്കാണ്. രാജ പുരോ ഹിതൻ വാമദേവൻ ഭരജ്വാജഗോത്രം സോമയാജിയാണ്. ഹാരീതഗോത്രത്തിലെ വിദ്ദണനും മേരുബ്രഹ്മനും ഋഗ്വേദം പഠി പ്പിക്കുന്നു. കൌണ്ഡിന്യഗോത്രം നാമനൻ, ശാലാവതഗോത്രം വെണ്ണകുട്ടൻ, വാധൂല ഗോത്രം പോതശർമ്മൻ, മുദ്ഗലഗോത്രം രേമണൻ, ഭരദ്വാജഗോത്രം

ധൊമ്മണൻ, ഹാരീതഗോത്രത്തിലെ
വെണ്ണക്കുട്ടനി ൽനിന്ന് ഋഗേ്വദം
പഠിക്കുന്ന വിദ്യാർത്ഥി കൾ,
ശാലാവതഗോത്രത്തിലെ
മാനശർമ്മൻ,
കൌണ്ഡിന്യഗോത്രത്തിലെ യജ്ഞാമൂ
ർത്ത്യാര്യൻ.

യജുർവ്വേദം പഠിപ്പിക്കുന്നവർഃ-
വത്സഗോ ത്രം അക്കോണ്ടി,
ഭരദ്വാജഗോത്രം ഭീമേശ്വ രാര്യ,
കൌണ്ഡിന്യഗോത്രം ശ്രീരംഗാര്യ,
ഗൌതമഗോത്രം വീരഭദ്രേശ്വരാര്യ,
കാശ്യ പഗോത്രം ലോകനാഥ,
മുദ്ഗലഗോത്രത്തി ലെ
രാഘവന്റെയും,
ഗൌതമഗോത്രത്തിലെ
പുരുഷോത്തമന്റെയും കീഴിൽ
യജുർവ്വേദം അഭ്യസിക്കുന്ന
വിദ്യാർത്ഥികൾ, യജു ർവ്വേദത്തിലെ
കാണ്വശാഖ പഠിക്കുന്ന
ജാതുകർണ്ണഗോത്രത്തിലെ മാധവാര്യ,
ശ്രീഭാഗവതപുരാണം പഠിക്കുന്ന
ഹാരീത ഗോത്രത്തിലെ മംഗണാര്യൻ,
ഇപ്രകാരം പഠിക്കുന്നവർക്കും

പഠിപ്പിക്കുന്നവർക്കും ദാനം.കരം ഒഴിവാണ്. ആശാരി,തട്ടാൻ, കരുവാൻ, മുടി വെട്ടുന്നവർ, കുശവൻ, എള്ളാട്ടുന്നവർ, മുതലായവരുടെ സേവനം ലഭിക്കുന്നതിന് പണം വേണ്ട. നേരത്തേ മന്ത്രി പെദ്ദണന് കൊടുത്ത 8 ദ്രോണം ഇതി ൽനിന്ന് ഒഴിവാണ്

ഗ്രാമാതിർത്തികൾഃ കിഴക്ക് മണിനായകം തടാകത്തിന്റെ വടക്കുള്ള ബാബുൽമരം, അതിനു തെക്കുകിഴക്ക് ഒരു വീടും അതിന പ്പുറം കാകതിക്കണ്ടിയും. അതിനപ്പുറം നിംബവൃക്ഷം. പിന്നെ എദ്രബന്ധതടാകം. പിന്നെ ചിതൽപ്പുറ്റും അതിനപ്പുറം താഴ്ന്ന ജാതിക്കാരുടെ കുളക്കടവ്.

തെക്കുകിഴക്കേ അതിർത്തിയിൽ കല്ല് നാട്ടി യിട്ടുണ്ട്.അതിനു പടിഞ്ഞാറ് തൂരൂരിലെ പുളിമരക്കാട്. പിന്നെ അമ്പലത്തിന്റെ ഇഷ്ടികകൾ, തെക്കുപടിഞ്ഞാറ് വിഷവൃ ക്ഷത്തിനു പടിഞ്ഞാറ് വെളുത്തുള്ളി


വയ ലാണ്. പിന്നെ ഒരു ഇഷ്ടികവീട്. പിന്നെ വിഷവൃക്ഷത്തിനും വേറെ ഒരു വൃക്ഷത്തി നുമിടയിലായി കുറച്ച് സ്ഥലം. പിന്നെ ബി ലവവൃക്ഷം, അനുപുമാലിയിലെ പുളിമര ങ്ങൾ. പിന്നെ ബൊഡ്ഡപാഡുവിന് തെക്കേ പച്ചവയൽ. പിന്നെ ചിതൽപുറ്റിനപ്പുറം 3 പുളിമരം. പിന്നെ ചെറിയ പനമരം, ചിത ൽപുറ്റിനു മുകളിലെ കല്ല്.

വടക്കുപടിഞ്ഞാറ് കുന്നിനു മുകളിലെ കല്ല്. അതിനു കിഴക്ക് അരകല്ല്. അതിനപ്പുറം കുടിലും പാറയും. അതിനപ്പുറം സ്വർണ്ണപു ഷ്പി മരം. പിന്നെ ക്ഷീരമരം. ചിതൽപുറ്റ്, പഴയ സ്ഥാവരമായ കല്ലിനപ്പുറം ചിത ൽപുറ്റ്. .ഗ്രാമത്തിനു വടക്കുകിഴക്ക് പഴയ കല്ല് ഉണ്ട്. ദ്രുബ്ബിഡി ഇപ്പോഴത്തെ ദിബ്ബിഡ അഗ്രഹാരമാണ്.

കിഴക്കൻ ചാലൂക്യ വിഷ്ണുവർദ്ധന 1 ന്റെ ചാപ്പുരപ്പള്ളേ (വിശാഖപട്ടണം) പ്ലേറ്റിൽ വരി 19ൽ മത്സ്യവംശം പറയുന്നതിനാൽ എഡി 632ൽ ഈ

വംശംഉണ്ട്. അർജ്ജുനന്റെ ലിഖിതം എഡി 1269 ഏപ്രിൽ 8 നാണ്.

Dibbida Plates of Arjuna of the Matsya Family.—Saka-Samvat 1191.



ഗോവിന്ദപാലന്റെയും അമ്മ രാൽഹനദേവിയുടേയും പാലി പ്ലേറ്റുകൾ വിക്രമസംവത് 1189

ഗോരക്പൂരിലെ ബൻഗാവോൻ തഹസിൽ ദുരി യാപാർ ഫർഗാനയിലെ പാലിഗ്രാമത്തിൽ നിന്ന് ◌ുകിട്ടിയത്. 2 എണ്ണം . വൃത്തസീലിൽ ശ്രീമദ് ഗോ വിന്ദചന്ദ്രദേവ എന്ന് നാഗരിയിലുണ്ട്. അതിന്നു മുകളിലായി വലത്തോട്ട് തിരിഞ്ഞ്, ഇരിക്കുന്ന ഗരുഡൻ. ലിപിക്ക് താഴെ ശംഖും ഉണ്ട്. സംസ്കൃതമാണ് ഭാഷ. ബ എന്നതിനു പകരം വ ആണ് ഉപയോഗിക്കുന്നത്. ദന്ത്യത്തിനു പകരം താലവ്യവും മറിച്ചും ഉപയോഗിക്കുന്നു.

പരമഭട്ടാരക പരമേശ്വര മഹാരാജാദിരാജ ◌ുദ്ഗലഗോത്രം ത്രിപ്രവരം (ഗോവിന്ദചന്ദ്രനാണ് സ്വപ്നേശ്വരന്റെ സതി ഘട്ടത്തിൽ സ്നാനം ചെയ്ത്, വൈശാഖശുക്ല പക്ഷത്തിലെ അക്ഷയ തൃതീയക്ക് അമ്മയായ മഹാറാണി രാൽഹണാ ദേവിക്ക് 10 നാളുക ഭൂമി ഗുഡുവി ഗ്രാമത്തിൽ കൊടുക്കുന്നത്. ഓണവല പഥകത്തിൽ ഗോയര പട്ടാലത്തിലാണ് ഈ ഗ്രാമം. താക്കൂറ ജയപാല ശർമ്മന് ദാനം ചെയ്യാനാണിത്.

അദ്ദേഹം മുദ്ഗ ലഗോത്രം ത്രിപ്രവരം (മൌദ്ഗല്യ, അംഗിരസ, ബ്രഹ്മ്യാശ്വ) താക്കൂറ പേവലഹന്റെ പൌത്രനും താക്കൂറ ഇന്ദ്രാദിത്യന്റെ പുത്രനുമാണ്. ഭാഗഭോ ഗകരവും പ്രവണികരവുമുണ്ട്. 1189 ജ്യേഷ്ഠകൃ ഷ്ണാഷ്ടമി ശനിയാഴ്ച താക്കൂറ വിഷ്ണുവാണ് ലിഖിതം എഴുതിവെച്ചത്. ഏപ്രിൽ 9 എഡി 1133 നാണ് അക്ഷയതൃതീയ . 400 ഹസ്തം ആണ് ഒരു നാളുക.

ഗോവിന്ദപാലന്റെ മച്ചിലീശ്വരപ്ലേറ്റ് (വിക്രമ 1201)

ഒരു പ്ലേറ്റ്. വടക്കുപടിഞ്ഞാറൻ പ്രവിശ്യയിലെ ജോൺപൂർ ജില്ല , മച്ചിലീശ്വർ(ഗ്രിസ്വാ)നിന്ന് 7 മൈൽ വടക്കുനിന്ന് കിട്ടി. വൃത്തസീലിൽ മുമ്പി ലെ ലിഖിതത്തിലുള്ള അതേ ചിഹ്നം. നാഗരി ലി പി. സംസ്കൃതഭാഷ. തെക്കേ ഭാഷകളിലെ പോ ലെ ബ ക്ക് വ ഉപയോഗിക്കുന്നു. വൈശാഖശുക്ല അക്ഷയതൃതീയ, തിങ്കളാഴ്ച കാശിയിലെ ഗംഗാ ഘട്ടത്തിൽ കുളിച്ച് മഹസോയപട്ടലത്തിലെ പേരോഹ പണ്ഡിതവംശധരശർമ്മന് ദാനം ചെയ്തു. കശ്യപഗോത്രം ത്രിപ്രവരം (കശ്യപ,

ആവത്സര, നൈധ്രുവ) ഭരതപണ്ഡിതപൌത്രനും, പണ്ഡിതപത്മനാഭന്റെ പുത്രനുമാണ്. ഭാഗഭോഗ കരം ,പ്രവണികരം, തുരുഷ്കദണ്ഡം ഇവ പറ യുന്നുണ്ട്. എഴുതിയത് കായസ്ഥൻ ദന്തൂകൻ. (എഡി 1146 ഏപ്രിൽ 15 തിങ്കളാഴ്ച.)

ഗോവിന്ദചന്ദ്രന്റെയും രാജ്ഞി ഗോ സലദേവിയുടേയും ബംഗാവൻ പ്ലേറ്റ് വിക്രമ സംവത് 1208.

ഔഡിലെ ബാരാബങ്കി തഹ്സീൽ രാംസനേഹി ഘട്ട് ദര്യാബാദ് പർഗ്ഗാന ബംഗാവൻ ഗ്രാമത്തി ൽനിന്ന് കിട്ടിയത്. ഒരു പ്ലേറ്റ്. സീൽ നേരത്തേ പറഞ്ഞതുപോലെ. നാഗരി ലിപി. സംസ്കൃത ഭാഷ. ബ, വ ഇവ മാറ്റി ഉപയോഗിക്കുന്നു. യക്ക് പകരം ജ ഉപയോഗിക്കുന്നു. ഉദാഹരണം പര്യ ന്തം എന്നതിന് പർജന്തം. ചൊവ്വാഴ്ച കാർത്തി കപൌർണ്ണമി പട്ടമഹാരാജ്ഞി ഗോസലാദേവി കാശിയിൽ ലോലാർക്കക്ഷേത്രസമീപത്തെ ഘട്ട ത്തിൽ സ്നാനം ചെയ്ത് ഭീമമയൂതാസപട്ടലത്തി ലെ ഗദ്യാരഗ്രാമം ,

താക്കൂറ അനന്തശർമ്മന് ദാനം ചെയ്തു. വസിഷ്ഠഗോത്രം ഛാന്ദോഗ്യശാ ഖ (സാമം) താക്കൂറ കുൽഹേയുടെ പൌത്രനും താക്കൂറ ....ന്റെ പുത്രനും ആയ ഇദ്ദേഹം പാടലീപുത്രത്തിൽനിന്ന് വന്നവനാണ്. ഭാഗഭോ ഗകരവും പ്രവണികാകരവും പറയുന്നുണ്ട്. (എഡി 1151 ഒക്ടോബർ 2).


കിഴക്കൻ ചാലൂക്യരുടെ 6 താമ്രപത്ര ലിഖിതങ്ങൾഃ-

1 എഡി (799-83) വിജയാദിത്യ 2 എഡേരു പ്ലേറ്റുകൾ

കൃഷ്ണജില്ലയിലെ നുഴിവീടു സെമീന്ദാരി യിലെ എഡേരുഗ്രാമത്തിൽനിന്ന് കിട്ടി. 3 പ്ലേറ്റ് സീൽ എലിപ്റ്റിക്കലാണ്. ശ്രീ ത്രിഭുവ നാങ്കുശ എന്നാണ് അതിലുള്ളത്. താഴെ വിരിഞ്ഞ താമരയും മേലെ സൂര്യനും ചന്ദ്ര ക്കലയും. തെക്കൻലിപിയാണ്. എഡി 632 ലെ വിഷ്ണുവർദ്ധന 1 ന്റെ ചിപ്പുരപ്പള്ളി

ലിഖിതത്തിലുള്ളപോലെയാണ് ബകാരം. ചതുരത്തിലുള്ള ബകാരം പടിഞ്ഞാറൻ കിഴക്കൻ ചാലൂക്യരും ഗംഗരും (വിക്ര മേന്ദ്രവർമ്മ 2 ചിക്കുലി പ്ലേറ്റിൽ ഇതാണു ള്ളത്.) ഉപയോഗിക്കുന്നുണ്ട്. പൃഥീമല്ലന്റെ ഗോദാവരിപ്ലേറ്റിലും ഉണ്ട്. സംസ്കൃതഭാഷ. അവസാനത്തെ 3 ശ്ലോകം ഒവികെ ഗദ്യമാണ്. 15ആം വരിയിൽ രാഷ്ട്ര കൂടക എന്നതിന് പകരം കൂടകമെന്നേ ഉള്ളു. ദ്രാവിഡിയൻ ളകാരം ഉപയോഗിച്ച പദങ്ങൾ- കളധൌത, ചാളൂക്യാനാം, പള്ള ഭട്ടാരകായാ, ബോളരേന്ദുവടി. നരേന്ദ്രമൃഗരാജനെന്ന വിജയാദിത്യ 2 ന്റെ ലിഖിതമാണ്. വിഷ്ണുവർദ്ധന 4ആമന്റെ മകനും വിക്രമരാമന്റെ (വിജയാദിത്യ 1) പൌത്രനുമാണ് ഇദ്ദേഹം. സൂര്യഗ്രഹണ ത്തിന് മിനമിനിനിവാസിയായ പള്ളഭട്ടാരകന് കണ്ടെരുവാടിവിഷയത്തിലെ വന്ദുരു പിതേയഗ്രാമം കൊടുത്തു.

ആജ്ഞാപ്തി (ദൂതക) ബോളമനാണ്.



മാണവീയഗോത്രം
ഹാരീതപുത്രചാലൂക്യ വംശം
വിക്രമരാമപൌത്രൻ, മഹാരാജാ
വിഷ്ണുവർദ്ധനപുത്രൻ,
സകലഭുവനത്തി നും ആശ്രയം
മഹാരാജാധിരാജ പരമേശ്വര ഭട്ടാരക
വിജയാദിത്യൻ വിഷ്ണുവെപ്പോ ലെ
വിജയസിദ്ധിയായ മഹാരാജാവ് കണ്ട
രുവാടി വിഷയത്തിലെ


വന്തെരുപിതേയ ഗ്രാമത്തിലെ
കൂടകത്താൽ നയിക്കപ്പെടുന്ന
കൃഷിക്കാരോട് ആജ്ഞാപിക്കുന്നു. 12
ഖണ്ഡിക കോദ്രവധാന്യം
വിതക്കാവുന്ന വയലും ഒരു ഗൃഹവും
നാം ഈ ഗ്രാമത്തി ൽ കരമൊഴിവായി
കശ്യപഗോത്രം ആപ സ്തംഭസൂത്രം
തൈത്തിരീയശാഖ, ത്രിവേദി
ദോണശർമ്മന്റെ മകനും ത്രിവേദി
തുർഗ്ഗശ ർമ്മന്റെ പൌത്രനുമായ
മിനമിനിസ്വദേശി
പള്ളഭട്ടാരകബ്രാഹ്മണന്
കൊടുത്തിരിക്കു ന്നു.
അതിർത്തികൾഃ- കിഴക്ക് കൊററപ്പരു,
തെക്ക് കുളം, പടിഞ്ഞാറ് രമാതി,
വടക്ക് രെണ്ടുവാടിയും
ബോളരേന്ദുവാടിയും.

2 എഡി 844-888 വിജയാദിത്യ 3
മസൂലിപ ട്ടണം പ്ലേറ്റ് . 5 പ്ലേറ്റ്. സീലിൽ
വരാഹം, ത്രിഭവനാങ്കുശ എന്ന്
ലിഖിതം. 258 രൂപയു ടെ ഭാരമുള്ള
സീലാണ്.

വിഷ്ണുവർദ്ധന 5 ന്റെ പുത്രൻ വിജയാദി ത്യ 3 ഗുണകന്റെ ലിഖിതമാണ്. വിഷ്ണുവ ർദ്ധന 5 വിജയാദിത്യ 2 നരേന്ദ്രമൃഗരാജാ എന്ന ചാലൂക്യഅർജ്ജുനനാണ്. മങ്കിയെന്ന ശത്രുവിനെ പരാജയപ്പെടുത്താനുള്ള ഉപാ യം പറഞ്ഞുകൊടുത്തതിന് ചന്ദ്രഗ്രഹണ ത്തിൻനാൾ ഗുദ്രവാരവിഷയത്തിലെ ത്രന്ത പാരുഗ്രാമം അദ്ദേഹം ദാമോദരശർമ്മ പുത്രനും ദുർഗ്ഗശർമ്മപൌത്രനും ഉർപു ത്തൂരുകാരനുമായ വിനയദിശർമ്മന് കൊ ടുത്തു. ആജ്ഞാപ്തി പാണ്ഡരംഗനായിരു ന്നു. അദ്ദേഹത്തിന്റെ പൌത്രനാണ് ഈ ലി ഖിതം എഴുതിയ കാട്ടയ്യൻ. ചാലൂക്യഅർജ്ജുനനെന്ന വിജയാദിത്യൻ ഗംഗാവംശത്തിന്റെ അന്തകനെന്ന് പറഞ്ഞി രിക്കുന്നു. അദ്ദേഹത്തിന്റെ മകൻ മഹാരാ ജാ വിഷ്ണുവർദ്ധനൻ. അദ്ദേഹത്തിന്റെ മകനാണ് ഈ ലിഖിതത്തിലെ വിജയാദി ത്യൻ. ഇദ്ദേഹമാണ് മംഗിരാജനെ വധിച്ചത്.

കിഴക്ക് അംഗലൂരു, പടിഞ്ഞാറ് വേൽപൂ രു ,

B.—Masulipatam (?) Plates of Vijayaditya III



വടക്ക് ചവിതപ്പൂരു ആണ്ഗ്രാമാതിർത്തി. ആജ്ഞാപ്തി പാണ്ഡുരംഗൻ യുദ്ധത്തിൽ ബീഭത്സുവേക്കാളും വീരനെന്നും പറയു ന്നു. ഈശാനപൌത്രനും

മാധവപുത്രനും ആയ തട്ടാന്മാരിൽ ശ്രേഷ്ഠനായ കാട്ടയ്യനാ ണ് ലിഖിതം കൊത്തിയത്.

3 എഡി 888-818 ചാലൂക്യഭീമ ബെസവാഡ പ്ലേറ്റ്

കൃഷ്ണജില്ല ബെസവാഡ ഖനനസ്ഥലത്തു നിന്ന് കിട്ടി. 5 താമ്രപത്രം. ആദ്യപ്ലേറ്റിന്റെ മുകളിൽ വലത്തുനിന്ന് ഇടത്തോട്ട് ശംഖ്, സൂര്യൻ, ഗദ ഇവ ആലേഖനം ചെയ്തിട്ടു ണ്ട്. 5ആം പ്ലേറ്റിന്റെ രണ്ടാം ഭാഗത്ത് അവ സാനം ശ്രീ സർവ്വലോകാശ്രയശ്രീ വിഷ്ണു വർദ്ധനമഹാരാ എന്നുണ്ട്. വൃത്താകൃതി യുള്ള സീലിൽ ശ്രീത്രിഭുവനാങ്കുശ എന്നാ ണ്. അതിന്നുതാഴെ പുഷ്പവും മേലേ ഇട ത്തോട്ട് തിരിഞ്ഞിരിക്കുന്ന വരാഹവും. അതിന്ന് ഇരുവശം സൂര്യനും ചന്ദ്രക്കല യും. പിന്നിൽ അങ്കുശവും. തെക്കൻലിപി സംസ്കൃതഭാഷ. ഇടക്കിടെ

തെലുഗുപദങ്ങ ളുമുണ്ട്. 7 ശ്ലോകം ഒഴികെ മറ്റെല്ലാം ഗദ്യ മാണ്.

ചാലൂക്യഭീമ എന്ന് വിളിക്കുന്ന കിഴക്ക ൻചാലൂക്യ ഭീമ 1 വിഷ്ണുവർദ്ധനന്റെ ലിഖിതമാണ്. പട്ടബന്ധസമയത്ത് (കിരീട ധാരണം) അദ്ദേഹം ഉത്തരകണ്ടേരുവാടി വിഷയത്തിലെ കൂകിപ്പറ്റുഗ്രാമം ക്രമപാഠം പഠിക്കുന്ന പോതയ്യനെന്ന വിദ്യാർത്ഥിക്ക് ദാനം ചെയ്തു. ദ്രോണഭട്ടന്റെ മകനും രേവ മയ്യന്റെ പൌത്രനുമാണ് കൌണ്ഡിന്യഗോ ത്രത്തിലെ പോതമയ്യ. പോതമയ്യന്റെ അഛ ന്റെ അഛൻ ഉമ്മരക്കന്തിബോലിൽ നിന്ന് വന്നതാണ്. പാണ്ഡുരംഗന്റെ പൌത്രൻ കടേയരായനാണ് ആജ്ഞാപ്തി. എഴുതി യത് കൊണ്ടാചാര്യൻ. ചാലൂക്യവംശാ വലിയും ഓരോരുത്തരുടെയും ഭരണ വർഷവും ഈ ലിഖിതത്തിലുണ്ട്.

**സത്യാശ്രയവല്ലഭേന്ദ്രന്റെ ഭ്രാതാവ്
കുബ്ജ വിഷ്ണുവർദ്ധനൻ
അഷ്ടാദശവർഷം (18)**

**പുത്രൻ ജയസിംഹവല്ലഭൻ
ത്രയത്രിംശദ്വ ർഷം 33**

**അദ്ദേഹത്തിന്റെ അനുജൻ
ഇന്ദ്രഭട്ടാരകന്റെ മകൻ
വിഷ്ണുവർദ്ധനൻ 9 വർഷം**

പുത്രൻ മംഗിയുവരാജാ 25 വർഷം

പുത്രൻ ജയസിംഹൻ 13 വർഷം

**അദ്ദേഹത്തിന്റെ ദ്വൈമാതുരാനുജൻ
(മറ്റൊ രമ്മയിലുണ്ടായ അനുജൻ)
കോക്കിള്ളി 6 മാസം.**

**കോക്കിള്ളിയുടെ ജ്യേഷ്ഠഭ്രാതാ വിഷ്ണു
വർദ്ധന സപ്തത്രിംശദ് വർഷം 37**

**അദ്ദേഹത്തിന്റെ പുത്രൻ
വിജയാദിത്യഭട്ടാര കൻ 18 വർഷം**

**ഔരസപുത്രൻ വിഷ്ണുരാജാ
ഷഢ്ത്രിംശദ് വർഷം 36**

**മകൻ വിജയാദത്യൻ
ചത്വാരിംശവർഷം 40 വർഷം കൊണ്ട്**

108 (ശിവക്ഷേത്രം) നരേ ന്ദ്രേശ്വരകാരക(പണിതു) അഷ്ടോത്തരശതം

മകൻ കലിവിഷ്ണുവർദ്ധനൻ ഒന്നരവ ർഷം.

മകൻ വിജയാദിത്യ ചത്വാരിംശവർഷം 41 വർഷം

ഭ്രാതാ യുവരാജ വിക്രമാദിത്യപുത്രഭീമൻ ശ്രീജയധാമഭീമൻ.(ഭരിക്കുന്നു.)

ചാലൂക്യഭീമനുമുമ്പ് 250 വർഷത്തോളം ഭരിച്ച പരമ്പര തന്നിരിക്കുന്നു.

അതിർത്തികൾഃ കിഴക്ക് പോതാര്യൻഗരി ചെരിവ് തടാകം തെക്കുപടിഞ്ഞാറ് അതിർത്തിരേഖ, കിഴക്ക് പരുവുലഗുണ്ട തടാകം ,തെക്ക് ചാക്കിച്ചെരിവ് തടാകം പടിഞ്ഞാറ് ചിന്തരേനിച്ചെരിവ് തടാകം, വടക്കുപടിഞ്ഞാറ് ജുവ്വിഗുണ്ട തടാകം, വടക്കും വടക്കുകിഴക്കും ഐരിവീയഗുണ്ട തടാകം.

4 അമ്മ 1 മസൂലിപട്ടണം പ്ലേറ്റ് (എഡി 918-925)

3 പ്ലേറ്റ്. ശ്രീ ത്രിഭുവനാങ്കുശ എന്ന് എഴുതി യ വൃത്തസീൽ. താഴെ പുഷ്പം മുകളിൽ വലത്തോട്ട് തിരിഞ്ഞിരിക്കുന്ന വരാഹം. അതിന്നുമുകളിൽ അങ്കുശവും ചന്ദ്രനും. തെക്കൻലിപി, സംസ്കൃതഭാഷ. കിഴക്ക ൻചാലൂക്യഅമ്മരാജ(1)വിഷ്ണുവർദ്ധന ന്റെ ലിഖിതം.പെണ്ണാതവാടിവിഷയത്തി ലെ ദ്രുജ്ജൂരുഗ്രാമം മഹാകാലനെന്ന സൈന്യാ ധിപന് നൽകുന്നു. തന്റെ പിതാവിന്റെ പിതാ വായ ചാലൂക്യഭീമ(1)ന്റെ വളർത്തമ്മയുടെ പുത്രിയുടെ(സഹോദരി) മകനാണ് മഹാ കാലൻ. കൃഷ്ണജില്ലയിലെ നന്ദിഗ്രാമം താലൂക്കിലാണ് ജുജ്ജൂരുഗ്രാമം.

നിരുപമനായ ഭീമൻവരെ വംശാവലി നേരത്തേ പറഞ്ഞു. ഭീമൻ 30 വർഷം ഭരിച്ചതായി ഈ ലിഖിതം പറയുന്നു.

അദ്ദേഹത്തിന്റെ മകൻ വിജയാദിത്യൻ വെങ്കിമണ്ഡലവും ത്രികലിംഗവനവും 6 മാസം ഭരിച്ചു. അദ്ദേഹത്തിന്റെ മകനാണ് അമ്മരാജാ 1.

ചാലൂക്യഭീമനെ വളർത്തിയത് നാഗവംശ ത്തിലെ നാഗിപോറ്റിയാണ്. ഭൂമിയെപ്പോ ലെ ക്ഷമയുള്ളവളാണ് അവർ. അവരുടെ മകൾ ഗാമകാംബ അംബികയെപ്പോലെ ഉള്ളവളാണ്. അവളും ഭീമനും ഒരേ അമ്മ യുടെ പാലുകുടിച്ചു വളർന്നു. അംബികക്ക് കുമാരനെപ്പോലെ അവൾക്ക് ജനിച്ച മഹാ കാലൻ ഭീമന്റെ സേനാധിപനായി. അദ്ദേഹത്തിനാണ് ദാനം. അതിരുകൾഃ-കിഴക്ക് താലുഗുമ്മിയുടെ അതിർത്തിരേഖ. തെക്ക് ഗൊട്ടിപ്രൊലുവിന്റെ അതിർത്തിരേ ഖ. പടിഞ്ഞാറ് മൽക്കപോറാമുവിന്റെ അതിർത്തിരേഖ. വടക്ക് ആഡൂപുവിന്റെ അതിർത്തിരേഖ.

5. മസൂലിപട്ടണം പ്ലേറ്റ് ചാലൂക്യഭീമ 2 (എഡി 934-945)

3 പ്ലേറ്റ്. വൃത്തസീലിൽ ശ്രീത്രിഭുവനാങ്കുശ എന്ന് ലേഖനം ചെയ്തിട്ടുണ്ട്. മുകളിൽ സൂര്യചന്ദ്രന്മാരും 2 ചാമരവും അങ്കുശവും ഇടത്തോട്ട് ചെരിഞ്ഞ് നിൽക്കുന്ന വരാഹ വും . താഴെ ശംഖും താമരയും. തെക്കൻ ലിപി. സംസ്കൃതഭാഷ. അതിർത്തിവിവര ണത്തിൽ തെലുഗുപദങ്ങളുണ്ട്. 12 ശ്ലോകം. ബാക്കി ഗദ്യം.

വിജയാദിത്യ, മേലാംബമാരുടെ മകനാണ് ചാലൂക്യഭീമ 2 വിഷ്ണുവർദ്ധന. ഉത്തരാ യനകാലത്ത് ഗുദ്രവാരവിഷയത്തിലെ ആകുലമന്നാണ്ട് ഗ്രാമം ക്രമപാഠം പഠിക്കു ന്ന വിദ്ദമയ്യന് നൽകി. വങ്കിപ്പറ്റിലെ നിവാ സിയും ക്രമപാഠം പഠിച്ചവനുമായ ത്യാക്കീ യന്റെ പൌത്രനും സോമയാജി മാധവന്റെ മകനുമാണ് വിദ്ദമയ്യ. ഗൌതമഗോത്രം. ചാലൂക്യഭീമ 2 വിന്റെ പാഗനവരം ദാന വും വിദ്ദമയ്യക്കാണ് കൊടുത്തിരിക്കുന്നത്. എന്നാൽ

അഛന്റെ പേര് ത്യാക്കീയനെന്നല്ല, തുർക്കാമ എന്നാണ് .

ഇവിടെ കലിവിഷ്ണുവർദ്ധനപുത്രനായ വിജയാദിത്യഗുണക 44 വർഷമാണ് ഭരിച്ച തെന്ന് പറയുന്നു (41 അല്ല). അനുജനായ യുവരാജ വിക്രമാദിത്യന്റെ മകൻ ചാലൂ ക്യഭീമ 1 മുപ്പതു വർഷം. മകൻ വിജയാദി ത്യൻ 6 മാസം. അദ്ദേഹത്തിന്റെ മൂത്തമകൻ അമ്മരാജാ 1 വർഷം. അദ്ദേഹത്തിന്റെ മകൻ വിജയാദിത്യ നന്നെ കുട്ടിയാവുമ്പോ ൾതന്നെ കണ്ഠാഭരണവും കിരീടവും അണി ഞ്ഞു, നിഷ്കാസിതനായി ഒരു മാസമേ രാജാവായിരുന്നുള്ളു പിന്നെ ചാലൂക്യഭീമ ന്റെ മകൻ വിക്രമാദിത്യദേവ 11 മാസം ഭരിച്ചു.

കിഴക്കും തെക്കും വലിയ നദികളാണ്. പടിഞ്ഞാറ് ക്രാങ്കതവ്വാ അതിർത്തി. വടക്കും അതുതന്നെ.

6 മസൂലിപട്ടണം പ്ലേറ്റ് അമ്മ 2 (എഡി 945-970)

3 പ്ലേറ്റ്. വൃത്തസീലിൽ ശ്രീത്രിഭുവനാശ്രയ. മുകളിൽ

വലത്തോട്ട് തിരിഞ്ഞ് നിൽക്കുന്ന വരാഹം, മുകളിൽ സൂര്യൻ, വരാഹത്തി നു മുന്നിൽ ശംഖും അതിനു മുകളിൽ ചന്ദ്ര ക്കലയും. വരാഹത്തിനു പിന്നിൽ അങ്കുശം, ലിഖിതത്തിനു താഴെ പുഷ്പം. തെക്കൻലി പി. സംസ്കൃതഭാഷ. അതിർത്തി പറയു മ്പോൾ ധാരാളം തെലുഗുപദങ്ങളുണ്ട്. കിഴക്കൻചാലൂക്യഅമ്മരാജാ 2 വിജയാദി ത്യന്റെ ലിഖിതമാണ്. രാജമഹേന്ദ്രനെന്നും പേരുണ്ട്. ഗുദ്ധ്രവാരവിഷയത്തിലെ പാംബ റ്റു ഗ്രാമത്തിലെ വയലുകൾ ബൊഡ്ഡിയ എന്ന് വിളിക്കുന്ന യുവരാജാ ബല്ലാലദേവ വേലഭട്ടന് അദ്ദേഹം ദാനം ചെയ്തു. പട്ടവർദ്ധിനിവംശത്തിലെ പമ്മവയുടെ മകനാണ് ഇദ്ദേഹം.

ആദ്യത്തെ വയലിന്റെ അതിർത്തിഃ- കിഴക്ക് ഇന്തനിച്ചെരുവുതടാകം, തെക്ക് രാത്തോഡി വയൽ, പടിഞ്ഞാറ് സുഗുമ്മുവയലിന്റെ അതിർത്തി, വടക്ക് വേൽപ്പുവയലിന്റെ കിഴക്കുള്ള

പനസം. രണ്ടാമത്തെ വയലി ന്റെ കിഴക്ക് ദാമപിയന്റെ പനസ, തെക്ക് വലിയ പാത, പടിഞ്ഞാറ് നദി, വടക്ക് ഗണ്ഢശാല പനസം. ഈ വയലുകൾ കൂടാതെ രു വീടിനുള്ള സ്ഥലവും അതിരിട്ട് കൊടുത്തു.

ജയന്റെ ചെബ്രോലുലിഖിതം ശകം 1135നു ശേഷം

കൃഷ്ണജില്ല ബാപത്ല താലൂക്ക് ചെബ്രോലു വിലെ നാഗേശ്വരക്ഷേത്രഗോപുരത്തിലെ വലത്തേ തൂണിലുള്ളത്.
തെലുഗുലിപി ,ഭാ ഷ സംസ്കൃതപദ്യവും തെലുഗുഗദ്യവും.
കാകതീയഗണപതിയുടെ വംശാവലി. സൂര്യ, മനു, ഇക്ഷ്വാകു, സഗര. കാകുത്സ, ദിലീപ, രഘു, ദുർജ്ജയ, ബെട്ട (ബെത്മ) അഥവാ ത്രിഭുവനമല്ല, ഇദ്ദേഹം ഏകാമ്രനാ ഥ, അന്നക്കൊണ്ട ലിഖിതങ്ങളിലുമുണ്ട്.
ബെട്ടക്കുശേഷം പ്രോല ,മകൻ , രുദ്ര, സഹോദരനായ മഹാദേവ, ഗണപതി.

ഗണപതിക്ക് ചലമത്തി ഗന്ധ എന്നും പേരുണ്ട്. ഈ ബിരുദം രുദ്രാംബികയും പ്രതാപരുദ്രനും വനപതിമുഖ്യനും സ്വീകരിച്ചിരുന്നു. ബെട്ടയുടെ പിതാവ് ദുർജ്ജയനാണെന്ന് മറ്റ് കാകതീയലിഖിത ങ്ങളിലില്ല.

ജയ അഥവാ ജയന ഗണപതിയുടെ ആനപ്പട യുടെ സേനാപതിയാണ്.കവിഭൂഷണവും നട.വേദപണ്ഡിതന്മാരുടെ തലവനും, ആയി രുന്നു. ഗണപേശ്വരം ലിഖിതത്തിൽ അദ്ദേ ഹത്തിന്റെ വംശാവലിയുണ്ട്. ശകം 1135ൽ അദ്ദേഹത്തിന് ഗണപതി ഷണ്മുഖനഗരി എന്ന താമ്രപുരി കൊടുത്തു. ചെബ്രോലു അഥവാ ചെമ്രോലു താമ്രനഗരത്തിനുള്ള തെലുഗുപദമാണ്. കുമാര സ്വാമിക്ഷേത്രമു ള്ളതിനാലാണ് ഷണ്മുഖനഗരി എന്ന് പേർ. ഇപ്പോൾ നാഗേശ്വരമെന്നും പേരുണ്ട്. ജയന ചെബ്രോലക്ക് ചുറ്റും മതിലു കെട്ടി, ക്ഷേത്ര ങ്ങൾ പുനരുദ്ധരിച്ചു. ഗ്രാമങ്ങളിൽ അധിക വും

കുമാരസ്വാമി ക്ഷേത്രത്തിന്റേതാണ്. ചോഡഭീമേശ്വരക്ഷേത്രം വാസുദേവക്ഷേ ത്രം ഇവയും ചെബ്രോലുവിലുണ്ടായിരു ന്നു. ശിവക്ഷേത്രത്തിനടുത്തുള്ള അനന്ത ജൈനക്ഷേത്രത്തിനു മുന്നിലെ ജൈനവിഗ്ര ഹങ്ങൾ കിട്ടിയിട്ടുണ്ട്. 26ആം വരിയിൽ മൂലസ്ഥാനക്ഷേത്രവും കാടുവിത്തേശ്വര ക്ഷേത്രവും പറയുന്നുണ്ട്.ശകം 998ലെ വേലനാടി ഗോങ്കെയുടെ ലിഖിതം മൂലത്താ നമഹാദേവനും കുമാരസ്വാമിക്കും വിളക്ക് വെച്ചത് പറയുന്നു. കൊല്ലൂരു, രേപല്ലേ താലൂക്ക്, കൊലങ്കലൂര്, വല്ലൂര് ഇവ ലിഖി തത്തിൽ പറയുന്നവ കണ്ടെത്തിയിട്ടുണ്ട്.

ശകം 1135 ചൈത്രം ശ്രീമുഖവർഷം(എഡി 1213-1214)ലാണ് ഗണപതി ജയനക്ക് ചെ ബ്രോലു കൊടുത്തത്. ലിഖിതം ജയന തന്റെ നിർമ്മാണപ്രവർത്തനം കഴിഞ്ഞശേഷം എ ഴുതിച്ചതാണ്. തന്റെ അമ്മയുടെ അമ്മാ മൻ സംരക്ഷിച്ചിരുന്ന നഗരമാണ്

ഗണപതി ജയ നക്ക് കൊടുത്തത്.
പ്രാസാദമെല്ലാം പുനരദ്ധ രിച്ച് ജയന
സ്വര്‍ണ്ണകലശം സ്ഥാപിച്ചു.കുമാ
രസ്വാമിവിഗ്രഹം സ്വര്‍ണ്ണം
പൊതിഞ്ഞു. പൂജക്ക് സ്വര്‍ണ്ണ,വെള്ളി,
താമ്രെ,പിച്ചളപ്പാ ത്രങ്ങള്‍ സമര്‍പ്പിച്ചു.
മഹോത്സവങ്ങളില്‍
ഉത്സവബിംബംമായി
എഴുന്നള്ളിക്കാനായി
സ്വാമിയുടേയും രണ്ട്
ദേവിമാരുടേയും ലോഹവിഗ്രഹം
പണിയിച്ചു. ശനിക്ക് മണ്ഡപവും,
ക്ഷേത്രത്തിന് മൂന്നുനിലഗോ പുരവും
പണിയിച്ചു. മകരസംക്രാന്തിക്ക്
പള്ളിവേട്ട കഴിഞ്ഞ് ദേവന്
വിശ്രമിക്കാനാ യി മണ്ഡപം പണിതു.
,ഈ മണ്ഡപത്തില്‍
ദേവാസുരയുദ്ധചിത്രങ്ങള്‍ വരപ്പിച്ചു.
മൂല സ്ഥാനത്തെ ലിംഗവും,
കാടുവിത്തീശ്വര ക്ഷേത്രത്തിലെ
ലിംഗവും കൊള്ളക്കാര്‍ നശിപ്പിച്ചത്
അദ്ദേഹം പുനപ്രതിഷ്ഠിച്ചു.
താമ്രനഗരിക്ക് ചുറ്റുമതിലും
ഗോപുരങ്ങ ളും ഉണ്ടാക്കി.

അതിരുകൾ കിഴക്കുനിന്ന് തെക്കോട്ട്-
നരികേദപൂംപൂന്തി, മാഞ്ചേഡ്ലു,
കോവിലം പൂണ്ടി, കോമരാജംപൂണ്ടി,
വഞ്ചേണ്ട്ലു, ഉമ്മേതലപൂണ്ടി,
സുദ്ധപൂണ്ടി, ചേരപൂ ണ്ടി,
മുളുകലപൂണ്ടി .ഗ്രാമത്തിന്റെ പകുതി
കുമാരസ്വാമിക്കാണ്. ബാക്കി പകുതി
കൊ ല്ലൂരു അനന്തേശ്വരനാണ്.
(ഗുമ്മപൂണ്ടി, വെഡലംപൂണ്ടി,
ഗൂഡാപൂണ്ടി) . ചോഡഭീ മേശ്വരന്
തഡിലാംപൂണ്ടിയും, വാസുദേവ ന്
കട്ടേംപൂണ്ടിയിലെ 12 ഖണ്ഡിയും
നീക്കി വെച്ചു. അനന്തജിനന് 5 ഖ,
പൂജാരിക്ക് 12 ഖ, ബ്രഹ്മപുരിയിലെ 14
ബ്രാഹ്മണർക്ക് 14 ഖ, ലിഖിതം
എഴുതിക്കുന്നവനും കവിക്കും 2 ഖ,
ഗുമസ്തന് 2 ഖ, 8 വയസ്സുമുതൽ ക്ഷേ
ത്രത്തിൽ നൃത്തക്കാരികളായി ജോലി
ചെയ്യുന്ന 300 പേർക്ക് 2 ഖ വീതം,
ദ്വാരപാ ലകന് 2 ഖ, നൃത്താദ്ധ്യാപകന്
2 ഖ, പെരുമ്പ റ അടിക്കുന്നവൻ 2 ഖ,
ചെറിയ പറ അടി ക്കുന്നവൻ 2 ഖ,
വാസേകാനു 2 ഖ, ഓരോ
പാട്ടുകാരനും 2 ഖ, ശംഖു
വിളിക്കുന്നവൻ 2 ഖ, കാഹളം
വിളിക്കുന്നവൻ 2 ഖ, ഗൌരു

വായിക്കുന്നവൻ 2ഖ, ജഗദവാുവിന് 2ഖ, ഇലത്താളക്കാരന് 2 ഖ, ക്ഷേത്രം അലങ്കരി ക്കുന്നവൻ 2 ഖ, മാല കെട്ടുന്നവൻ 2 ഖ, പീലിഗരഗവാദുവിന് 2ഖ, കുശവന് 2 ഖ, ആശാരിക്ക് 2 ഖ, കരുവാന് 2ഖ, ശിൽപ്പിക്ക് 4 ഖ, മണ്ണാന് 2 ഖ, വിളക്ക് പിടിക്കുന്നവന്ന് 2 ഖ, അല്ലിബോയന്ന് (ഇടയ) 2 ഖ.

അവരെല്ലാവരും സമാധാനമായി അവരവ രുടെ ജോലി കൃത്യമായി ചെയ്ത് ജീവിക്കാ നാണ് ഈ ഭാഗം കൊടുത്തിരിക്കുന്നത്. ഇത് കൂടാതെ 300 ബ്രാഹ്മണരുണ്ട്. അവർ തങ്ങ ൾക്ക് ലഭിക്കുന്ന വിളവിന്റെ വിഹിതം ഒരു ഭാഗം ക്ഷേത്രത്തിനു കൊടുക്കണം ബാക്കി 3 ഭാഗം കൊണ്ട് ജീവിക്കണം.

20 പേർ ക്ഷേത്രത്തിലേക്ക് വിളക്ക് കൊടു ത്തു. അവരുടെ പേരും രേഖപ്പെടുത്തിയിട്ടു ണ്ട്.

വേലനാടിമുഖ്യന്മാരുടെ തലസ്ഥാനമായ സാന്തവോലുവിലെ ലിംഗോത്ഭവസ്വാമി ക്ഷേത്രത്തിലെ തൂണിന്റെ മൂന്നുഭാഗത്തായി ജയന,ഗണപതിമാരുടെ ലിഖിതമുണ്ട്.

കുലോത്തുംഗരാജേന്ദ്രഗോങ്ക നിർമ്മിച്ച പാണ്ഡേശ്വരശങ്കരക്ഷേത്രത്തിന്റെ ചുമതല ജയനന് കൊടുത്തിരിക്കുന്നു. പാണ്ഡ ഗോങ്ക 1ന്റെ ഇളയ സഹോദരനാണ്. ജയന പുതിയ പീഠം നിർമ്മിച്ചു, സ്വർണ്ണകുംഭം ഗോപുര ത്തിൽ വെച്ചു, പൂജാപാത്രം സമർപ്പിച്ചു. ഗണപതി ഗോവാടികാഗ്രാമം ക്ഷേത്രത്തിന് സമർപ്പിച്ചു.

മാരസിംഹ 2 ശ്രാവണബലഗോള എപ്പിറ്റാഫ്.

ശ്രാവണബലഗോള ചന്ദ്രഗിരി കുന്നിലെ ക്ഷേത്രത്തിലേക്കുള്ള പ്രവേശനകവാടത്തി ലെ കൂഗേ ബ്രഹ്മദേവക്കമ്പത്തിലുള്ളത്. (തൂ ൺ) 114 വരി കർണ്ണാടകലിപി. ഭാഷ 1-83 വരെ സംസ്കൃതം. 84 മുതൽ പഴയ കന്ന ഡം. പദ്യവും ഗദ്യവുമുണ്ട്. പടിഞ്ഞാറ ൻഗംഗ മാരസിംഹ 2 വിന്റേതാണ്. നിരവ ധി ബിരുദങ്ങളിൽ നോലംബഅന്തകൻ (നോ ലംബവാടി 32000) നശിപ്പിച്ചവനെന്ന് കാണു ന്നു. വരി 110-114 അദ്ദേഹത്തിന്റെ മരണശേ

ഷം എഴുതിച്ചേർത്തതാണ്. അവസാനകാ ലം അദ്ദേഹം ജൈനഗുരു അജിതസേനന്റെ ശിഷ്യനായി ദാർവാർജില്ലയിലെ ബങ്കാപൂ രിൽ 3 ദിവസം ഉപവസിച്ച് സല്ലേഖനമര ണം അനുഷ്ഠിക്കയാണ് ഉണ്ടായത്. മേലാ ഗാനി ലിഖിതപ്രകാരം മാരസിംഹ 2 എഡി 974ൽ മരിക്കയോ രാജ്യം ഉപേക്ഷിക്കയോ ചെയ്തിട്ടുണ്ട്. എഡി 750-850ലാണ് ഗംഗാ രാജാവ് ശിരീപുരുഷമുത്തരശന്റെ കാലം.

തലക്കാട് ഗംഗാരാജാക്കന്മാർ വംശാവലിഃ-

1. ശിവമാര 1 (എഡി 755-765)
2. പൃഥ്വീകൊങ്കുണി ശ്രീപുരുഷമുത്തരശ (765-805 അഥവാ 750-850)
3. രണ്ട് മക്കൾ ശിവമാര 2, (805-810) നീതിമാർഗ്ഗകൊങ്കണിവർമ്മ പെർമാനടി രണവിക്രമ. (810-840)
4. ശിവമാരപുത്രൻ അപരാജിതപൃഥ്വീപ തി 1 (അമോഘവ ർഷ 1 ന്റെ സമകാലീന ൻ) 814- 877-78.

നീതിമാർഗ്ഗന്റെ മകൻ സത്യവാക്യകൊങ്കുണിവർമ്മ പെർമാന ടി രാജമല്ല (870-871)

5. **അപരാജിതപൃഥ്വീപതി 1 ന്റെ മകൻ മാരസിംഹ 1. പെർമാനടി രാജമല്ലപുത്ര ൻ സത്യവാക്യകൊങ്കുണിവർമ്മ പെർമാനടി ബുഡുഗ 1 (870-71 –891-92)**
6. **മാരസിംഹ 1 ന്റെ മകൻ ഹസ്തിമല്ല പൃഥ്വീപതി 2 (പരാന്തക 1ന്റെ കാലം.) എഡി 900-940. ബുഡുഗ 1ന്റെ മകൻ നീതിമാർഗ്ഗകൊങ്കുണിവർമ്മ പെരുമാന ടി എരേയപ്പ (893-94—909 -910)**
7. **എരേയപ്പന്റെ മകൻ രാച്ചമല്ല 1**
8. **സത്യവാക്യകൊങ്കുണിവർമ്മ പെർമാ നടി ബുഡുക 2. (940-950)**
9. **ഇദ്ദേഹത്തിന് രേവകയിൽ മരുളദേവ നും കളഭരശിയിൽ സത്യവാക്യകൊങ്കു ണിവർമ്മ പെരുമാനടി മാരസിംഹ 2 വും (എഡി 964-974)**
10. **മരുളദേവന് ബിജ്ജബ്ബയിൽ രാച്ച ഗംഗൻ. മാരസിംഹ 2 വിന്**

സത്യവാക്യ കൊങ്കുണിവർമ്മ പാഞ്ചാലദേവ (975)

11. പാഞ്ചാലദേവന് സത്യവാക്യ കൊ ങ്കുണിവർമ്മ പെരുമാനടി രാച്ചമല്ല 2 (എഡി 98-984).

ഏറ്റവും പഴയ ലിഖിതം ശിവമാര 1 ന്റെ വള്ളിമലൈ ലിഖിതം (വടക്കേ ആർക്കോട്ട്. 8മൈൽ കോലാറിന് അപ്പുറത്തുനിന്ന്. അതിൽ നാലു തലമുറ പറയുന്നു. ശിവമാ ര, ശ്രീപുരുഷ, രണവിക്രമ, രാജമല്ല. രാജമ ല്ല കുന്നിൻപുറത്ത് ജൈനക്ഷേത്രം പണിതു. ദേബൂരിലും രാംപുരത്തും മുഡഹല്ലിയി ലും കൊങ്കിണിഅരശ ശിവമാരന്റെ ശിലാ ലിഖിതം കിട്ടിയിട്ടുണ്ട്. തലക്കാടിലെ ശ്രീപു രുഷലിഖിതം അദ്ദേഹത്തിന്റെ 1ആം ഭരണ വർഷമാണ്. ശിവാരലിഖിതം അദ്ദേഹത്തെ മഹാരാജാ പൃഥ്വീകൊങ്കണി മുത്തരശ ശ്രീ പുരുഷ എന്ന് മുഴുവൻ പേരെടുത്ത് വിളി ക്കുന്നു.ശീവപുട്ടണം ലിഖിതം അദ്ദേഹത്തി ന്റെ 29ആം വർഷമാണ്. പാലിയോഗ്രാഫി വെച്ച് എഡി 750-

850ന് ഇടയിലാണ് ഈ ലിഖിതങ്ങൾ. ബകാരം പഴയ ചതുരലിപി യിലാണ്. ശിവമാര 1ന്റെ 34ആം വർഷത്തി ലെ (ശകം 635 എഡി 713) ലിഖിതം വെച്ച് അദ്ദേഹത്തിന്റെ ഭരണാരംഭം എഡി 679-80 എന്ന് കണക്കാക്കുന്നു. അദ്ദേഹം 48 വർഷം ഭരിച്ചിട്ടുണ്ട്. കടമ്പൂർ എന്ന വാക്ക് ശ്രീപു രുഷന്റെ രണ്ട് ലിഖിതങ്ങളിലുണ്ട്. ഇത് പിൽക്കാലചോളന്മാരുടെ കടംബൂർ മാളിക യാവാനുള്ള സാദ്ധ്യത ചൂണ്ടിക്കാട്ടപ്പെടുന്നു. ഹോസൂർ(എഡി 762) നാഗമണ്ഡലം (എഡി 776-77) ഗ്രാന്റുകൾ അദ്ദേഹംഅപ്പോഴേക്കും 50 വർഷം ഭരിച്ചുകഴിഞ്ഞതായി സൂചിപ്പി ക്കുന്നു. ശ്രീപുരുഷമുത്തരശന്റെ ലിഖിതങ്ങ ൾ മൈസൂരിൽനിന്നും കിട്ടിയിട്ടുണ്ട്. ഗംഗ രാജാക്കന്മാർ കദംബരാജാക്കന്മാരെന്നി വരെ ചാലൂക്യകീര്ത്തിവർമേമൻ 1, (567-598), പുലികേശി 2 (608) പുലികേശിയുടെ പൌത്രൻ വിനയാദിത്യനെന്നിവർ(694) എന്നിവർ ജയിച്ചതായി

കാണുന്നതിനാൽ ശിവമാര 1 നു മുമ്പും ഗംഗാവംശം ഭരിച്ചി രുന്നു. അംബൂരിലെ വീരക്കല്ല് നൂലംബപല്ലവൻ കാലികളെ മോഷ്ടിച്ചത് വിജയനൃപതുംഗ വിക്രമവർമ്മന്റെ 26ആം ഭരണവർഷം എന്ന് പറയുന്നു. ഈ രാജാവിന്റെ ലിഖിത ങ്ങൾ തഞ്ചാവൂരിലും തൃശ്ശിനാപ്പള്ളിയി ലും ഉണ്ട്. പരാന്തക 1നു മുമ്പാണ് ഇദ്ദേഹ ത്തിന്റെ കാലം. (എഡി 900-940) .പോണ്ടി ച്ചേരിക്കടുത്ത ബാഹൂറിലെ അദ്ദേഹത്തി ന്റെ ലിഖിതം മുൻഗാമികളുടെ പേരു തരു ന്നു. ഇത് പല്ലവവംശവൃക്ഷത്തോടെ ആ രംഭിക്കുന്നു. ഇതിലാണ് വിമല, കൊങ്കണി ക, മറ്റു രാജാക്കന്മാരെന്നിവർ ഉത്ഭവിച്ചത്. ഇതിലെ ദന്തിവർമ്മന്റെ മകൻ നന്ദിവർമ്മ ൻ രാഷ്ട്രകൂടരാജകുമാരി ശംഖയെയാണ്. അവരുടെ മകനാണ് നൃപതുംഗദേവനെന്ന വിജയനൃപതുംഗവിക്രമവർമ്മൻ. ഇദ്ദേഹ ത്തിന്റെ സീലുകളിൽ പല്ലവരുടെ നന്ദിചി ഹ്നം ഉണ്ട്. പടിഞ്ഞാറൻ ഗംഗരുടെ ആദ്യ ത്തെ

നാമം കൊങ്കണി എന്നാണ്. (ഉദയേന്ദ്രം ഗ്രാന്റ് ഹസ്തിമല്ല പൃഥ്വീപതി) ദന്തിവർമ്മ നാണ് കാഞ്ചിയിലെ ദന്തിഗനെന്നും, നന്ദിവ ർമ്മന്റെ ഭാര്യ ശംഖ രാഷ്ട്രകൂട ഗോവിന്ദ 3ന്റെ മകൻ നൃപതുംഗ അമോഘവർഷന്റെ മകളാണെന്നും ഹുൾട്ഷ്.

ദന്തിവർമ്മന്റെ കാഞ്ചീപുരം വൈകുണ്ഠ പ്പെരുമാൾ ലിഖിതം,വടക്കേ ആർക്കോട്ടി ലെ വിരിഞ്ചിപുരം ലിഖിതം,വേലൂര്നടു ത്തെ സാദുപ്പേരി ലിഖിതം ഇവ വിജയന ന്ദിവിക്രമവർമ്മന്റെ 9, 4, 52 വർഷങ്ങളിലേ താണ്. ഇത് ദന്തിവർമ്മപുത്രൻ നന്ദിവർമ്മ നാണ്. വടക്കേ ആർക്കോട്ടിലെ ഉക്കൽലിഖി തം കമ്പവർമ്മന്റെ നാമം വിജയകമ്പവിക്ര മദേവനെന്ന് തരുന്നു. പെർമാനടി എന്ന ബിരുദം പെരുമാനടി എന്ന ചേരനാമം, പല്ലവരും മുത്തരശരും എടുത്തിരുന്ന പെർമാനടിനാമം ഇവരും സ്വീകരിച്ചിരുന്ന വംശനാമമാണ്. ഇവരുടെയെല്ലാം മൂലവം ശം ഒന്നാണ്.

വടക്കേ ആർക്കോട്ട് ജില്ലയിലെ കീഴ്
മുത്തു ഗൂർ ലിഖിതം
വിജയനരസിംഹവർമ്മന്റെ 18ആം
വർഷമാണ്. അതിന്റെ താഴെ ആന
യും അരയന്നവും കാണാം. ആന
ഗംഗരും ചേരരും സിംബലായി
ഉപയോഗിക്കുന്നു. അരയന്നം
ഗംഗരുടേതാണ്. വിജയനരസിം
ഹവർമ്മനെന്നത് പല്ലവനാമം.
സിംബൽ ഗംഗ,ചേരനാമം.ഈ
ലിഖിതത്തിലെ ലിപി ആംബൂരിലെ
ലിഖിതത്തേക്കാളും പഴയതാ ണ്.കോ
വിജയ എന്ന് ഇദ്ദേഹത്തിനും നാമ
ത്തിനു മുന്നിലുണ്ട്.. നൃപതുംഗനു
മുമ്പായി നരസിംഹനെ ചില
നൃപതുംഗലിഖിതങ്ങൾ
പറയുന്നുമുണ്ട്. ഗംഗാചേരചിഹ്നം
നരസിം ഹൻ ഉപയോഗിക്കുന്നതി
അദ്ദേഹം അപ്പോ ഴും ആ
വംശങ്ങളിലാണ് പല്ലവവംശമായി
പരിണമിച്ചിട്ടില്ല എന്നതിന്റെ
ലക്ഷണമാ ണെന്ന് ചിലർ
പറയുന്നു.ഹിരണ്യവർമ്മ പുത്രൻ
പല്ലവമല്ലനന്ദിവർമ്മനുശേഷം

പല്ലവരാജ്യം കിട്ടിയപ്പോഴാവാം അദ്ദേഹം പല്ലവനാമം സ്വീകരിച്ചത്.അദ്ദേഹം 760-770ന് ഇടയിൽ ഭരിച്ചതായും തുടർന്ന് ദന്തി വർമ്മൻ, വിജയനന്ദിവിക്രമവർമ്മൻ (ന ന്ദിവർമ്മൻ)വിജയനൃപതുംഗവിക്രമ വർമ്മൻ വിജയകമ്പവിക്രമവർമ്മൻ ഇവർ ഭരിച്ചതായും കരുതുന്നു. ഇതിന്നിടയിലാണ് ഗംഗാചേരചിഹ്നം ഉപേക്ഷിക്കപ്പെട്ടത്. കിഴക്കൻ ചാലൂക്യർ ചോളബന്ധം കൊണ്ട് കുലോത്തുംഗചോള 1 നു ശേഷം ചോളരായ തുപോലെ , ഗംഗരും കൊങ്ങുചേരരും പല്ലവരായി സ്വാഭാവികമായി പരിണമി ച്ചു.

മുത്തരയരും ചേരരും പഴുവെട്ടരയരും എപ്രകാരം ഒരേ വംശമാണ് എന്ന് നേരത്തെ പറയുകയുണ്ടായി. ഉദയേന്ദ്രം പ്ലേറ്റിൽ ഗംഗവംശം വളരെ പഴക്കമുള്ളള തായി പറയുന്നു. കൊങ്കണിവർമ്മവംശ ത്തിലെ വിഷ്ണുഗോപൻ, ഹരിവർമ്മൻ, മാധവൻ, അവിനീത, ദുർവ്വിനീത,

ഭൂവിക്രമ ഇവരുടെ പരമ്പരയായിട്ടാണ് ശിവമാര 2 , മകൻ പൃഥ്വീപതി 1 എന്ന അപരാജിത, മകൻ മാരസിംഹ 1 (പൃഥ്വീപതി 1 ന്റെ മകൻ) അദ്ദേഹത്തിന്റെ മകൻ പൃഥ്വീപതി 2 ഹസ്തിമല്ല. ഹസ്തിമല്ലനെ ഗംഗാതടാക ത്തിലെ ജലപക്ഷിയായി പറയുന്നു.

പൃഥ്വീപതി 1 ,രാഷ്ട്രകൂട അമോഘവർഷ 1 ൽനിന്ന് ദിണ്ടിരാജാവിന്റെ മക്കളായ ഇരിഗ നേയും നാഗദന്തനേയും രക്ഷിച്ചു. (അമോ ഘവർഷകാലം 814-877)വയ്യമ്പൽകുടിയിൽ യുദ്ധം ചെയ്തു. ശ്രീപുരമ്പിയത്ത് (കാഞ്ചീ പുരം കുംഭകോണത്തിലാണ് ഇത്) പാണ്ഡ്യ വരഗുണനെ തോൽപ്പിച്ചു. മതിരൈക്കൊണ്ട പരാന്തക 2 സുന്ദരചോളനിൽനിന്ന് പൃഥ്വീ പതി 2 ബാണവംശരാജാവെന്ന പദവി നേ ടി.സെംബിയൻ മാവലി ബാണരായ) ആന്ധ്രക്ക് പടിഞ്ഞാറുള്ള ഭൂമിയാണ് ബാണ ന്മാരുടെ ഭൂമി. തന്റെ 15ഈം ഭരണ വർഷം (എഡി 915)

പരാന്തകൻ,പൃഥ്വീപതി 2 വി ന്റെ നിർദ്ദേശമനുസരിച്ച് കടൈക്കോട്ടൂരും ഉദയചന്ദ്രമംഗലവും ബ്രഹ്മദേയമായി വീര നാരായണച്ചേരി എന്ന പേരിൽ ബ്രാഹ്മണ ർക്ക് ദാനം ചെയ്തു. പടിഞ്ഞാറൻഗംഗ ബിരുദമായ നന്ദഗിരിപ്രഭു, പരിവിപുരിപ്ര ഭു മുതലായ ബിരുദങ്ങളും അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഋഷഭലാഞ്ചന, കൃഷ്ണമൃഗ ചിത്രമുള്ള പതാക ഇവയും അദ്ദേഹം സ്വീ കരിച്ചു. പല്ലവന്മാരെപ്പോലെ പൃഥ്വീപതി യും ബാണചക്രവർത്തിയായി . പൃഥ്വീപതി 1 പിരുതി ഗംഗൈരായരെന്ന പേരിലാണ് ആംബൂർപ്ലേറ്റിൽ(വിജയനൃപതുംഗന്റെ) പ്രത്യക്ഷപ്പെടുന്നത്, വല്ലാലയുദ്ധത്തിൽ ജയിച്ചതിന് പൃഥ്വീപതി 2ന് വീരചോളനാ മവും കിട്ടി.

ശ്രീപുരുഷമുത്തരയവംശത്തിലെ രാജമല്ലൻ ധർമ്മമഹാരാജാധിരാജാ

സത്യവാക്യ കൊങ്കിണിവർമ്മ പെർമാനടി രാജമല്ലനെ ന്നും, കോവലന്മാരുടെ പ്രഭുവെന്നും നന്ദഗി രിയുടെ പ്രഭുവെന്നും അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ അച്ഛൻ രണവിക്രമനും ഈ പേരുണ്ട്. ഹുസുക്കൂരു ലിഖിതം (എഡി870-871)രാദമല്ലകാലത്ത് ഭൂതരശ (ബുട്ടുഗ) യുവരാജാവായി പുന്നാടും കൊങ്ങുനാടും ഭരിക്കുന്നതായി പറയുന്നു. സൂദി ഗ്രാന്റിൽ രാജമല്ലന്റെ അച്ഛൻ രണ വിക്രമനല്ല, വിജയാദിത്യനാണ്. ഇത് കിഴക്കൻചാലൂക്യരുടെ നാമമാണ്.

ബുഡുഗ 1 രാഷ്ട്രകൂട അമോഘവർഷ 1 ന്റെ മകൾ അബ്ബലബ്ബയുടെ ഭർത്താവാണ്. എരേ യപ്പനു ശേഷമാണ് ബുഡുക 1 ഭരിച്ചത്. ബുഡുഗനെ പറ്റി നിരവധി കാര്യങ്ങൾ പല ലിഖിതങ്ങളിൽനിന്ന് മനസ്സിലാക്കാം. അദ്ദേ ഹത്തിന് നിരവധി പേരുകളുണ്ട്. ഭൂതയ്യ,ഭൂതാര്യ, ധർമ്മമഹാരാജാധിരാജ സത്യവാക്യ

കൊങ്കണിവർമ്മ പെരുമാനടി ബുഡുഗ,ഗംഗഗാംഗേയ നന്നിയഗംഗ, ജയദുത്തരാംഗ, ഗംഗനരായണ ഇവ ചില താണ്. കാർത്തികേയ, കർണ്ണ, ഭീഷ്മ, വിഷ്ണു ഇവരോടെല്ലാം താരതമ്യപ്പെടു ത്തിക്കാണുന്നു. 840നു മുമ്പുതന്നെ എരേയ പ്പന്റെ മകൻ രാച്ചമല്ലനെ വധിച്ചാണ് ഇദ്ദേ ഹം രാജാവായത്. രാച്ചമല്ലനെ വധിക്കാനു ള്ള സഹായം രാഷ്ട്രകൂടരാജാവ് കൃഷ്ണ 3 കൊടുത്തു. എഡി 975ലെ ഹെബ്ബാൽലിഖി തം, (ധർവ്വാർജില്ല) കൃഷ്ണ 2ആമന്റെ പൌ ത്രൻ വഡ്ഡികയുടെ മകൾ രേവയെ വിവാ ഹം കഴിച്ചത് ബുഡുഗ 2 ആണെന്ന് പറയു ന്നു. കൃഷ്ണ 3ആമന്റെ മൂത്ത സഹോദരി യാണ് രേവ. സ്ത്രീധനമായി പുലിഗേരേ 300, (ലക്ഷ്മേശ്വരെന്ന് പഴയ പേര്), ബെ ൽവോള 300, ഗഡാഗ്, അന്നിഗേരേ, കുർത്ത കോടി, നർഗുണ്ട്, ഹൂലി, ഗുക്കനൂർ, കിശുക്കാട് 70 (പഴയ ബാദാമി താലൂക്കിലെ ബപട്ടാടക്കൽകിശുവൊലാൽ),

ബാഗദാഗേ 70, ഇവ കിട്ടി. കൃഷ്ണ 2 വിന്റെ ഭരണാവ സാനകാലത്താണ് ഈ വിവാഹം നടന്നത്. (എഡി 910)ബുഡുഗ 2ന് കളഭരശി എന്ന ഒരു ഭാര്യയും ഉണ്ടായിരുന്നു.അവരുടെ മകനാണ് മാരസിംഹൻ. ബുഡുഗന്റെ അമ്മ ഭുജ്ജബ്ബരശി, ഭുട്ടയ്യ, സിംഹവർമ്മ രാശാ, ചെച്ചപയ്യ ഇവരുടെ മൂത്ത സഹോദ രിയാണ്. മൈസൂരിലെ അടക്കൂർലിഖിതം (949-50)കൃഷ്ണ 3 ആർക്കോട്ട് തക്കോലം യുദ്ധത്തിൽ അദ്ദേഹത്തിന്റെ സഹായത്താ ലാണ് രാജാദിത്യനെ വധിച്ചതെന്ന് പറയു ന്നു. വരനഗരമായ വലഭീപുരനായകനെന്ന് പാരമ്പര്യനാമമുള്ള ബുതു ഗണഅങ്കകാര നെന്ന തന്റെ സഹായിക്ക് കേലാലേ ജില്ല യിലെ ബേലത്തൂരിൽ ഒരു സ്മാരകം പണി തു. അവിടെ കുന്നിന്മേൽ വരാഹവും വേട്ട നായും ഉള്ള ശില പ്രതിഷ്ഠിച്ചു. നേരത്തേ രാച്ചമല്ലനെ വധിച്ച് ഗംഗാവാടി കൈക്കലാ ക്കിയ ബുഡുഗ

1 ന്, രാജാദിത്യനെ വധിച്ച് ബുഡുഗ 2 വിന് ലഭിച്ച സ്ത്രീധനമായ സ്ഥലങ്ങളും കൂടി കിട്ടി. 4 ജില്ലകളും വന വാസി12000യും രേവകയുടെ സ്ത്രീധ നമായി രാജാദിത്യനെ വധിച്ച ബുഡുഗ 2 ന് കൃഷ്ണ 3 കൊടുത്തു. ഹെബ്ബാൽ ലിഖിതം രേവകയുടേയും ബുഡുഗ 2 വിന്റെയും മകൻ മരുളദേവനാണ് എന്ന് പറയുന്നു. (മരുളദേവനും ബിജ്ജബ്ബെക്കും ഉണ്ടായ മക നാണ് രാച്ചമല്ല . ഇത് രാച്ചമല്ല 2 ആവണം) ചില ലിഖിതങ്ങളിൽ ബുഡുഗനും വഡ്ഡിഗ ന്റെ മകൾക്കും ഉണ്ടായ പുത്രനാണ് ഇന്ദ്രരാ ജാ 1 എന്ന് കാണുന്നു.

ചോളരാജാദിത്യ (യാനൈമേൽ തുഞ്ചിയ ചോഴ) പരാന്തക 1 ന്റെ മൂത്ത മകനാണ്. അമ്മ കേരളരാജപുത്രിയായ കോകിഴാൻ അടികൾ. 948-49ൽ തക്കോലം യുദ്ധത്തിൽ ചോളസൈന്യാധിപനായിരുന്നു. കോ കിഴാ നടികളുടെ സഹോദരനും കേരളത്തിലെ രാജശേഖരനെന്ന

വല്ലഭരാജാവിന്റെ പുത്ര നുമായ
വെള്ളൻ കുമരനായിരുന്നു രാജാദി
ത്യന്റെ സഹായിയായി
ഉണ്ടായിരുന്നത്. (അമ്മാമൻ). ഇദ്ദേഹം
നന്ദിക്കരൈ പുത്തൂ രിലാണ്
ഭരിച്ചിരുന്നത്. ബുഡുകന്റെ കുന്തം
ആനപ്പുറത്തിരിക്കുന്ന മരുമകനെ
തുളച്ചു പോകുന്നത് കണ്ട അദ്ദേഹം
നിരാസനായി
നിരഞ്ജനപണ്ഡിതനെന്ന ഗുരുവിന്റെ
കീഴി ൽ സന്യാസം സ്വീകരിച്ച്,
രിരുവൊറ്റിയൂരി ൽ ഒരു
കാളമുഖസന്യാസിമഠം സ്ഥാപിച്ചു.
എഡി 963-775ലെ ശ്രാവണബലഗോള
ലിഖി തത്തിൽ മാരസിംഹൻ ബുഡുഗ
രണ്ടാമന്റെ വിജയത്തെ ചേരന്മാരുടെ
വിജയമെന്ന് ആ ഘോഷിക്കയും
ചെയ്യുന്നു. രണ്ട് സൈന്യ ത്തിലും
കേരളത്തിലെ രാജാക്കന്മാരുണ്ട്.
ചോളരുടെ കൂടെ വല്ലഭരാജാവും
രാഷ്ട്രകൂട രുടെ കൂടെ ഗംഗന്മാരും
കളഭ്രരും (മാരസിം ഹന്റെ അമ്മ
കളഭ്രവംശം)

എഡി 975ലെ ഹെബ്ബൽ ലിഖിതം മാരസിം ഹൻ ഗംഗാവാടി, നോലംബവാഡി, പുലി ഗേരേ, ബെൽവോലേ, ശാന്തലിഗേ, വനവാ സി കൂടാതെ പെരിദ്ദോരേ നദിയുടെ തീരം വരെ ഭരിച്ചിരുന്നു എന്ന് പറയുന്നു.ഈ നദി ഏതാണെന്നതിനെ പറ്റി നിരവധി തർക്കങ്ങളുണ്ടായിട്ടുണ്ട്. ഈ വാക്കിന് അർത്ഥം പെരിയ നദി അഥവാ ആറ് എന്നാ ണ്. പേരാറെന്നോ പെരിയാറെന്നോ പറയു ന്നപോലെ. രാച്ചമല്ലന്റെ കുടകുലിഖിതത്തി ലെ ബെർദ്ദോരേഗരേയനാളുത്തിരേ എന്ന തിന് പേരാറിൻ)(പെരിയാറിന്റെ)കര മുഴു വനും ഭരിക്കുന്ന എന്നാണ് അർത്ഥം.വളരെ നീളമുള്ള ഏതു വലിയ നദിക്കും ഈ പേരു പറയാമെന്ന് മോണിയർ വില്യംസ് ഡിക്ഷ ണറി. കുടകിൽ ഉത്ഭവിക്കുന്ന കാവേരിയാ കാമെന്ന് കിറ്റേൽ. എഡി 1237 ലെ ബേസരാ ൾ ലിഖിതം ഹോയ്സല വീരസോമേശ്വര ന്റെ രാജ്യം കിഴക്ക് കാഞ്ചി, പടിഞ്ഞാറ്

വേലാവൂര്, തെക്ക് ചാലശ്ശേരവി , വടക്ക് പെർദ്ദോരേ എന്നാണ് പറയുന്നത്. കാവേ രിയുടെ കിഴക്കേ അറ്റത്തുള്ള കാഞ്ചിയും കുടകിലെ ഉത്ഭവസ്ഥാനവും കൂടാതെ പൊന്നാനിക്കടുത്തുള്ള ചാലിശ്ശേരിയും പറയുന്നു എന്നാണ് എപ്പിഗ്രാപിക്ക ഇൻഡിക്ക വാള്യം 5 പറയുന്നത്.(ചാലശ്ശേ രവി). ഈ വാക്ക് ചാലക്കുടിപ്പുഴയെയും പറയാം. ഇരവി അഥവാ സൂര്യ(ചൂർണ്ണി നദി പെരിയാറാണ്.)യും ഭാരതപ്പുഴയും കൂടി മണലിപ്പുഴ വഴിയും , ഭാരതപ്പുഴയും കാവേരിയും കൂടി ഭവാനിപ്പുഴ വഴിയും ബന്ധിതമാണ്. അപ്രകാരം വലിയ ഒരു നദീപ്രവാഹം കുടകുമുതൽ കാഞ്ചിവരേ യും കേരളം വരെയും ഉണ്ട്. പെർദ്ദോരേ കൃഷ്ണാനദിയാണെന്ന് മറ്റു ചിലരും അഭിപ്രായപ്പെടുന്നു.

മാരസിംഹന്റെ വിജയങ്ങൾ നിരവധി പല ലിഖിതങ്ങളിലായി പറയപ്പെടുന്നു. ഗംഗാ വാടി, നോലംബവാടി, പല്ലവ, ചേര,ചോള,

പാണ്ഡ്യ, ഗുർജ്ജര, അല്ല (കൃഷ്ണ 3യുടെ ശത്രു), വിന്ധ്യനിലെ കിരാതരാജാക്കന്മാർ, (മാന്യഖേദത്തിലെ കർക്ക 2 എന്ന ഗോട്ടിഗ നെ രക്ഷിക്കാനായി) കൃഷ്ണ 3യുടെ പൌ ത്രൻ ഇന്ദ്രരാജാ (ഇന്ദ്ര 4)നെ കിരീടം ധരിപ്പി ച്ചത്, വജ്ജലനെന്ന (പാതാളമല്ലന്റെ അനുജ ൻ) ശത്രുവിനെ ജയിച്ചത്, വനവാസി കീഴട ക്കിയത്, കാടുവട്ടിക്കു പോലും കീഴടങ്ങാ ത്ത ഉച്ചംഗിമലക്കോട്ട നശിപ്പിച്ചത്,നരഗനെ ന്ന ശബരരാജകുമാരനെ തോൽപ്പിച്ചത്, ചാലൂക്യരാജകുമാരൻ രാജാദിത്യനെ നശിപ്പിച്ചത്, തപതീതീരവും ഗോണൂർഗ്രാ മവും പാവശേയക്കോട്ടയും പിടിച്ചടക്കി യത്. അദ്ദേഹം ജൈനമതം സ്വീകരിച്ച്, നിരവധി ജൈനക്ഷേത്രങ്ങളും മാനസ്തംഭ ങ്ങളും പണിതു. അവസാനകാലം ബംഗാ പൂരിൽ(ധർവാർ) ജൈനഗുരു അജിതസേ നന്റെ ശിഷ്യനായി വ്രതാനുഷ്ഠാനങ്ങളോ ടെ കഴിഞ്ഞു.

ഈ വിജയങ്ങൾക്കെല്ലാം കാരണം മന്ത്രി ചാമുണ്ഡരായനാണ്. അദ്ദേ ഹം മാരസിംഹന്റേയും പിൻഗാമി രാച്ചമല്ല 2 വിന്റേയും മന്ത്രിയായിരുന്നു. ചാമുണ്ഡ രായപുരാണം അദ്ദേഹം രചിച്ചു. ബ്രഹ്മക്ഷ ത്രവംശജനും അജിതസേനന്റെ ശിഷ്യനും ആ യിരുന്നു. നോലംബകുലാന്തകനായ മാര സിംഹ 2വിന്റെ സേവകരായിരുന്നു ഗോവി ന്ദമയ്യനും മക്കൾ മാബലയ്യനും ഈശ്വരയ്യ നും. മാബലയ്യന്റെ മകനാണ് ചാമുണ്ഡയ്യ. സമരധുരന്ധരനെന്നാണ് അദ്ദേഹത്തിന്റെ ബിരുദം. ഖേദകയുദ്ധത്തിൽ വിജ്ജലദേവ നെ തോൽപ്പിച്ചപ്പോൾ വീരമാർത്താണ്ഡ ബിരുദം കിട്ടി. ഗോണൂരിൽ നോലംബരെ ജയിച്ചപ്പോൾ രണരംഗസിംഹനെന്നും.

മാരസിംഹൻ തനിക്ക് അച്ഛൻ തന്ന വനവാ സിയെ വീണ്ടും ജയിക്കാൻ എന്തിന് ചാമു ണ്ഡരായനെ അയച്ചു. ധർവാർജില്ല കരെ ജ്ജി താലൂക്കിലെ ദേവഗിരിയിൽ എഡി 958ലെ ഒരു

ലിഖിതം, മഥുരവംശത്തിലെ മഹാസാമ്കതാധിപതി ശാന്തിദേവവർമ്മ ൻ പരമ്പരാഗതമായി ലഭിച്ച ത്രികുണ്ഡാധി പതിനാമത്തോടും, നന്ദനവനഛത്രത്തോടും അശ്വലാഞ്ചനയോടും കണ്ണാടിചിഹ്നമുള്ള കൊടിയോടും വനവാസി 12000 വാഴുന്നതാ യി പറയുന്നു. എഡി 878 മുതൽ വനവാസി ഭരണം ചെല്ലകേതനവംശത്തിനാണ്. എഡി 949ൽ കൃഷ്ണ 3 ഈ ഭാഗം ബുഡുഗ 2ആമന് കൊടുത്തു (രാജാദിത്യവധത്തിന്). എന്നാ ലും അദ്ദേഹത്തിനുവേണ്ടി ഭരണം ചെല്ലകേ തനവംശം തുടരാനനുവദിച്ചു. എഡി 963-64ൽ ബുഡുഗൻ മരിച്ചു, മാരസിംഹ 2 രാച്ച ഗംഗനു ശേഷം രാജാവായി. മധുരവംശം ചെല്ലകേതനവംശത്തെ തുരത്തി വനവാസി സ്വന്തമാക്കി, അതിനാലാണ് വനവാസി കീഴടക്കാൻ ചാമുണ്ഡരായനെ

അയച്ചത്. മാരസിംഹ 2വിന് ശേഷം ധർമ്മമഹാരാജാ ധിരാജാ സത്യവാക്യകൊങ്കണിവർമ്മ പാഞ്ചാലദേവനാണ് രാജാവായത്. എഡി 975ൽ അദ്ദേഹം മൂന്നു കടലിനും പെർദ്ദോ രേ നദിക്കും ഇടയിലുള്ള രാജ്യം ഭരിച്ചിരു ന്നതായി പറയുന്നു. പടിഞ്ഞാറൻചാലൂക്യ തൈല 2 രാഷ്ട്രകൂട കൃഷ്ണ 2നെ ആക്രമിച്ച കാലത്ത് പാഞ്ചാലദേവൻ ആ പരിസ്ഥിതി മുതലെടുത്ത് ശക്തനായി. തൈല 2 അദ്ദേഹ ത്തെ വധിക്കയും ചെയ്തു. എഡി 971ൽ മാരസിംഹ 2 ഗംഗാവാടി 96000 ഭരിക്കുന്ന കാലത്ത്, അദ്ദേഹം സെബ്ബി 30 ഭരിക്കുന്നു. എഡി 973ലെ ഗുണ്ടൂർ ലിഖിതപ്രകാരം അദ്ദേഹം 96 ജില്ല ഭരിക്കുന്നുണ്ട്. (ഗംഗാവാ ടി 96000)ഖോട്ടിഗയുടെ പിൻഗാമി കക്ക രണ്ടാമനുശേഷം മാരസിംഹന് ലഭിച്ച രാഷ്ട്ര കൂടസാമ്രാജ്യം, (രാജാദിത്യവധത്തിനു വെച്ച കരാറുകളിൽ ഒന്നാണ് കർക്കനു ശേഷം മാരസിംഹന് രാജ്യം എന്നത്)

പിന്നീട് പാഞ്ചാലദേവന് ലഭിച്ചതാണ്. മുൽഗുണ്ടുലിഖിതം പാഞ്ചാലദേവനെ ചാലൂക്യപഞ്ചാനനനെന്ന് വിളിക്കുന്നു. എഡി 975ൽ മാരസിംഹൻ മരിച്ചിട്ടില്ല. രാജ്യം ത്യജിച്ച് സന്യാസം സ്വീകരിച്ചിരിക്കയാണ്. (ബംഗാപൂരിൽ).

പാഞ്ചാലദേവനുശേഷം രാച്ചമല്ല 2 രാജാ വായി. കൂർഗ്ഗിലെ പെഗ്ഗാവൂരുലിഖിത പ്രകാരം എഡി 978ൽ അദ്ദേഹത്തിന്റെ കാലത്ത്, അന്നനബന്ധനെന്ന രാക്ഷസൻ (അണ്ണ അഥവാ ജ്യേഷ്ഠന്റെ ഭടൻ) പെർദ്ദോരേതീരം ഭരിക്കാനാരംഭിച്ചു. എഡി 984 വരെ ഭരിച്ച രാച്ചമല്ല 2 പടിഞ്ഞാറൻ ഗംഗാ രാജാക്കന്മാരിൽ അവസാനത്തെ ആളാണ്. ഇദ്ദേഹത്തിന്റെ കാലത്താണ് ചാമുണ്ഡരായ ഗോമതേശ്വരവിഗ്രഹം പണിയിച്ചത്. മൂന്ന് ജൈനമതസ്ഥാപകരിൽ ഒരാൾ ചാമുണ്ഡരാ യനാണ്. മറ്റു രണ്ടുപേർ ഹോയ്സലവി ഷ്ണുവർദ്ധനന്റെ മന്ത്രി ഗംഗാരാജനും, നരസിംഹ 1 ആമന്റെ

മന്ത്രി ഹുല്ലനുമാണ്. ഇവർ രണ്ടുപേരും 12ആം നൂറ്റാണ്ടിലാണ്.

തഞ്ചാവൂർ ഗ്രാന്റിലെ ഏറ്റവും പഴയ ഗംഗാരാജാവ് ഹരിവർമ്മൻ എഡി 248 ലാണ്. മെർക്കാറ ഗ്രാന്റിലും കൂർഗ്ഗ് ലിഖിത ത്തിലും എഡി 466ൽ അവിനീതകൊങ്കു രാജാവിനെ പറയുന്നു. മൈസൂർ കുലഗേ രേ ലിഖിതത്തിൽ എഡി 909-910ൽ നീതിമാ ർഗ്ഗനാണ് ഭരിക്കുന്നത്. ഹൊന്നായനഹള്ളി ലിഖിതം അദ്ദേഹത്തിന്റെ ഭരണാരംഭം എഡി 893-94ലാണ് പറയുന്നത്. നോലംബ വാടി പല്ലവനുമായ അവകാശത്തർക്കം കാരണം ഭരണം 895-96ലോണ് ആരംഭിച്ചത്, (തായലൂർലിഖിതം). ഒരു വർഷം വൈകി. എരേയപ്പന്റെ മകൻ രാച്ചമല്ലനെ വധിച്ചാണ് ബുഡുഗ 2 ഗംഗാവാടി കയ്യിലാക്കിയത്.

വല്ലഭദേവന്റെ ആസാം പ്ലേറ്റ് ശകം 1107

5 പ്ലേറ്റുകൾ.12ആം നൂറ്റാണ്ടിലെ വടക്ക ൻലിപി. ഭാഷ സംസ്കൃതം. ഓം നമോ ഭഗവതേ വാസുദേവായ എന്നാരംഭിക്കു ന്നു. പദ്യത്തിലാണ്. വല്ലഭദേവന്റെ വംശാ വലിഃ- ചന്ദ്രവംശത്തിലെ ഭാസ്കരൻ, മകൻ രായാധിദേവ ത്രൈലോക്യസിംഹ അദ്ദേഹ ത്തിന്റെ പത്നി വസുമതി. മകൻ ഉദയക ർണ്ണ നിശ്ശങ്കസിംഹ. ഭാര്യ അഹിയവ്വദേവി. മകൻ വല്ലഭദേവശ്രീവല്ലഭ. ശകം 1157 ഉത്ത രായനം കാലം വല്ലഭദേവ തന്റെ മാതാവി ന്റെ പുണ്യത്തിനായി പിതാവിന്റെ നിർദ്ദേശ പ്രകാരം , കീർത്തിപൂരിനു കിഴക്കുള്ള ഹാപിയച്ചമണ്ഡലത്തിലെ മഹാദേവക്ഷേ ത്രത്തിൽ ഒരു ഭക്തശാലയും അന്നശാലയും ഏർപ്പെടുത്തി. അതിന് ചില ഗ്രാമങ്ങളുടെ നികുതി നീക്കിവെച്ചു. ഇതിന്റെ നടത്തിപ്പ് 5 പേരെ ഏൽപ്പിച്ചു. 1184-85ലെ ഡിസംബ റിലാണ് രേഖ. സപ്തഗ്രൈംങ്ങളാണ് ഇതി ന്റെ നടത്തിപ്പിന് വിട്ടുകൊടുത്തത്. ചാടി,

ദേവുനുക്കോഞ്ചി, സജ്ജാപിക,
വംഗക, സംസ്രാഹിക്കോഞ്ചിക,
ദോശ്രീപാടക, ശൌചിപാടക.
അതിർത്തികൾഃ കിഴക്ക്
മുണ്ടകാശ്വത്ഥ, പടിഞ്ഞാറ്
ഗോശ്രീധര, വടക്ക് രാജകാണി, തെക്ക്
കർദ്ദമാളിക. ഈ അതിർത്തികൾക്ക്
പുറത്തുള്ള മൈത്തദാ , ദ്വാരിപാതാ
ഇവയും 6 ചേരികളും, അച്ച
ദാഹേദികയും കൂടി കൊടുത്തു.
ക്ഷേത്രസേ വകരായി താത്തി, പാദരു,
വാത്തോല, ലോഹത്തടി, രസായന
എന്നിവരേയും അവരുടെ
ഭാര്യമാരേയും കുട്ടികളേയും (പരമ്പര)
നിയമിച്ചു. ഭാസ്കരൻമുതൽ
വല്ലഭദേവൻ വരെയുള്ള എന്റെ വംശം
ക്ഷയിച്ചാലും ധർമ്മമോ കീർത്തിയോ
കൈ വിടാറില്ല ഇനി വരുന്ന
രാജാക്കന്മാരും അത് പാലിക്കുമെന്നും
പറഞ്ഞിരിക്കുന്നു. വേദജ്ഞരായ
ബ്രാഹ്മണർ നിശ്ചയിച്ച പ്രകാരം ഭൂമി
സംരക്ഷിക്കാത്ത പക്ഷം
ആദിവരാഹം രൂപമെടുത്ത് ശിക്ഷ
കൊടു ക്കും. ഭക്തന്മാർക്കുള്ള ഈ

ഭോജനശാല സംരക്ഷിക്കുന്നവർ പരമ്പരയായി സ്വർഗ്ഗം ഭുജിക്കും. ഇതിനെ നശിപ്പിക്കുന്നവരുടെ പൂർവ്വീകരും കൂടി കൃമികളെപ്പോലെ ദഹി പ്പിക്കപ്പെടും. സഗരൻ മുതൽ നിരവധി രാജാക്കന്മാർ ഭൂമിയെ ഭരിച്ചു.അവരെല്ലാം ഭൂമിയെ ഇപ്രകാരം ദാനം ചെയ്തവരാണ്.

കൃഷ്ണ 3ന്റെ ദിയോളി പ്ലേറ്റുകൾ ശകം 862

നാഗ്പൂരിനടുത്ത് വാർദ്ധക്ക് 10 തെക്കുപ ടിഞ്ഞാറാണ് ദിയോളി. 3 പ്ലേറ്റ്. ചതുരസ്രീ ലിൽ നാഗങ്ങളെ കയ്യിലേന്തിയ ശിവൻ. ശിവന്റെ വലത്ത് വശം മുകളിൽ നിന്ന് താഴേക്ക് ഗണപതി, ചാമരം, വിളക്ക്. ഇട ത്ത് സിംഹാരൂഢയായി പാർവ്വതിയും താഴെ സ്വസ്തികവും. ചിത്രത്തിനു താഴെ ശ്രീമതോ അർത്ഥദസ്യ, സീലിന്റെ പാർശ്വ ത്തിൽ ശിവലിംഗവും അങ്കുശവും കാണാം.

നാഗപുരനന്ദിവർദ്ധനവിഷയത്തിലെ

താലപുരുംഷകഗ്രാമം, ഋഷിയപ്പയ്യനെ ന്ന ബ്രാഹ്മണനു കൊടുക്കുന്ന രേഖയാണ്. കാണ്വ, ഭരദ്വാജഗോത്രം വേദയാജിയാണ്. രാഷ്ട്രകൂട അകാലവർഷ കൃഷ്ണ 3, തന്റെ സഹോദരനായ ജഗത്തുംഗന്റെ നാമത്തിൽ, മാന്യഖേദത്തിലിരിക്കവെയാണ് ദാനം. വൈശാഖകൃഷ്ണപഞ്ചമി, എഡി 940-41 നാണ് .

വംശാവലിഃ 1. ദന്തിദുർഗ്ഗ. 2. കൃഷ്ണരാജാ 1 എന്ന പിതൃസഹോദരൻ.എല്ലോറയിലെ കൈലാസം ഉൾപ്പെടെ നിരവധി ശിവക്ഷേ ത്രം ഡെക്കാനിൽ പണിതു. 3. കൃഷ്ണരാ ജന്റെ മകൻ ഗോവിന്ദരാജൻ രണ്ടാമൻ . 4. അദ്ദേഹത്തിന്റെ സഹോദരൻ നിരുപമനെ ന്ന കലിവല്ലഭൻ.ഗോവിന്ദനെ ലൌകികസു ഖാസക്തി കാരണം രാജ്യകാര്യം നോക്കാ ത്തതിനാലാണ് സ്ഥാനത്തുനിന്ന് മാറ്റി നിരു പമനെ രാജാവാക്കിയത്. 5. നിരുപമന്റെ മകൻ ജഗത്തുംഗൻ. 6 ജഗതുംഗന്റെ മകൻ

അമോഘവർഷനൃപതുംഗൻ.ദിഗംബ രജൈനരുടെ രക്ഷിതാവായിരുന്നു. 7. മകൻ അകാലവർഷ കൃഷ്ണരാജാ.രണ്ടാമൻ. 8. മകൻ ജഗതുംഗ രണ്ടാമൻ നേരത്തേ മരിച്ച തിനാൽ ഇന്ദ്രരാജാ രാജാവായി. . 9. ജഗതും ഗ 2വി ന്റെ മകൻ ഇന്ദ്രരാജമൂന്നാമൻ 10 മകൻ അമോഘവർഷ നേരത്തേ മരിച്ചു. . 11. ഇന്ദ്രരാജന്റെ സഹോദരനായ അമോഘ വർഷൻ,രാജാവായി. 12 ഗോവിന്ദ 4. (സാം ഗിലി ഗ്രാന്റ്) 13. അമോഘവർഷന്റെ മകൻ കൃഷ്ണരാജാ. 3. കണ്ണരദേവ ഇദ്ദേഹത്തെ ബഡുഗനാണ് സഹായിച്ചത്. രാജാദിത്യനെ യും രാച്ചമല്ലനേയും നശിപ്പിച്ച് ചോള, ഗംഗ വംശങ്ങളെ നശിപ്പിച്ചത് ഇദ്ദേഹമാണ്.

രാഷ്ട്രകൂടവംശം യാദവനായ സാതൃകിയു ടെ വംശമാണ്. തുംഗനെന്ന നാമം അവർ സ്വീരിക്കാറുണ്ട്. വടക്ക് നർമ്മദയും തെക്ക് തുംഗഭദ്രയുമുള്ള പ്രദേശത്ത് ദന്തിദുർഗ്ഗനി ൽ നിന്നാണ്

വംശാരംഭം. കൃഷ്ണ 3 ന്റെ കാലത്തോടെ പ്രബലമായ ചോളവംശവു മായി നടത്തിയ ഉപജാപങ്ങൾ കാണാം. രാച്ചമല്ലനെ വധിച്ച് ബുഡുഗ ഗംഗാപതിയാ യി. കൃഷ്ണന്റെ മകളെ വിവാഹം കഴിച്ച് രാജ്യം സ്ത്രീധനമായി വാങ്ങി രാജാദിത്യ നെ വധിച്ചു. കൃഷ്ണ 3 , മാലസിംഹനോട് (ബുഡുഗന്റെ മകൻ) കർക്ക 2വിനു ശേഷം രാഷ്ട്രകൂടസിംഹാസനം വാഗ്ദാനം ചെ യ്തിരുന്നു. അതും ബുഡുഗൻ രാജാദിത്യ നെ വധിച്ചതിന് പ്രതിഫലമാണ്. കൃഷ്ണ 3 കീഴടക്കിയ പല്ലവൻ അന്നിഗപല്ലവനാണ്. ദന്തിഗനും ബപ്പുകനും ആരെന്ന് വ്യക്തമല്ല. കാഞ്ചി പല്ലവരാവാനുള്ള സാദ്ധ്യത ചൂണ്ടി ക്കാട്ടപ്പെടുന്നു.

അപ്പയ്യനെന്ന നാമം തെക്കേ ഇന്ത്യക്കാരനാ ണ് ദാനം സ്വീകരിച്ചതെന്ന് കാണിക്കുന്നു. അദ്ദേഹം ശുക്ലയജുർവ്വേദത്തിലെ കാണ്വശാ ഖയാണ്. താലപുംരുഷകഗ്രാമത്തിന്റെ

അതിർത്തികൾ കിഴക്ക്
മാടാത്തദിൻധാര, തെക്ക്
കൻഹനാനദി, പടിഞ്ഞാറ് മോഹമാ
ഗ്രാമം, വടക്ക് വധ്രീര.

പരമഭട്ടാരക മഹാരാജാധിരാജാ
പരമേശ്വ ര അകാലവർഷദേവ
പൃഥ്വീവല്ലഭ വല്ലഭന രേന്ദ്രദേവ
(പരമഭട്ടാരക മഹാരാജാധിരാ ജാ
പരമേശ്വര അമോഘവർഷദേവന്റെ
പദാനുധ്യായിയും മഹേശ്വരഭക്തനും)
മാന്യഖേടമെന്ന തലസ്ഥാനത്തിരുന്ന്,
ശകം 862, വൈശാഖകൃഷ്ണപഞ്ചമി
ശർവ്വരിവ ർഷം, ജീവനേക്കാളും
പ്രിയപ്പെട്ട അനുജൻ
ജഗത്തുംഗദേവന്റെ പുണ്യത്തിനായി
ചെയ്ത ദാനം. നന്ദിവർദ്ധനത്തിൽനിന്ന്
വന്ന ഭരദ്വാജഗോത്രം
വാജികാണ്വശാഖയി ലെ
ഭൈല്ലപുത്രനായ ഋഷിയപ്പയ്യനെന്ന
വേദ ജ്ഞന്
നാഗപുരനന്ദിവർദ്ധനത്തിലെ താല
പുംരുഷകഗ്രാമം ധാന്യവും
സ്വർണ്ണവും ഉൾപ്പെടെ എല്ലാ
അളവുകളോടും കൂടി, എല്ലാ

വിളവുകളോടും നേരത്തേ ഉള്ള 4 അതിർത്തികളോടും കൂടി ബ്രഹ്മദേയമായി കൊടുത്തിരിക്കുന്നു. ഇവിടെ ഋഷ്യപ്പയ്യയു ടെ കൃഷിയോ മറ്റു പ്രവൃത്തികളോ തടസ്സ പ്പെടുത്താൻപാടില്ല.ചേവാനന്നവേര യുടെ സഹോദരൻ യോഗ്രാഷ്ട്യൻ കൊത്തിവെച്ച ത്.

ചോളരാജാക്കന്മാരുടെ കാലം ലിഖി തങ്ങൾ

1 രാജരാജചോള

മണിമംഗലം വൈകുണ്ഠപ്പെരുമാൾ ക്ഷേ ത്രം. 15ആവതു ഇഷഭഞായിറ്റു പൂർവ്വപ ക്ഷത്തു ദശമിയും വിയാളക്കിളമൈയും പെറ്റ അത്തത്തിൻ നാൾ. രാജരാജചോളന്റെ 15ആം ഭരണവർഷം എഡി 999-1000. എഡി 999 ഏപ്രിൽ 27 ആണെന്ന് കരുതുന്നു.

2 കുലോത്തുംഗചോള 1 മണിമംഗലം രാജ ഗോപാലപ്പെരുമാൾ ക്ഷേത്രം. 48ആവതു കുംഭഞായറ്റു

പൂർപ്പപക്ഷത്തു ദ്വാദശിയും വെള്ളിക്കിളമൈയും പെറ്റ ചതയത്തുന്നാ ൾ.

3 കുലോത്തുംഗചോള 3 ധർമ്മേശ്വരം ക്ഷേ ത്രം മണിമംഗലം. യാണ്ടു 29ആവതു മീന ഞായറ്റു പൂർവ്വപക്ഷത്തു സത്തമിയും ബുധൻകിളമൈയും പെറ്റ മിരുഗശിരിഷ ത്തുന്നാൾ .1178ലാണ് ഇദ്ദേഹത്തിന്റെ ഭര ണാരംഭം.(8 ജൂൺ- 8 ജൂലൈ വരെയുള്ള കാലം.) എഡി 1207ൽ 29ആം വർഷം. (7 മാർച്ച് ബുധനാഴ്ച 1207)

ഉത്തരമേരൂരിലെ വൈകുണ്ഠപ്പെരുമാൾ ക്ഷേത്രത്തിലെ അദ്ദേഹത്തിന്റെ 37ആം വർഷലിഖിതം. 1215 ജൂൺ 7 (മിഥുനം ഞായർ പൂർവ്വപക്ഷനവമി അത്തം)

മണിമംഗലം രാജഗോപാലപ്പെരുമാൾ ക്ഷേത്രത്തിലെ ലിഖിതം- 20ആം വർഷം സ്വാതിനക്ഷത്രം ഋഷഭത്തിലെ പൂർവ്വപക്ഷ ദശമി വ്യാഴാഴ്ച . 1200 മേയ് 25.

വക്കലേരി പ്ലേറ്റ്
കീർത്തിവർമ്മൻ ശകം 679

മൈസൂർ കോലാർജില്ല ഹോബിലിയിലാ ണ് വക്കലേരി. 5 പ്ലേറ്റ്. എലിപ്റ്റിക്കൽ സീൽ. വലത്തോട്ട് തിരിഞ്ഞ് നിൽക്കുന്ന വരാഹം. തഗർച്ചേഡു ,കർണൂലെന്നിവി ടങ്ങളിലെ പടിഞ്ഞാറൻ ചാലൂക്യ വിനയാ ദിത്യന്റെ ലിഖിതങ്ങളിലെ തെക്കൻ ലിപി. ഭാഷ സംസ്കൃതം. 1-2 വരി (വിഷ്ണുസ്തു തി) 72-76 വരി (വ്യാസവാക്യം) പദ്യം. ബാ ക്കി ഗദ്യം. 2ആം വരിയിലെ ആജ്ഞാപയ തി എന്നു മുതൽ 61ആം വരി വരെ ഒരേ വാക്യമാണ്.കളഭ്ര,കേരള,തോള,സിം ഹളപദങ്ങളിലും പാലിധ്വജത്തിലും ദ്രാവിഡ ളകാരം ഉപയോഗിക്കുന്നു ശ്രീപൃഥ്വീവല്ലഭനെന്ന് വിളിക്കുന്ന മഹാരാ ജാധിരാജ പരമഭട്ടാരകപരമേശ്വര കീർത്തി വർമ്മ(2)സത്യാശ്രയൻരെ ലിഖിതമാണ്. ശകം 679

കഴിഞ്ഞ്,ഭാദ്രപാദപൌർണ്ണമിക്ക് 11ആം ഭരണവർഷത്തിൽ ഭീമരഥീനദിയുടെ വടക്കേ തീരത്തുള്ള ഭണ്ഡാരകവിത്തഗേ ഗ്രാമത്തിലിരിക്കവേ രാജാവ്, ദോസിരാജാ വിന്റെ അപേക്ഷപ്രകാരം, സുള്ളിയൂർ ഗ്രാമവും നെംഗിയൂരും നന്ദിവള്ളിയും ദാനം ചെയ്തു. ഇവ അരദോരേ നദിക്ക് തെക്കേ കരയിൽ, പാനുങ്കൽ വിഷയത്തിൽ താമരമുഖേ, പാനുങ്കൽ, കരുവള്ളി, ബാല വൂരു എന്നീ ഗ്രാമങ്ങളുടെ മദ്ധ്യത്തിലാണ്. കാമകായനഗോത്രം, ഋഗ്,യജുർവേദശാഖ, വിഷ്ണുശർമ്മന്റെ പൌത്രനും കൃഷ്ണശ ർമ്മന്റെ പുത്രനും ആയ മാധവശർമ്മനാണ് ദാനം. മഹാസന്ധിവിഗ്രഹിക അനിവാരിത ധനഞ്ജയനെന്ന പുണ്യവല്ലഭൻ എഴുതി. എഡി 757 സെപ്റ്റംബർ 2 നാണ് ഇത്. ഷോലാപൂർ ജില്ലയിലെ ഭണ്ഡാരകൌത്തേ (ഇപ്പോൾ കൌത്തേ) സീനയിലേക്ക് ചേരുന്ന അരുവീതീരത്താണ്. സീന

ഭീമയിലേക്ക് ചേ രുന്നു. ധർവാർ ജില്ലയിലെ ഹങ്കലാണ് പാ നുങ്കൽ. ഹങ്കലിന് 3 മൈൽ തെക്കുകിഴക്ക് ബാലൂരാണ് ബാലവൂരു. കീർത്തിവർമ്മ ന്റെ പിതാവ് വിക്രമാദിത്യന്റെ (2) കാഞ്ചി ലിഖിതവും അനിവാരിതപുണ്യവല്ലഭനാ ണ് എഴുതിയിരിക്കുന്നത്. കീർത്തിവർമ്മ ന്റെ വംശാവലി പോളേകേശിവല്ലഭനിൽനി ന്ന് ആരംഭിക്കുന്നു. (പുലകേശി 1)

മിണ്ടിഗൽ ലിഖിതം രാജാധിരാജാ ശകം 979

കോലാർജില്ല ചിന്താമണിയിൽനിന്ന് 14 മൈ ൽ വടക്കുപടിഞ്ഞാറാണ് മിണ്ടിഗൽ. 9ാ ം വരിൽ ഇതിന്റെ പഴയ പേര് മിണ്ടുംഗല്ല് എന്നാണെന്ന് പറയുന്നു. കോയക്കോരേനാ ടിലാണ് ഇതെന്നും. മിണ്ടുഗലിലെ തട്ടാനാണ് ഈ ശിലാലിഖിതം പകർത്തി ശ്രീ കൃഷ്ണ സ്വാമിക്ക് കൊടുത്തത്.


ഇതിന്റെ താഴെ നിധി ഉണ്ടെന്നായിരുന്നു നാട്ടിലെ വിശ്വാസം. മിണ്ടിഗലിലെ വടക്കുകിഴക്കേ വയ ലിലെ സോമേശ്വരക്ഷേത്രത്തിലെ പ്ലാറ്റ്ഫോമിൽ ഉറപ്പിച്ച കല്ലിലാണ് ലിഖിതം. മുകളി ൽ പശുവും കുട്ടിയുമുണ്ട്. ലിപി കന്നഡ. ഭാഷയും കന്നഡ. ചില തമിഴുപദങ്ങളുണ്ട്. (കോഇരാജകേസരിപന്മരാന ഉടൈയാർ, യാണ്ടു മുതലായവ) .സോമേശ്വരക്ഷേത്ര ത്തിന് ഭൂമിയും എണ്ണമില്ലും കൊടുത്ത രേഖയാണ്.ദണ്ഡനായക അപ്പമയ്യയാണ് കൊടുക്കുന്നത്. അദ്ദേഹത്തിന് രാജേന്ദ്രചോ ള ബ്രഹ്മമാരായനെന്ന് പേരുണ്ട്. വള്ളൂരി ശിബിരത്തിലിരുന്ന് മാരാജവാടി 7000 ഭരി ക്കുകയാണ് അദ്ദേഹം. മുരുഗണമലൈ മുത്തരശന്റെ മകൻ രാജേന്ദ്രചോളപോംപാലമാരായനെന്ന ബൈരയ്യൻ സോമേശ്വരക്ഷേ ത്രം പുനരുദ്ധരിച്ചു.

ദാനം ചെയ്തത് രണ്ട് ജലസേചനപദ്ധതികളോടുകൂടിയ ഭൂമിയാ ണ്. ബഢഗണപൊംപാലക്കട്ട് അപ്പമയ്യനും പല്ലവക്കടേടേ ബൈരയ്യനുമാണ് നിർമ്മിച്ച ത്. രാജകേസരിവർമ്മ രാജാധിരാജദേവ ന്റെ 30ആം ഭരണവർഷം (എഡി 1047-48) എഡി 1011-12 മുതൽ 1033 വരെ രാജേന്ദ്ര(1) ചോളനാണ് ഭരിക്കുന്നത്. 1018 മുതൽ രാജേ ന്ദ്രന്റെ കൂടെ രാജാധിരാജനും ഭരിക്കുന്നു ണ്ട്. അപ്പമയ്യനും ഭൈരയ്യനും രാജേന്ദ്രചോ ള ബ്രഹ്മരായനെന്നും രാജേന്ദ്രചോളപോം പാല മാരായനെന്നും ബിരുദമാണ്. രാജാധി രാജന്റെ 29ആം ഭരണവർഷത്തിലെ മണിമം ഗലം ശാസനത്തിൽ അദ്ദേഹം ചെയ്ത മഹ ദ് കൃത്യങ്ങൾ പറയുന്നുണ്ട്. രാജരാജ 1 നെ അനുകരിച്ച് കാന്തളൂർശാല നശിപ്പിച്ച് ചേരരാജാവിന്റെ ശക്തി ഇല്ലാതാക്കിയ താണ് ഒന്ന്. ശേരമാനശാലേയും കൊണ്ട എന്ന ബിരുദം ഇതാണ്. വീരപാണ്ഡ്യൻ തലൈ കൊണ്ട എന്ന

ബിരുദവും കാണുന്നു, ആദിത്യകരികാലന്റെയും രാജരാജചോള ന്റെയും സൈന്യാധിപനായി പ്രവർത്തിച്ച വന്തിയത്തേവന്റെ പേരാണ് രാജരാജനരേ ന്ദ്രനെന്നത്. അദ്ദേഹമാണ് രാജേന്ദ്ര 1 ന്റെ സൈന്യാധിപനായി അക്കാലത്ത് വെങ്കി വൈസ്രോയിയായി രാജാധിരാജനായിരു ന്നത്. മറ്റു ലിഖിതങ്ങളിൽ മഹാരാജപ്പാടി, മാരായവാടി, മർജവാടരാജ്യം എന്ന് പറ യുന്നതാണ് മാരാജവാടി 7000. കഡപ്പയുടെ വടക്കുപടിഞ്ഞാറാണ് വള്ളൂര്. ചിന്താമ ണിക്ക് അടുത്ത് മുരുഗമലൈ മുരുഗൻമലേ. സോമേശ്വരക്ഷേത്രത്തിന് തൊട്ടു കിഴക്ക് പല്ലവക്കെട്ടിന്റെ

അവശിഷ്ടങ്ങളുണ്ട്.

Mindigal Inscription of Rajadhiraja.—Saka-Samvat 970.



WIELE & KLEIN, PHOTO.

SCALE ·12.


ചോളനസിംഹനാമത്തിലുള്ള കോളഗ കൊ ണ്ട് അളന്ന് ഒരു കണ്ഡൂകം ഭൂമിയാണ് പല്ല വക്കട്ടിനാൽ ജലസേചനം ചെയ്യപ്പെടുന്നതാ യി ദാനം ചെയ്തത്. വടക്കേ പൊംപാല ക്കട്ടിന് 5 കോലഗ വയലും, നിത്യനന്ദാവിള ക്കിന് ഒരു എണ്ണമില്ലും, പൂജാരിക്ക് 10 കോലഗ വയലും കൊടുത്തു. ഈ ദാനം നശിപ്പിക്കുന്നവർക്ക് പശുഹത്യ, ബാണരാ ശിരാജ്യം നശിപ്പിച്ച പാപം ഇവ പറയുന്നു.

മഹോദയത്തിലെ ഭോജദേവ 1 ദൌലത്പുര പ്ലേറ്റ്. ഹർഷസംവത് 100

രജപുത്താനയിലെ മാർവാഡ് (ജോധ്പൂർ) , ദിദ്വാനാനഗരത്തിന്റെ 7 മൈൽ കിഴക്ക് വട ക്കുകിഴക്കായി പുരാതനമായ ശിവഗ്രാമ ത്തിലെ (സേവ) ക്ഷേത്രാവശിഷ്ടങ്ങളുടെ ഇടയിൽനിന്ന് കിട്ടിയത്. ഒരു പ്ലേറ്റ് . ഒരു ഭാഗത്തേ ലിഖിതം ഉള്ളു. മഹേന്ദ്രപാലന്റെ

ദിഗ്വാദുബൌളിപ്ലേറ്റിനോടും വിനായകപാ ലന്റെ പ്ലേറ്റിനോടും സാദൃശ്യമുണ്ട്. ഭാരമു ള്ള പിച്ചളസീലുണ്ട്. അതിന്റെ മുകൾഭാഗം വളഞ്ഞ ശിഖരമാണ്. അതിൽ നിൽക്കുന്ന ഒരുരൂപമുണ്ട്. വടക്കൻലിപി. മഹേന്ദ്ര പാല, വിനായകപാല ലിഖിതത്തേക്കാളും പഴക്കമുള്ള ലിപിയാണ്. 16ആം വരിയിൽ 100, 10 ,3 എന്നീ സംഖ്യകളുണ്ട്. ഭാഷ സംസ്കൃതം. 15-16 വരി പദ്യം. ബാക്കി ഗദ്യം. മഹോദയമെന്ന തന്റെ രാജധാനിയി ലിരിക്കുന്ന ഭോജദേവൻ തന്റെ പൂർവ്വപ്ര പിതാമഹന്മാരിൽ ഒരാളായ മഹാരാജാ വത്സരാജദേവൻ കൊടുത്തതും, മുത്തശ്ശൻ നാഗഭട്ടദേവൻ പുതുക്കിക്കൊടുത്തതും ആയ ദാനം മഹോദയത്തിലെ ജനങ്ങളിൽ ഒരാളുടെ അഭ്യർത്ഥനപ്രകാരം വീണ്ടും പുതുക്കിക്കൊടുത്തു. ഗുർജ്ജരാത്രഭൂമിയിലെ ദെന്ദ്വാനകവിഷയ ത്തിലെ

ശിവഗ്രാമം ആണ് ഇപ്രകാരം പുനർദ്ദാനം ചെയ്തത്. പ്രഭാസനാൽ കൊടുക്കപ്പെട്ട ശാസനത്തിന്റെ ദൂതകൻ യുവരാജാ നാഗഭട്ടൻ. ഹർഷവർഷം 100. ഫാൽഗുനം ശുക്ലത്രയോദശി.



ഇതിൽനിന്ന് 55 വർഷം കഴിഞ്ഞാണ് ദിഗ്വാ ദൂവാലി പ്ലേറ്റ്. അത് ഭോജദേവന്റെ മകൻ മഹേന്ദ്രപാലന്റേതാണ്. മഹേന്ദ്രപാലന്റെ മകൻ ഭോജദേവ 2. അദ്ദേഹത്തിനു ശേഷം അർദ്ധസഹോദരനായ (മറ്റൊരു അമ്മയുടെ മകൻ) വിനായകപാല. മഹോദയമെന്നത് പണ്ട് കന്യാകുബ്ജത്തിന് (കാനൂജ്) ഉണ്ടാ യിരുന്ന നാമമാണ്. എന്നാൽ കാനൂജിൽനി ന്ന് 250 മൈൽ തെക്കുകിഴക്കും, 150 മൈൽ

വടക്കുകിഴക്കും ആണ് ഈ രണ്ട് ലിഖിതം കിട്ടിയിരിക്കുന്നത്. മഹേന്ദ്രവർമ്മന്റെ പ്ലേറ്റിലെ 14ആം വരി ശ്രീമദ് ഭാകപ്രയു ക്തസ്യ ശാസനസ്യ സ്ഥിരായതേ എന്നാണ്. വിനായകപാലന്റേതിൽ ശ്രീമദ് ഹർഷേണ പ്രയുക്തസ്യശാസനസ്യ സ്ഥിരായതേ എന്നും. ഈ ലിഖിതത്തിലെ 15-16 വരിക ളിൽ പ്രഭാസേന പ്രയുക്തസ്യ ശാസനസ്യ സ്ഥിരായതേ ശ്രീമാൻ നാഗഭടോ നാമ യുവ രാജോത്ര ദൂതക എന്നുണ്ട്. പ്രഭാസേന പ്ര യുക്തം എന്നാൽ പ്രഭാസനാൽ നൽകപ്പെട്ട ശാസനമാണ്. ഇതേ അർത്ഥം എടുത്താൽ ഭാഗനും ഹർഷനുമാണ് മറ്റു 2 ശാസനം കൊടുത്തത്. ഈ ലിഖിതത്തിലെ ശാസനം ഭോജദേവനാണ് പ്രഭാസനല്ല കൊടുക്കുന്ന ത്. അതിനാൽ ഭോജദേവന്റെ യഥാർത്ഥ നാമമാവണം പ്രഭാസനെന്നത്. ഗുർജ്ജരാത്ര ഭൂമി ഗുജറാത്ത് ആവണം. എഡി 706 മാർച്ച് 2 ആണ് എന്ന് ഈ ലിഖിതകാലം

കണക്കാക്കുന്നു. (അതായത് ഹർഷവർഷം 606 കഴിഞ്ഞ് 100 വർഷം).

വംശാവലിഃ മഹാരാജാ രാമഭദ്രദേവ, ഭോജദേവ 1 , മഹേന്ദ്രപാലദേവ, (സ്രിയദോ നി ലിഖിതം ഇവരെല്ലാവരും ഇന്ദ്രന്റെ അമ രാവതിക്ക് തുല്യമായ മഹോദയം തലസ്ഥാ നമാക്കി വാണിരുന്നതായി പറയുന്നു). ഭോജദേവ പടിഞ്ഞാറൻ തീരത്തും വിനായ കപാലൻ കാശിയിലും മഹോദയപുരം തലസ്ഥാനമാക്കിയാണ് ഭരിക്കുന്നത്. പടി ഞ്ഞാറ് ദീദ്വാന മുതൽ കാശിവരെ 540 മൈലുണ്ട്. ഹർഷനും മഹോദയരാജാക്ക ന്മാരും തമ്മിലെങ്ങനെ ബന്ധം വന്നു എന്ന് കൃഷ്ണസ്വാമിക്ക് പറയാനാവുന്നില്ല. ഇവിടെയാണ് ഞാൻ നേരത്തെ തന്നിട്ടുള്ള വംശാവലികളും ഇന്ത്യയിലെ എല്ലാ രാജ വംശവും പരസ്പരമുള്ള ബന്ധവും ശ്രദ്ധി ക്കേണ്ടത്. കേരളത്തിലെ മഹോദയപുരം എന്ന

മൂഷകവംശരാജധാനിയും മൂഷകവം ശബന്ധവും, പുലകേശി 2 ന്റെ മകളെ വിവാ ഹം ചെയ്ത ഹർഷൻ ഷോഡശദാനം ചെ യ്തതും ചക്രവർത്തിയായതും നേരത്തെ എഴുതി.

ഓം സ്വസ്തി! ശ്രീ മഹോദയാവാസിതാനേകനൌഹ സ്ത്യശ്വരഥപത്തി എന്നത് സൈന്യം അധിവസിക്കു ന്ന മഹോദയമെന്ന സ്കന്ദാവാരത്തെയാണ് പറയുന്നത്. മഹോദയം അനേക നാവ,ഹ സ്തി, അശ്വം, രഥം ഇവകളുള്ളതാണെന്ന പരാമർശം നോക്കുക.ചതുരംഗപ്പട കൂടാ തെ അനേകം പടക്കപ്പലുമുള്ള മഹോദയം   സമുദ്രതീരനഗരമായ കേരളത്തിലെ മഹോ ദയപുരമാവണം. 16 വരിയുള്ള ലിഖിതം കൂടാതെ സീലിലും 10 വരിയുണ്ട്.അത് ഇപ്രകാരം.

പരമവൈഷ്ണവോ മഹാരാജശ്രീ ദേവശ ക്തിദേവ തസ്യ പുത്രസ്തത്പദാനുധ്യാത

ശ്രീഭൂയികാദേവ്യാം ഉത്പന്ന
പരമമഹേശ്വ രോ
മഹാരാജശ്രീവത്സരാജദേവീ തസ്യ
പുത്രസ്തത് പദാനുധ്യാത ശ്രീസുന്ദരീദേ
വ്യാം ഉത്പന്ന പരമഭഗവതീഭക്തോ
മഹാ രാജശ്രീ നാഗഭട്ടദേവ
തസ്യപുത്രസ്തത് പദാനുധ്യാത ശ്രീമദ്
ഈശാതദേവ്യാം ഉത്പന്ന
പരമാദിത്യഭക്തോ ശ്രീരാമഭദ്രദേ വ
തസ്യപുത്രസ്തത് പദാനുധ്യാത ശ്രീമദ്
അപ്പാദേവ്യാം ഉത്പന്ന പരമഭഗവതീഭ
ക്തോ മഹാരാജശ്രീഭോജദേവ

ഇവിടെ കാണുന്ന പ്രത്യേകത ഈ രാജവംശ ത്തിലെ വ്യക്തികൾ വൈഷ്ണവരോ ശൈ വരോ സൂര്യാരാധകരോ ഭഗവതീഭക്തരോ ആണെന്നതാണ്. ഭട്ടഹർഷുകനാണ് ഭോജരാ ജാവിനോട് പഴയ ദാനകഥ സൂചിപ്പിക്കു ന്നത്. ഭോജന്റെ മുത്തച്ഛനായ വത്സരാജദേ വനാണ് ഹർഷുകന്റെ മുത്തശ്ശനായ ഭട്ടവാ സുദേവന് ആചന്ദ്രതാരം ഭൂമി ദാനം ചെ യ്തത്. വാസുദേവൻ അതിലെ ആറിലൊന്ന് ഭാഗം ഭട്ട വിഷ്ണുവിന്

നൽകി. മഹാരാജാ നാഗഭട്ടദേവൻ അത് അനുവദിച്ച് ഒപ്പുവെ ച്ചു. അതിന് കാലഹരണം സംഭവിച്ചതിനാ ലാണ് പുതുക്കിക്കൊടുക്കണമെന്ന് അപേ ക്ഷിച്ചത്. ഭട്ട വാസുദേവൻ കശ്യപഗോത്രം ഋഗേ്വദത്തിലെ അശ്വലായനശാഖ. ഭട്ടവി ഷ്ണു കാത്യായനഗോത്രം അശ്വലായന ശാഖ.

അബ്ബലൂർ(അബ്ലൂർ)ലിഖിതങ്ങൾ

ധർവാർജില്ല കോഡ് താലൂക്ക്, കോഡിൽനി ന്ന് 2 മൈൽ പടിഞ്ഞാറാണ് അബ്ബലൂരുഗ്രാ മം. . ബനവാസി 12000 ലെ നാഗരഖണ്ഡ 70 യിലാണ് ഇത്. ഇതിലെ 5ആം ലിഖിതം 12 ആം നൂറ്റാണ്ടിൽ ശൈവമതം പുനരുദ്ധരി ക്കപ്പെട്ടത് പറയുന്നു. 1, 2 ഇവ എഡി 1104 ലെ വിക്രമാദിത്യ 4ആമന്റെ യാണ്. ഇവ രണ്ടും ഒന്നിന്റെ തന്നെ കോപ്പികളാണ്. ഗ്രാമത്തിലെ മുഖ്യനായ ഗാവുണ്ട ബമ്മ (ബ്രഹ്മ) പണിത പഴയ ബ്രഹ്മേശ്വരശിവക്ഷേ ത്രത്തിലാണ് ഇവ കാണുന്നത്.

(ഇപ്പോളിത് ബസവേശ്വരക്ഷേത്രമെന്ന് അറിയുന്നു) ഒന്ന് ശിവക്ഷേത്രത്തിനു പുറത്തും മറ്റേത് അക ത്തുമുള്ള ശിലകളിലാണ്. ഒന്നിൽ 85 വരി, രണ്ടിൽ 91 വരി. രണ്ടിലും ഗർഭഗൃഹത്തി ലെ ശിവലിംഗവും പൂജാരിയും മുകളിൽ വരച്ചിരിക്കുന്നു. വലത്തുവശത്ത് മുകളിൽ സൂര്യനും താഴെ നിൽക്കുന്ന ആളും നന്ദി യും ഉണ്ട്. ഇടത്തുവശത്ത് മുകളിൽ ചന്ദ്ര നും താഴെ നിൽക്കുന്ന ആളും പശുവും കുട്ടിയും. ലിപി കന്നഡ. രണ്ടും എഴുതിയത് വ്യത്യസ്തരാണ്. രൂവാരി ഹൊന്നോജ , രൂവാരി സോവോജ. രൂവാരി രൂപകാരി അഥവാ ശിൽപ്പിയാണ്. ശിവസ്തുതിയും മംഗളവും ഒഴികെ എല്ലാം കന്നടഭാഷ.ഗദ്യ വും പദ്യവുമുണ്ട്.

വിക്രമാദിത്യന്റെ 26ആം വർഷവും 29ആം വർഷവും (എഡി 1101, എഡി 1104) കൊടു ത്ത ദാനങ്ങളാണ്. ആദ്യത്തേത്, ഹാനുങ്കൽ 500, ബാസവൂരു 140, നാഗരഖണ്ഡ 70 ഭരി

ക്കുന്ന ദണ്ഡനായക ഗോവിന്ദരശ അബ്ബലൂ രിൽ വന്നപ്പോൾ, ബമ്മഗാവുണ്ഡ നിർമ്മിച്ച ബ്രഹ്മേശ്വരക്ഷേത്രം കണ്ട് സന്തുഷ്ടനായി. ബമ്മഗാവുണ്ടുടെ മകൻ ഏച്ചഗാവുണ്ടയു ടെ അപേക്ഷപ്രകാരം , നാഗരഖണ്ഡയിലെ മുരിഗനഹള്ളിഗ്രാമം ക്ഷേത്രത്തിനു കൊടു ത്തു. രണ്ടാമത്തേത് ഗ്രാമജനം നിത്യവിള ക്കിനായി കൊടുത്ത ദാനമാണ്.

ഗോവിന്ദരശന്റെ ദാനം- വൈശാഖത്തിലെ അമാവാസ്യ ഞായറാഴ്ചയാണ്. 30 ഏപ്രി ൽ എഡി 1101. രണ്ടാമത്തേത് ഭാദ്രപാദത്തി ൽ ഞായറാഴ്ച 28 ആഗസ്റ്റ് എഡി 1104. കൃഷ്ണരാജന്റേയും, അനന്തപാലന്റെ ജ്യേ ഷ്ഠത്തി പത്മളാദേവിയുടേയും മകനാണ് മഹാസാമന്താധിപതി ഗോവിന്ദരശൻ. അദ്ദേഹത്തെ അമ്മാമൻ (അനന്തപാല) തെരഞ്ഞെടുത്ത വാരണം (ആന) എന്ന് വിശേഷിപ്പിക്കുന്നു. ഭാര്യയുടെ

അഛനും അമ്മയുടെ സഹോദരനും മാവൻ അഥവാ അമ്മാമനാണ്. രണരംഗഭൈരവഗോവിന്ദര ശനെന്നും ഗോവിന്ദരശനെ പറയുന്നു. കൃഷ്ണരാജാനുജനെന്നും പറയുന്നു. എഡി 1114ലെ ലിഖിതം ലാടാന്വയലലാടമണ്ഡല തിലകം എന്ന് പറയുന്നു. അനന്തപാലനെ ലാടകുലകുമുദവനവിധുകരനെന്നും പറയുന്നു. അനന്തപാലനും ഗോവിന്ദരശ നും ലാടകുലത്തിലെയാണ്. രണരംഗഭൈര വനായ ഗോവിന്ദരശനും അനന്തപാലനും പരസ്പരം വിവാഹം കഴിക്കുന്ന വംശ ത്തിലെ അംഗങ്ങളാണ്. ബന്ധുക്കളൊണ്. (പത്മളാദേവിക്ക് ഗോവിന്ദരാജനെ കൂടാ തെ മല്ലീദേവ, ലക്ഷ്മണ, ഗണപതി എന്ന് 3 മക്കളും ഉണ്ടായിരുന്നു)1114ലെ ലിഖിതം അദ്ദേഹത്തെ വിക്രമാദി ത്യ 4ന്റെ വലം കൈയായി പറയുന്നു. (ത്രിഭുവനമല്ലദേവ വിജയദക്ഷിണഭുജദണ്ഡ)എഡി 1102ൽ

ദണ്ഡനായക അനന്തപാല മഹാസാമന്താ ധിപതി പഞ്ചമഹാശബ്ദങ്ങൾ ലഭിച്ച് ബെൽഗോളേ, പുലിഗേരേ വനവാസി ഭരി ക്കുന്നു, ഗോവിന്ദരശനാണ് അദ്ദേഹത്തിന് വേണ്ടി ഭരണം നടത്തുന്നത്. സന്ധിവിഗ്രഹാ ധികതനായി ഈശ്വരയ്യനായകനാണ്.

തലപ്പള്ളിമേൽവട്ടം എന്ന വാക്കും കേരള ചരിത്രവും അറിയാവുന്നവർക്ക് ഈ ലിഖിതത്തിലെ മേൽവട്ടേ എന്ന വാക്കിന്ന് അർത്ഥം പറഞ്ഞുകൊടുക്കേണ്ടതില്ല. മേൽരാഷ്ട്രം എന്നും നല്ല പട്ടുവസ്ത്രം അഥവാ പട്ടബന്ധം ധരിക്കാനുള്ള അവ കാശം (രാജ്യാവകാശം) എന്നും ഇതിന് അർത്ഥമുണ്ട്. പ്രധാനരാജപാതകളിലൂടെ യുള്ള ചുങ്കം പിരിക്കാനുള്ള അവകാശവും ഉൾപ്പെടും. ഒരേ രാജാവിന്റെ ഛത്രഛായ യിലുള്ള 500 കച്ചവടക്കാരുടെ സംഘം

(അഞ്ഞൂറ്റുവർ) ഇവരുടെ കീഴിലാണ് പ്രവ ർത്തിക്കുക. പണയം , അച്ചുപ്പണയം മുത ലായ വാക്കുകൾ ഈ ലിഖിതത്തിലും 1108ലെ ദാവൺഗേരേ ലിഖിതത്തിലും കാണുന്നു. ഇവയെല്ലാം മേൽവട്ടം എന്ന സ്ഥാനത്തിനാണ്, അവരാണ് പഞ്ചമഹാ ശബ്ദങ്ങളും ഉപയോഗിക്കാനുള്ള അവ കാശം (രാജാവിന്റെ പ്രതിപുരുഷസ്ഥാനം) നേടുന്നത്. ഹുയാൻസാങ് ഹർഷന് പഞ്ച മഹാശബ്ദം ഉപയോഗിക്കാനുള്ള അവകാ ശം ഉണ്ടായിരുന്നു എന്ന് പറയുമ്പോൾ ആ അർത്ഥമേ ഉള്ളു. ഇരവി കോർത്തന് പഞ്ച മഹാശബ്ദം കൊടുക്കുമ്പോളും കച്ചവടാ ധിപത്യമാണ് . അതിനുള്ള രാജകീയലൈ സൻസാണ്.ഗോവിന്ദരാജന് ആസ്ഥാനവ സ്തുനായകനെന്ന ബിരുദം കാണുന്നതും ഇതിനാലാണ്. ഗോവിന്ദരാജന്റെ മൈത്തു നൻ ത്രിവലിഭട്ടൻ(വത്സഗോത്രം) താൽഗു ണ്ടിലെ(താനഗുണ്ടൂർ) മഹാ

വഡ്ഡഗ്രാമത്തി ലെ
പെർഗഡേയായിരുന്ന് സഹായിച്ചിരു
ന്നു. എഡി 1112ലെ ലിഖിതം
വിക്രമാദിത്യ 6 ന്റെ കീഴിൽ
ഗോകർണ്ണാധിപതിയും
കൊങ്കണത്തിലെ ശിശുഗലി
പാണ്ഡ്യശാഖ യിലെ അംഗവുമായ
പാണ്ഡ്യമഹാമണ്ഡ ലേശ്വര
ത്രിഭുവനമല്ല കാമേശ്വര സുഖമായി
വസിച്ചതായും അനന്തപാലൻ
അദ്ദേഹത്തി ന് വനവാസി
കൊടുത്തതായും പറയുന്നു. 1114ൽ
അദ്ദേഹത്തെ കുറിച്ച് പരാമർശമി ല്ല.
പകരം പഞ്ചമഹാശബ്ദം ലഭിച്ച മഹാ
സാമന്താധിപതി മഹാപ്രധാന
രണരംഗ ഭൈരവ മനവർഗഡേ
ദണ്ഡനായക ഗോവി ന്ദമയ്യയാണ്
വനവാസി ഭരിക്കുന്നത്. 1101ൽ
ഗോവിന്ദമയ്യ ദാനം ചെയ്യുന്നത്,
സോമാചാര്യനെന്ന ശൈവാചാര്നെ
വന്ദിച്ചിട്ടാണ്. 51ആം വരി ഇദ്ദേഹത്തെ
വർണ്ണിക്കുന്നു.

ശ്രീമദ് അബ്ബാലൂർ ഏച്ചഗാവുന്ദന
ഗുരുഗൾ ശ്രീ

സോമേശ്വരപണ്ഡിതദേവരജ്ജഗുരുഗ ള തനപ്രഭാവം എംതെന്തോഡേ. ധാരേഗേസേ വ ശക്തിപർഷെഗേ കരമഗ്രണിയെനിപ പർവ്വതാവലിയോലു മൂവരകോനേയ സന്തതികാഭരണം കേദാരശക്തിയധിപതി നെഗൽദം. കേദാരയതീന്ദ്രിന ലോകപ്രസ്തു ന ശിഷ്യൻ അത്തിമല്ലൻ ഗുണാനീകം നിമ്മ ലചരിതം ശ്രീകന്തം വിബുധചൂതവനകളക ന്തം. ഹരപാദാംബോജദോലു ചിത്തമനേ സേവ മുഖാംബോജദോലു ഭാരതീസൌന്ദര മം ചാര്ത്രദോലു നിർമ്മലതേയൻഅഖി ലാംശംതദോലു ശക്രദിക്കുഞ്ജരഭാസ്വത് കീർത്തിയം ബാപ്പുരേ നിലിസദൻ ഉദ്യത് ഗുണാംഗം മുനീന്ദ്രാഭരണം ശ്രീകണ്ഠദേവം ബുധജനതിലകം തർക്കപസമുദ്രം. ആ മഹാനുഭാവനശിഷ്യനേ ദോരയനെംബോ ദേ. കേലബർത്തർക്കവിശാരദർക്കേലെബ

ർത്ഥാപ്താലാപസംബോധകർക്കോലബ ർനാടകകോവിദർക്കേലെബർഗബ്വംഗ ലം. ബല്ലവ ർക്കേലെബർ വ്യാകരണജജ്വാരിംതിനിതുമം ബല്ലംനറില്ലില്ലിമം ശലേ സോമേശ്വരസൂരി വല്ലനഘലം നൈയായികാഗ്രേസരം. അകള ങ്കാംബ്രകുജാത ചൈത്രസമയം ലോകായ താംബോധിശീതകരം സാംഖ്യദിശാദ്വിശാ രദനി മീമാംസാംഗനാകംബുകഞ്ഞ കനക മൌക്തികാ ഭൂഷണം സുഗതനിരേജാതചരന്ദാംസു താർക്കിക സോമേശ്വരസൂരി പെംപുവദേദം നൈയാ യികാഗ്രേസരം.

അബ്വാലൂരിലെ എച്ചവഗാവുണ്ടുടെ ഗുരു പണ്ഡിത സോമേശ്വരൻ ശക്തിപാർഷെ എ ന്ന പ്രമുഖസംഘത്തിലെ ശാഖയായ പർവ്വ താവലിയിലെ അംഗമാണ്. മൂവർക്കോനേ യസന്തതിയുടെ ഭൂഷണമായ കേദാരശക്തി ഈ സംഘാംഗമായിരുന്നു.

കേദാരശക്തിയു ടെ ശിഷ്യനാണ്
പ്രസിദ്ധനായ ശ്രീകണ്ഠൻ. അദ്ദേഹം
വിമലചരിതനും പണ്ഡിതന്മാരു ടെ
മാന്തോപ്പിലെ കുയിലിനെപ്പോലെ
പ്രസി ദ്ധനുമായിരുന്നു. പണ്ഡിതരുടെ
ലലാടതില കമായ ശ്രീകണ്ഠൻ
ശിവപാദത്തിൽ മനസ്സു റപ്പിച്ച്
സരസ്വതിയെ തന്റെ വായിലെ ആമ്പ
ൽപൂവാക്കി. തർക്കം ന്യായം
വ്യാകരണം ഐരാവതത്തെപ്പോലെ
ദിശാജ്ഞാനം ഇവ യെല്ലാം അറിഞ്ഞു.
ചിലർ തർക്കം, വാഗ്മി ത്വം, നാടകം,
കവിത്വം, വ്യാകരണം ഇവ
യിലേതെങ്കിലും ഒന്നോ
അതിലധികമോ പഠിക്കുന്നു.
നൈയായികാഗ്രേസരനായ
സോമേശ്വരൻ ഇവയെല്ലാം
അറിയുന്നവ നാണ്. ചൈത്രത്തിൽ
മാവ് അകളങ്കമായ മാങ്ങ തരുന്നു.
ലോകായത, മീമാംസക,
സാംഖ്യന്മാരുടെ വിരോധിയാണ്
ലകുലീ ശൻ.
ലകുലീശസമ്പ്രദായിയാണ്
സോമേശ്വര ൻ. ഈ മൂന്നു

സമ്പ്രദായക്കാരേയും പുറ ത്തു കൊണ്ടുവന്ന് നൈയായികനായ സോ മേശ്വരൻ തോൽപ്പിച്ചു. ശബ്ദശാസ്ത്രമെന്ന തോട്ടത്തിന് അദ്ദേഹം വസന്തമായിരുന്നു. വിവേകത്താൽ ലകുലീശദാന്തത്തിന് അദ്ദേ ഹം പുതുജന്മം നൽകി. സാഹിത്യവിദ്യക്ക് സമുദ്രമായി. പരമേശ്വരനെ ഭക്തിയാൽ പ്രസാദിപ്പിച്ചു.

മൂവരക്കോണേയസന്തതിഃ- ബലഗാമേയി ലെ ലിഖിതങ്ങളിൽ ഇവരെക്കുറിച്ചും ലകു ലാഗമത്തെക്കുറിച്ചും പരാമർശങ്ങളുണ്ട്. കാളമുഖന്മാരുമായാണ് മൂവരക്കോണേയ ർക്ക് ബന്ധം. 1112ലെ രേഖയിൽ പാർവ്വതാ മ്നായത മൂവരക്കോണേയ സന്താനത ശക്തിപരിഷേയോൽ നെഗൽത്തേവഡേടു ശിഷ്യചാതകവർഷാകാല മുഖരേനിസിത കാളമുഖരോൽ എന്നുണ്ട്. പാർവ്വതാമ്നാ യത്തിലെ

മൂവരക്കോണേയസന്താനത്തിലെ ശക്തിപരിഷത്തിൽ കാളമുഖർ അക്കാലത്ത് ശക്തി പ്രാപിച്ചിരുന്നു. മഴക്കാലത്ത് കലമ്പ ൽ കൂട്ടുന്ന ചാതകപ്പക്ഷികളെപ്പോലെ ശിഷ്യർ അവരുടെ കൂടെ കൂടിയിരുന്നു. കേദാരശക്തി, മകൻ ശ്രീകണ്ഠൻ, മകൻ സോമേശ്വരനെന്നിവർ ഈ ഗുരുകുലത്തി ലെയാണ്. ബല്ലിഗാവെയിലെ പഴയ കാള മുഖസ്ഥാനം പഞ്ചലിംഗക്ഷേത്രമാണ്. എന്നാ ൽ മൂവരക്കോണേയസന്തതി അവിടെയല്ല കൂടിയിരുന്നത്. അതായത് മൂവരക്കോണേ യസന്തതി സൃഷ്ടിച്ച ഗുരു കാളമുഖസംഘ ത്തിലെയാണെങ്കിലും ചില ആചാരങ്ങളി ലോ വിശ്വാസത്തിലോ വ്യത്യസ്തമായിരു ന്നിരിക്കണം. ആദ്യം ശക്തിപരിഷത്, പിന്നെ പർവ്വതാവലി, പിന്നെ മൂവരക്കോണസന്ത തി ഇപ്രകാരമാവാം ഭിന്നിച്ചത്. 1129ലെ രേഖ ശക്തിപരിഷത്തിനെ പറയുന്നില്ല. 1192ലേത് പർവ്വതാവലി മാത്രം പറയുന്നു. എഡി 1098ൽ

ബലഗാവേയിൽ ശാലേയപരി ഷത്ത് എന്ന മറ്റൊരു പരിഷത്തും ഉണ്ട്. ഹസിഗാവേയുടെ തെക്ക് താവരേയക്കേരേ (താമരക്കര) എന്ന ജലാശയത്തിന്റെ ഏരിക്ക രയിൽ (ഉയർന്നഭാഗം) ദക്ഷിണകേദാരേശ്വര ശിവക്ഷേത്രത്തിന്റെ പാരമ്പര്യപൌരോഹി ത്യം മൂവരക്കോണസന്തതിക്കാണ്.ഈ ക്ഷേ ത്രം ഇപ്പോൾ ബസവണ്ണക്ഷേത്രമാണ്. നാഗ രേശ്വരശിവക്ഷേത്രവും അവരുടേതാണ്. (എഡി 1094) എഡി 1139ൽ കേദാരേശ്വര ക്ഷേത്രത്തിനടുത്ത് നിർമ്മിച്ച കുസുവേശ്വ രക്ഷേത്രവും അവരുടേതാണ്. അവരുടെ മഠം കേദാരമഠം അഥവാ കേദാരസ്ഥാനം എന്ന് വിളിക്കപ്പെടുന്നു. എന്നാലിതിന്ന് കാനഡഭാഷയിൽ ആദ്യം കോടീയമഠം (സംസ്കൃതം കോടിമഠം) എന്നായിരുന്നു പേര്. എഡി 1158ലെ ലിഖിതം ബല്ലിഗാവേ യിലെ വെണ്ണമരശ പെർഗഡേയുടെ

കോടീ യമഠത്തിലെ
വാമശക്തിആചാര്യനെന്ന്
പറയുന്നുണ്ട്. താവരഗരേ
ജലാശയത്തിന്റെ ഒരു കോടി അഥവാ
കോണിലുള്ള കോടീയ മഠത്തിലെ
ആചാര്യന്മാരാണ് മൂവരക്കോ
ണസന്തതി. കേദാരശക്തിയുടെ
ശിഷ്യരാണ് ഗൌതമനും
വാമശക്തിയും. 1158ലെ ലിഖി തം
കോടിമഠത്തെ വളരെ വിശദമായി
വിവരിച്ചിട്ടുണ്ട്. കഠിനബ്രഹ്മചര്യം
പാലിച്ച് ശൈവയോഗികൾ അവിടെ
പഠി ച്ച് വ്രതം ആചരിക്കുന്നു.
ചതുർവ്വേദങ്ങ ളും, കൌമാരം,
പാണിനീയം, ശാകതായ നം,
ശബ്ദാനുശാസനം, വ്യാകരണം, ഷഡ്ദ
ർശനം, ബൌദ്ധവും, പഠിക്കുന്നു.
ലകുലീശ ത്തിനും
പാതഞ്ജലത്തിനും മറ്റ് യോഗപദ്ധ
തികൾക്കും അവിടെ ഭാഷ്യം
രചിക്കുന്നു. 18 പുരാണം,
ധർമ്മശാസ്ത്രം,കാവ്യം, നാട കം,
ഹാസ്യകൃതികൾ, ഇവ പഠിപ്പിക്കുന്നു.
ഗുരുക്കന്മാർക്കും ശിഷ്യർക്കും

കൂടാതെ അശരണർക്കും സാധുക്കൾക്കും അന്ധ ർക്കും ബധിരർക്കും കഥാകാലക്ഷേപക്കാ ർക്കും നർത്തകർക്കും ഗായകർക്കും ബ്രാഹ്മണരും ബൌദ്ധരും ജൈനരുമായ ഭിക്ഷുക്കൾക്കും അവിടെ സൌജന്യഭക്ഷ ണം ലഭിക്കുന്നു. ഏകദണ്ഡി, ത്രിദണ്ഡി, ഹംസ,പരമഹംസരെല്ലാം നാനാദേശത്തു നിന്നും അവിടെ വന്ന് ഭക്ഷണം കഴിക്കുന്നു. എല്ലാ ജീവികൾക്കും അത് സുരക്ഷിതസ്ഥാ നമാണ്. രോഗികളെ ചികിത്സിച്ച് ഭേദമാ ക്കുന്നു.

കേദാരശക്തിയുടേയും ശ്രീകണ്ഠ ന്റേയും കാലം നിർണ്ണയിച്ചിട്ടില്ല. അദ്ദേഹം ലകുലീശതുല്യനെന്ന് ശ്രീകണ്ഠനെ പറയു ന്നു. എഡി 1094ൽ സോമേശ്വരനാണ് നാഗ രേശ്വരക്ഷേത്രത്തിലെ ആചാര്യൻ. എഡി 1101ൽ അമ്പലൂരിൽ അദ്ദേഹത്തിന്റെ പാദം ദണ്ഡനായക ഗോവിന്ദരശ കഴുകുന്നുണ്ട്. എഡി 1102ലെ ലിഖിതം അദ്ദേഹത്തെ ദക്ഷി

ണകേദാരേശ്വരസ്ഥാനത്തെ
ആചാര്യനെന്ന് പറയുന്നു. എഡി
1112ലെ ദാനം പാണ്ഡ്യമ ഹാമല്ലേശ്വര
കാമദേവരശ അദ്ദേഹത്തിന്റെ പാദം
കഴുകി നിർവ്വഹിക്കുന്നു. ഈ രേഖ
യിലെ 34ആം വരി സോമേശ്വരൻ
ആരാധ്യ നും കാമദേവരശന്റെ
രാജപുരോഹിതനു മെന്ന് പറയുന്നു.
1129ലെ ലിഖിതം സോമേ ശ്വരനു
ശേഷം വിദ്യാഭരണനെ പറയുന്നു.
അദ്ദേഹത്തിന് പഠനം അദ്ധ്യാപനം
ഇവയി ലല്ലാതെ മറ്റൊന്നിലും
താൽപ്പര്യം ഇല്ലാതി രുന്നതിനാൽ
മഠഭരണം ശിഷ്യനായ വാമശ ക്തിക്ക്
കൊടുത്തു. 1129ൽ മഠത്തിന് ഗ്രാമം
ദാനം ചെയ്യുമ്പോൾ വിദ്യാഭരണനെ
ക്ഷണി ച്ച് അദ്ദേഹത്തിന്റെ പാദമാണ്
പടിഞ്ഞാറൻ ചാലൂക്യ സോമേശ്വര 3
കഴുകിക്കുന്നത്.
വാടിവിദ്യാഭരണനെന്നാണ് അതിൽ
അദ്ദേ ഹത്തെ വിളിക്കുന്നത്. വാഡി
വിദ്യാഭരണ ശിഷ്യനാണ്.
ജ്ഞാനശക്തി.(എഡി 1130-
1144).നാൽപ്രഭു ബ്രഹ്മഗാവുണ്ടനാണ്

1130 ൽ അദ്ദേഹത്തിന്റെ പാദം കഴുകി ദാനം കൊടുക്കുന്നത്. മഠഭരണം വാമശക്തിക്കും കേദാരേശ്വരസ്ഥാപതി എന്ന സ്ഥാനം ഗൌത മനും കൊടുത്താലും വിദ്യാഭരണനാണ് മഠത്തിലെ ഗുരു അഥവാ ആചാര്യനെന്ന് ധരിക്കണം.

ഗൌതമനുശേഷം അദ്ദേഹത്തിന്റെ മകനും വാമശക്തിയുടെ ശിഷ്യനുമായ വാമശക്തി 2 മഠാധിപതിയായി. കാലചൂര്യ മഹാമണ്ഡ ലേശ്വര വിജ്ജല ഇദ്ദേഹത്തിന്റെ പാദം കഴു കി കേദാരേശ്വരന് ദാനം ചെയ്യുന്നത് ദക്ഷി ണാപഥം ജയിക്കാനാണ്.ഇദ്ദേഹത്തെ വ്യാ കരണത്തിൽ പാണിനിയും രാഷ്ട്രതന്ത്രമായ ധർമ്മശാസ്ത്രത്തിൽ ഭൂഷണദേവനും കാവ്യാലങ്കാരത്തിൽ സുബന്ധുവും തർക്കം ജയിക്കുന്നതിൽ സകുലീശ്വരനും യുദ്ധത്തി ൽ സ്കന്ധനും ഭരതശാസ്ത്രത്തിൽ ഭരതമു നിയുമായ രാജഗുരു എന്ന്

പറയുന്നു. എഡി 1171ലെ രേഖയിലും അദ്ദേഹം രാജ ഗുരു വാമശക്തിദേവനാണ്. 1179ൽ കാല ചൂരി സംഗമനാണ് കാൽ കഴുകിക്കുന്നത്. 1186ൽ കേദാരേശ്വരന് മണ്ഡപം പണിത ആശാരിമാരായ ബിസന്തോജ, ബാവോജ, സിംഗോജ ഇവർക്ക് വാമശക്തി ദാനം ചെയ്യുന്നു. 1192ൽ ഗൌതമന്റേയും പാർവ്വ തീദേവിയുടേയും മകനായരാജഗുരു വാമ ശക്തിക്ക് ദണ്ഡനായക എരേയണ്ണ , ഹോ യ്സല വീരവല്ലല 2ആമന്റെ പ്രതിനിധി യായി കാൽ കഴുകി ദാനം ചെയ്യുന്നു.

ഇവർക്കുശേഷം ശ്രീകണ്ഠ 3, വാമശക്തി 3 എന്നിവരുടെ പേരു കാണാം. പിന്നെ ഈ ഗുരുപരമ്പര അവസാനിക്കുന്നു. 1215ലെ രേഖയിലാണ് ഇവരുടെ പേരുള്ളത്. വരി 19ൽ ഉപാസതേ വിരൂപാക്ഷം തത്ര കോടി മഠസ്ഥിത വാമശക്തിർ യഥാപൂർവ്വം ഉപ മന്യുർമഹാതപഃ എന്നുണ്ട്. 20, 21 വരികളി ൽ

ശ്രീകണ്ഠദേവശിഷ്യനായ വാമശക്തിദേ വ എന്നും കാണാം.വരി 24 അദ്ദേഹത്തെ സ്ഥാനാചാര്യദേവ എന്ന് വിളിക്കുന്നു. 1215ൽ വനവാസിനാട്ടിലെ ചുങ്കാധികാര സ്ഥാനത്തുവെച്ച് അദ്ദേഹത്തിന്റെ കാലുക ഴുകി ദാനം ചെയ്യുന്നത് മഹാപ്രധാന സർവ്വാധികാരി മഹാപരമവിശ്വാസി മായിദേവപണ്ഡിതന്റെ സേവകനായ ഹെമ്മയ്യനായകനാണ്.

ആബലൂരിലെ ലിഖിതം 65ആം വരി ലകു ലീശനെ പരാമർശിക്കുന്നു. പല ബേലഗാമി ലിഖിതങ്ങളിലും ലകുല ലകുലീശ്വര നകു ലീശ എന്നീ നാമങ്ങളിൽ ലകുലീശസിദ്ധാന്തം പറയുന്നുണ്ട്. ചിന്താപ്രശസ്തി (എഡി 1274-96) അദ്ദേഹം ശിവാവതാരമെന്ന് പറയുന്നു. ലാടരാജ്യത്തെ കായാരോഹണ ത്തിലാണ് ജനനം. (ബറോഡയിലെ കാർവ ൻ). കുശിക,കാരൂഷക, ഗാർഗ്ഗ്യ, മൈത്രേയ ശാഖകൾ അദ്ദേഹത്തിന്റെ ശിഷ്യർ സ്ഥാപി ച്ചു. ലകുലിൻ എന്ന

ദണ്ഡ് ധരിച്ചവനെന്ന അർത്ഥത്തിൽ ഇത് ഇപ്പോഴും ഉപയോഗി ക്കുന്നത് കേരളത്തിലെ മഴൂരിലെ ബലഭദ്ര സ്വാമിക്ഷേത്രത്തിലാണ്. എഡി 1035ലെ പടിഞ്ഞാറൻ ചാലൂക്യ ജയസിംഹ 2 കാലത്തെ ബലഗാമി ലിഖിതം ഇപ്രകാരം പറയുന്നു: വനവാസി 12000 ന്റെ തല സ്ഥാനമായ ബെല്ലിഗാവേയിൽ കാലമുഖ ബ്രാഹ്മണരുടെ വിദ്യാസ്ഥാപനം നടന്നു വരുന്ന പാണ്ഡവരാൽ സ്ഥാപിതമായ പഞ്ചലിംഗേശ്വരക്ഷേത്രത്തിന് ദാനം ചെയ്തു. ലകുലീശ്വരപണ്ഡിതർക്കാണ് ദാനം കൊടുക്കുന്നത്.തർക്ക, ശാസ്ത്രങ്ങളു ടെ മറുകര കണ്ടവനും തർക്കത്തിൽ രുദ്ര നും ആണ്. ലോകായത, ബൌദ്ധ, മീമാംസ കർക്ക് ഭയം ജനിപ്പിച്ച എതിരാളിയാണ്. സാംഖ്യസർപ്പങ്ങൾക്ക് ഗരുഡനാണ്.അദ്വൈ തസ്ഥാപകരായ വൃക്ഷങ്ങളുടെ കോടാലി യാണ്. അകളങ്കത്രിപുരങ്ങളെ എരിച്ച ത്രിനേത്രനാണ്. (8ആം നൂറ്റാണ്ടിന്റെ

ആദ്യ ത്തിൽ ജീവിച്ച അകളങ്കനെന്ന ജൈനദിഗം ബരനെ ജയിച്ചു) വാഡികാരാഷ്ട്രത്തെ ജയി ച്ചു. മാധവഭട്ടന്റെയും ജ്ഞാനാനന്ദന്റേയും അഹങ്കാരം മാറ്റി. വിശ്വാനന്ദനെ ജയിച്ചു. അഭയചന്ദ്രന്ന് ബഡവാഗ്നിയായി, വാഡീഭ സിംഹന്ന് ശരഭമായി.(എഡി 248ൽ ഗംഗാ രാജാവ് ഹരിവർമ്മനാണ് ശരഭബിരുദം ഭൃഗുഗോത്രത്തിലെ ഗോവിന്ദഭട്ടപുത്രൻ മാധവഭട്ടന് ബുദ്ധമതപണ്ഡിതനായ വാഡിമഠഗജേന്ദ്രനെ തോൽപ്പിച്ചതിന്ന് കൊടുത്തെന്ന് തഞ്ചാവൂർ ലിഖിതം). വാഡിരാജനെ നിശ്ശബ്ദനാക്കി. നയനന്ദിയെ തോൽപ്പിച്ച് നൈയായികരെ സംരക്ഷിക്കു ന്നതിൽ സാമർത്ഥ്യം പ്രകടിപ്പിച്ചു. വാഗ്ദേവിയുടെ ഭൂഷണമായ അദ്ദേഹം ഡർബാറിൽ സാക്ഷാത് പത്മാസനനായി രുന്നു. വിവേകത്തിൽനാരായണനും വ്യക്തമാക്കുന്നതിൽ മഹേശ്വരനും തന്റെ കൂട്ടുകാരെ

സംരക്ഷിക്കുന്നതിൽ വിരിഞ്ച
നുമായിരുന്നു. ദിഗംബരരുടെ
അഗ്നിയായി രുന്നു. അകളങ്കനെ
ജയിച്ചതിനാൽ 8ആം നൂറ്റാണ്ടാണ്
ലകുലീശകാലം. എന്നാലദ്ദേ ഹം
1035ൽ ബെലഗാമിയിലുണ്ട്. അതായത്
ലകുലീശമഠത്തിലെ
പരമാധികാരിക്കും ലകുലീശനാമം
ഉണ്ടായിരുന്നിരിക്കണം. വടക്കേ
ആർക്കോട്ടിലെ തിരുവല്ലം അടുത്ത
മേർപ്പാടിയിൽ പരകേസരിവർമ്മ
ചോളരാ ജേന്ദ്രദേവന്റെ 8ആം
ഭരണവർഷം (1019-20) ലിഖിതം-
അരിഞ്ജീശ്വരശിവക്ഷേത്രത്തിന്
നിത്യവിളക്കിനുള്ള നെയ്യ് നാട്ടുകാർ
പ്രതി ജ്ഞ ചെയ്യുന്നതാണ്.
അവിടുത്തെ മഠത്തി ലെ
ലകുലീശ്വരപണ്ഡിതപൂജാരിയുടെ
മുന്നിലാണ് സത്യം ചെയ്യുന്നത്.
മേൽപ്പാടി, ബെലഗാമി, ഗുജറാത്ത്
ഇവിടങ്ങളിലെ ക്ഷേത്രങ്ങളിലെല്ലാം
ലകുലീശസമ്പ്രദായമു ണ്ട്.
ലകുലീശപണ്ഡിതനുമുണ്ട്. കാലം
വെ ച്ച് മേൽപ്പാടിയിലെ മഠമാണ്

ആദ്യം ഉണ്ടാ യതെന്നും അവിടെനിന്ന് ബെൽഗാമിയിലേ ക്കും അവസാനം ഗുജറാത്തിലേക്കുമാണ് ലകുലീശപണ്ഡിതൻ മഠസ്ഥാപനത്തിനു പോയതെന്നും (എല്ലാ ലകുലീശപണ്ഡിതന്മാ രും ഒരേ വ്യക്തിയെങ്കിൽ) അനുമാനിക്കു ന്നു. അങ്ങനെയെങ്കിൽ കാർവാനിലല്ല ലകു ലീശജനനം എന്നു വരും. കേരളത്തിലെ തിരുവനന്തപുരത്തും, വളാഞ്ചേരിയിലും ലകുലീശപരാമർശമുണ്ട്. മഴുവത്ത് ബല രാമക്ഷേത്രത്തിലുമുണ്ട്. ബലരാമനാണ് ഗുജറാത്തിലെ കായാരോഹണസ്ഥാനത്ത് ആദ്യമഠം സ്ഥാപിച്ചതെന്ന നിഗമനത്തിനാ ണ് കൂടുതൽ സാദ്ധ്യത. ബിസി 3100 മുതൽ എഡി 1200 വരെ ഈ സിദ്ധാന്തം ഇന്ത്യയി ലൊട്ടാകെ സ്വീകരിച്ചിരുന്നു. ഇതാണ് ലിഖി തങ്ങളിൽനിന്ന് മനസ്സിലാവുന്നത്. എഡി 3ആം നൂറ്റാണ്ടിലെ മഥുര ലിഖിതവും ശിൽപ്പവും ലകുലീശസമ്പ്രദായം അന്നേ ഉണ്ടെന്ന്

തെളിവു തരുന്നതിനാൽ ഈ ലിഖിതങ്ങളിലെ ലകുലീശപണ്ഡിതന്മാരുടെ യെല്ലാം മുമ്പാണ് ആദ്യത്തെ ലകുലീശനെന്ന് മനസ്സിലാക്കണം.

ഈ ലിഖിതത്തിൽ മുദ്ദ എന്ന ഒരാളെ പറയു ന്നു. ആബ്ബല്ലൂരിലെ സകലർക്കും വനവാസി 12000 ത്തിനു മുഴുവനും അഛനെപ്പോലെ സ്നേഹം കൊടുക്കുന്ന ജനപ്രിയനാണ്. മദ ന്ത(മാടംദ) എന്ന കുഡുംബാംഗമാണ്. അദ്ദേഹത്തിന് ഭാഗനബ്ബേ എന്ന ഭാര്യയിൽ ജനിച്ചവരാണ് ബമ്മഗവുണ്ടയും ഏരഹ ഗവുണ്ടയും. അബ്ബലൂർ ഉൾപ്പെട്ട നാടിന്റെ (ഹെജ്ജും ഗ, വഡ്ഡരാവുല, ബിൽകോഡേ) കാര്യം നോക്കുന്നത് ബമ്മദേവനാണ്. ഔദാര്യത്തിൽ ദിലീപനും സത്യത്തിൽ ചമ്പാപതിയും(കർണ്ണൻ) ആയ അദ്ദേഹം അബലൂരിനെ സ്വർഗ്ഗമാക്കി, ദക്ഷിണകൈ ലാസക്ഷേത്രം പണിതു. അച്യുതനുവേണ്ടി ഹിരണ്മയാദ്രിയും പണിതു. അത് ഉദയസു

ര്യനെപ്പോലെയായിരുന്നു. ഇദ്ദേഹത്തിന് സുഗനബ്ബേയിലുണ്ടായ മക്കളാണ് എച്ചഗാ വുണ്ടേയും മൂത്ത എന്ന മുട്ടിഗയും. 17 വരി ഈ സഹോദരന്മാരെ പ്രശംസിക്കുന്നു. എച്ചഗാവുണ്ട എന്ന ജ്യേഷ്ഠന് മാടന്തവംശ ത്തിന്റെ താമരപോലെ അയ്യനസിംഹമായി (അഛന്റെ സിംഹം) വത്സരാജ ജനിച്ചു. സോമേശ്വരപണ്ഡിതദേവ ഇദ്ദേഹത്തിന്റെ ഗുരുവായിരുന്നു. (കേദാരശക്തി, ശ്രീകണ്ഠ, സോമേശ്വരപരമ്പര).

ഭാദ്രപദമാസശുക്ലഷഷ്ഠിക്ക്, ചാലൂക്യവി ക്രമന്റെ 29ആം വർഷം, താരണസംവത്സരം ഞായറാഴ്ച 10 പേർക്കാണ് ദാനം ചെയ്യു ന്നത്. മലേഗാരദാസയ്യ , അനുജൻ മസനേയ, ഹാരുവസിംഗണനഭീരണ, രേവേയഗാലയ, മലയനായക, ജോഗിസെട്ടിഗോണ, ...യും തിപ്പണയും, കേശിയന, നൂലംഗേരിയമാ രന, ആബൂത്തേ. ഈ 10 പേരും, ക്ഷേത്രാ രാധനക്ക് സ്വര്ണ്ണം

പ്രഭു എച്ചഗാവുണ്ടക്ക് കൊടുത്തു. അവരും 300 മഹാജനവും , മാലിചേത്തയ്യ, മേയ്യന, ജക്കയഗേതന, സുന്നദഭീരണ എന്ന് 4 പേരും സ്വർണ്ണം കൊടുത്ത് ഭൂമി സ്വീകരിച്ചു. മോട്ടേഗാര ഹോലേയനന്നു കീഴിൽ ഇവർക്ക് ബ്രഹ്മേ ശ്വരന്ന് അംഗഭോഗത്തിനും മഞ്ഞളിനും നിത്യവിളക്കിന് എണ്ണക്കുമായി ദാനം. ഓരോ പണം വാർഷികപലിശയുണ്ട്. സേനാഭട്ടനായ മാടിയണ്ണൻ ചാത്തിയണ്ണനെ ന്നിവർ എഴുതി, രൂവാരി ഹൊന്നോജ കൊ ത്തിവെച്ചു. (പൂജാരി പോലെ രൂപകാരി യാണ് രൂപാരി അഥവാ രൂവാരി).

എഡി 1114.
പെർമാജഗദേകമല്ലകാലം.ലിഖിതം
ബസവേശ്വരക്ഷേത്രത്തിലാണ് (പഴയ ബ്ര ഹ്മേശ്വരക്ഷേത്രം) ലിഖിതം. സീലിൽ നടു വിൽ ശിവലിംഗവും പൂജാരിയും. വലത്ത് നന്ദിയും മുകളിൽ സൂര്യനും. ഇടത്ത് പശു വും കുട്ടിയും മുകളിൽ ചന്ദ്രനും. 52 വരി, കന്നഡലിപി. കന്നഡഭാഷ. പദ്യവും

ഗദ്യവു മുണ്ട്. പടിഞ്ഞാറൻ ചാലുക്യ പെർമാ ജഗദേകമല്ല രണ്ടാമന്റെ ദാനമാണ്. രാജാവി ന്റെ കാലത്തും അതിന്നുമുമ്പും ബ്രഹ്മേശ്വ രന് ദാനം ചെയ്തത് പറഞ്ഞിരിക്കുന്നു. രണ്ടാമത്തെ ദാനം, വനവാസി 12000 ഭരിക്കുന്ന ദണ്ഡനായക യോഗേശ്വരദേവ രശന്റെ കീഴിൽ വിദ്ദുരാവല, ഹെജ്ജുക ഇവിടങ്ങളിലെ നികുതി പിരിക്കുന്ന ദണ്ഡനായക മല്ലീഭവരശന്റേതാണ്. ഇത് ഒരുഎണ്ണമില്ലും നിത്യനന്ദാവിളക്കിനുള്ള സംവിധാനവുമാണ്. ആദ്യത്തേത് പ്രാദേശിക കജില്ല ഭരിക്കുന്ന നാൽപ്രഭു ബ്മ്മഗൌണ്ടന്റേതാണ്. ഏറ്റവും വേഗത യിൽ തന്റെ കുതിരയെ ഓടിക്കാവുന്നത്ര ദൂരം ഭൂമിയാണത്.

ബമ്മഗുണ്ടയുടെ പൌത്രനും എച്ചഗൌണ്ട യുടെ മകനുമായ ബമ്മഗുണ്ട 2 യുടെ ദാനം ഭൂലോകമല്ലസോമേശ്വര 3 ന്റെ 4ആം ഭരണ വർഷം, സൌമ്യസംവത്സരം മാഘത്തിലെ അമാവാസി

വ്യതീപാതം സൂര്യഗ്രഹണം തിങ്കളാഴ്ച (എഡി 1130 തിങ്കൾ ഫെബ്രുവ രി 10) .മല്ലിഭവരശന്റെ ദാനം സോമേശ്വര പുത്രൻ പെർമ ജഗദേകമല്ലന്റെ 7ആം ഭര ണവർഷം രക്താക്ഷി സംവത്സരം കാർത്തി കശുക്ലപഞ്ചമി ഞായറാഴ്ച (എഡി 1144 ഒക്ടോബർ 3).

എച്ചഗൌണ്ടയുടെ ഭാര്യയും ബമ്മഗൌണ്ട 2 വിന്റെ അമ്മയും ദക്കവ്വേയ ബമ്മഗൌണ്ട 2 വിന്റെ ഭാര്യ ബാഗളേ. നാൽപ്രഭു ബൊമ്മ ഗൌണ്ട ആത്മീയസംവാദത്തിൽ ഏർപ്പെട്ടി രിക്കെ സേനാബോവ (കണക്കെഴുത്തുകാര ൻ) ബൊപ്പണ്ണ(ബൊപ്പിമയ്യ) എന്ന ശിവഭക്ത ൻ മതം മനുഷ്യന്ന് സഹായിയും ഭൂഷണ വും നിധിയുമാണെന്നും സത്കർമ്മങ്ങള നുഷ്ഠിക്കലാണ് മനുഷ്യധർമ്മമെന്നും ഓർമ്മിപ്പിച്ചു. മുത്തശ്ശനായബമ്മഗുണ്ട നിർമ്മിച്ച അബ്ബലൂരിലെ ബ്രഹ്മേശ്വര ക്ഷേ ത്രം മുമ്പ് തന്റെ പിതാവ് സംരക്ഷിച്ചപോ ലെ സംരക്ഷിക്കണമെന്ന് പറഞ്ഞു. അബ്ബ ലൂരിലെ 70 ശെട്ടിഗുട്ടന്മാരുടെ

ശിവഭക്ത ഗണം
അഹീന്ദ്രഭൂഷണനായ ശിവനെ
ഉപാസിച്ച് പുണ്യം വളർത്തിയ കഥ
പറഞ്ഞു. പ്രചോദിതനായ ബമ്മഗുണ്ട
ഏറ്റവും നല്ല കുതിരപ്പുറത്തേറി
ഏറ്റവും വലിയ വേഗതയിൽ ചുറ്റി
വന്ന് അത്രയും സ്ഥലം ബ്രഹ്മേശ്വരന്
ദാനം ചെയ്തു. മൂവ
രക്കോണേയസന്തതിയിലെ
വാടിവിദ്യാഭ രണപണ്ഡിതദേവന്റെ
ശിഷ്യൻ ജ്ഞാനശ
ക്തിപണ്ഡിതദേവന്റെ പാദം കഴുകി,
ഉദക പൂർവ്വം ക്ഷേത്രത്തിന് ദാനം.
അറ്റകുറ്റപ്പണികൾക്കും,
നിത്യനന്ദാവിളക്കി നും
സന്യാസിമാരുടെ ഭോജനത്തിനും
ഹണ്ണേയഹള്ളിയിലെ തുറന്ന
വയലിലെ (ബയൽ) നെൽപ്പാടം 8
മാത്ര, വേറെയും 8 മാതര, 15 മാത്ര
ഭൂമി, വലിയ തടാകത്തിനു തൊട്ട് 1000
വൃക്ഷമുള്ള കമുകിൻതോട്ടം, ക്ഷേത്ര
ത്തിനടുത്ത് 20 വീടിനുള്ള സ്ഥലം
ഇവയും കൊടുത്തു. കവി ഉപാദ്ധ്യായ
മഹാദേവഭട്ടനും സേനബോവ
ബൊപ്പിമയ്യ ന്റെ മരുമകൻ
മല്ലിയന്നനും എഴുതി, ലാലര

<u>**ചന്ദ്രോജന്റെ മകൻ സാതോജൻ കൊത്തിവെ ച്ചു.**</u>

<u>**തൈല മൂന്നാമന്റെ കാലം എഡി 1153ലെ ലിഖിതം**</u>

<u>**കരിതുരഗപട്ടസാഹനി മഹാസാമന്താധിപ തിയേയും, മനെവെർഗദേ ദണ്ഡനായക മഹാദേവരസനെന്ന വനവാസി 12000, ഹൂലിഗേരേ 300 ഭരണാധികാരിയെയും അദ്ദേഹത്തിന്റെ കീഴിലുള്ള ദണ്ഡനായക മായിദേവനേയും പറയുന്നുണ്ട്. കദംബ വംശജനായ മഹാമണ്ഡലേശ്വര സോവി ദേവരശൻ ശ്രേഷ്ഠനഗരമായ ബാന്ധവപു രാധീശ്വരനെന്ന ബിരുദം വഹിക്കുന്ന വനാണ്. പ്രണമേശ്വരദേവന്റെ പ്രസാദം ലഭിച്ചവനുമാണ്. എഡി 1152ലെ ലിഖിത ത്തിലും തൈല 3ന്റെ മഹാസാമന്തനായ മഹാദേവരശന്റെ പേരുണ്ട്. 1155ലെ ബെൽഗാമിലിഖിതത്തിൽ ദണ്ഡനായക ബിജ്ജലനാണ് മഹാസാമന്തൻ.**</u>

മഹാരാജാധിരാജാ പരമേശ്വര
പരമഭട്ടാ രക സത്യാശ്രയ
ചാലൂക്യഭൂഷണ ത്രൈലോ
ക്യമല്ലദേവ തൈല 3 ആണ് രാജാവ്.
അദ്ദേ ഹത്തോടു യുദ്ധത്തിനു വന്ന
ചോളികന്മാ ർക്ക് മനമില്ലാ മനസ്സോടെ
കപ്പം കൊടുത്ത് പോകേണ്ടിവന്നു.
മറുദിശയിൽനിന്ന് വന്ന
മാളവരാജാവ് തോറ്റു മടങ്ങി. ചോളൻ
കൊടുത്തതിലധികം കപ്പം കൊടുത്ത്
ഗുർജ്ജരൻ ജീവൻ രക്ഷിച്ചു. നൂർമടി
തൈലപ3ന്റെ മേൽക്കോയ്മ എല്ലാ രാജാ
ക്കന്മാരും അംഗീകരിച്ചു. അദ്ദേഹം
പ്രതാ പചക്രവർത്തിയായി
വാഴുമ്പോൾ പഞ്ച മഹാശബ്ദവും
നേടിയ മഹാസാമന്താ ധിപതി ,
കുതിരകളുടെ രേവന്തനും, അചര ന്റെ
ആനയെ ലഭിച്ച്
കരിതുരഗപട്ടസാഹനി യായ
മനവെർഗഡേ ദണ്ഡനായക മഹാദേ
വരസനും കീഴുദ്യോഗസ്ഥൻ
മായിദേവനും (ഇദ്ദേഹം
വനവാസിയിലെ വദ്ദരാവുല,
ഹെജ്ജുംഗ എന്നിവിടങ്ങളിലെ
നികുതി പിരിക്കുന്നു)
ബാഡവപുരത്തെ പരമാധി

കാരിയായ കദംബവംശജൻ മഹാമണ്ഡലേ ശ്വര സോവിദരശസനും (നാഗരഖണ്ഡം 70 ഭരിക്കുന്നു) ബാക്കി നഷ്ടപ്പെട്ടിരിക്കുന്നു.

രേവന്തൻ സൂര്യൻ കുതിരരൂപത്തിൽ ജനി പ്പിച്ച പുത്രനായും, ഗുഹ്യകന്മാരുടെ മുഖ്യ നായും പറയപ്പെടുന്നു. മാരസിംഹനെ എഡി 1058ലെ ശിലഹാരലിഖിതം, രേവ ന്തോ വത്സരാജോ വരതുരഗ ചയാരൂഢരേ ഖാ വിശുദ്ധൌ എന്ന് പറയുന്നു അശ്വാരൂ ഢരുടെ ഇടയിലെ വത്സരാജനെന്ന് അദ്ദേഹ ത്തിന്റെ അശ്വയുദ്ധത്തെയാണ് പറയുന്നത്.

മഹാദേവരശനെ ദണ്ഡനായകം മകം മഹാ ദേവരശബനവാസേ എന്ന് പറയുന്നതിനാൽ അദ്ദേഹത്തിന്റെ അഛനും വനവാസിയിലെ മഹാദേവരശനാണ്. ചാലുക്യസോമേശ്വര 4ന്റെ കാലത്തെ കുമാര ബമ്മയ്യയുടെ അഛ നും മഹാദേവരസനെന്ന നാമമുണ്ട്. മയിദേ വരശൻ കേരളത്തിലെ പല രേഖകളിലു മുള്ള മായിപ്പാടി

അരശനാവണം. വന വാസി 12000ത്തിലെ വദ്ദരാരുല ഹെജ്ജുംഗ ഇവയുടെ ദണ്ഡനായകനായ അദ്ദേഹത്തി ന്റെ രാജധാനി ബല്ലിഗ്രാമത്തിലെ നെലെവീ ടിലാണ്.

എഡി 1200ലെ ലിഖിതം

സോമേശ്വരക്ഷേത്ത്തിലെ ചുമരിൽ പതിച്ച ശിലാലിഖിതം. അടിത്തറ കെട്ടിയ ദിവസം രേഖപ്പെടുത്തിയിട്ടുണ്ട്. കന്നഡലിപി. കർണ്ണാടകഭാഷ. വക്ക് പകരം ബ. കിറ്റെൽ ക്ലാസിക്കൽ കാലത്തിനും മദ്ധ്യകാലത്തിനും ഇടക്കുള്ള കാലത്തെ സംസ്കൃതഭാ,യാണ് ഇതിലെ 10 ശ്ലോകങ്ങൾക്കെന്ന് കരുതുന്നു. അവ ഒഴികെ എല്ലാം കന്നഡ. കല്ലിൽ ലിഖി തത്തിനു മുകളിലായി നടുവിൽ ശിവലിംഗ വും നില്ക്കുന്ന പൂജാരിയും. വലത്ത് നന്ദി യും മുകളിൽ സൂര്യനും. ഇടത്ത് പശുവും കുട്ടിയും മുകളിൽ ചന്ദ്രനും. ഐകാരത്തിന് കൂടുതൽ പ്രാമുഖ്യം കൊടുക്കുന്ന വാക്കുക ളുണ്ട് (തമിഴിലെ പോലെ). രാമൈയണം, രാമൈയ്യംഗലം, ബാമൈയ്യനും,

<u>**ഐന്നൂറു വം, ഐഞ്ഞൂരാർ മുതലായവ ഉദാഹര ണം. ഏതു പ്രത്യേകരാജാവിന്റെ കാലമെന്ന് പറഞ്ഞിട്ടില്ല. എഡി 1200 എന്നോ അതിനു മുമ്പെന്നോ കണക്കാക്കിയത് വരി 81-90, 99 വരികളിൽ കാദംബമഹാമണ്ഡലേശ്വര കാമദേവനെ പറയുന്നതുകൊണ്ടും, 101ആം വരിയിൽ ദണ്ഡനായക കേശവരാജനാണ് എഴുതിയതെന്ന് പറയുന്നതുകൊണ്ടുമാണ്. കദംബവംശത്തിലെ ഹാംഗൽ ശാഖയിലെ കാമദേവന്റെ ഭരണകാലം എഡി 1181-82 മുതൽ 1203 വരെയാണ്. മഹാപ്രധാനദണ്ഡ നായക ബൊാലികേയ കേശിമയ്യനാണ് കേശ വരാജ. വനവാസി 12000 മറ്റു ജില്ലകൾ ഭരിച്ചിരുന്ന ഇദ്ദേഹത്തിന്റെ കാലം 1168-1181, ഇവരുടെ മുമ്പ് സോമേശ്വര 4 (എഡി 1181-1189). അദ്ദേഹത്തിനു മുമ്പ് കാലചൂരി ബിജ്ജല (1145, 1156-1167) . ലിഖിതാവസാ നം കദംബരാജാ മല്ലീദേവൻ ക്ഷേത്രത്തിനു കൊടുത്ത ദാനവും പറയുന്നു.**</u>

<u>12ആം നൂറ്റാണ്ടിന്റെ അവസാനം ശൈവാരാ ധനയെ പുനരുദ്ധരിച്ച ഏകാന്തതരാമയ്യയെ ലിഖിതം പറയുന്നു എന്നത് പ്രധാനമാണ്. ലിംഗായതരെന്ന വീരശൈവസംഘമാണ് ഇത്. ഇവർ കഴുത്തിലും അരയിലും ശിവ ലിംഗം ധരിക്കുന്നു. ബ്രാഹ്മണവിരോധിക ളാണ്. പുനർജന്മത്തിൽ വിശ്വാസമില്ല. ബാലവിവാഹം അംഗീകരിക്കുന്നില്ല, വിധവാവിവാഹം പ്രോത്സാഹിപ്പിക്കുന്നു. നന്ദിയേയും ലിംഗത്തേയും ആരാധിക്കുന്നു. തങ്ങളുടെ മാതൃഭാഷയെ മറാത്തആക്രമ ണത്തിനു ശേഷവും അവരാണ് നിലനി ർത്തിയത്. ബെൽഗാം ബീജാപ്പൂർ ധാർവാർ പ്രദേശങ്ങളിലാമ് ഇവർ അധികം ഉള്ളത്. മൈസൂരിലും കോലാപ്പൂരിലും ഉണ്ട്. വള രെ ചെറിയ ശതമാനം പൂന, ഷോലാപൂർ, സതാര വടക്കൻ കാനറപ്രദേശങ്ങളിലും കാണാം. മറ്റ് ദേശങ്ങളിൽ വ്യാപാരാവശ്യ ത്തിനു പോയി താമസിച്ച കുടുംബങ്ങളേ ഉള്ളു. 1891ലെ സെൻസസ്സിൽ അവരിലെ ഭൂരിഭാഗവും</u>

ലിംഗായതരെന്ന പേരുപേ ക്ഷിച്ച് വീരശൈവരെന്ന് സ്വീകരിച്ചതായി കാണുന്നു. ലിംഗായതരുടെ പുണ്യഗ്രന്ഥങ്ങ ൾ ബസവപുരാണവും ചന്നബസവപുരാ ണവുമാണ്.

ഉത്ഭവകഥഃ- മാടിരാജാ , പത്നി മാടലാം ബിക എന്നീ ശൈവബ്രാഹ്മണദമ്പതികൾ യിൽ താമസിച്ചിരുന്നു. അവരുടെ മകനായി നന്ദീശ്വരൻ ബസവ എന്ന പേരിൽ അവതരി ച്ചു. ശൈവസിദ്ധാന്തപുനരുദ്ധാരണത്തിനായിട്ടാണ് അവതരിച്ചത്. 8 വയസ്സാവു മ്പോഴേക്ക് ശൈവതത്വം ഗ്രഹിച്ച ബസവൻ ഉപനയനത്തിന് പൂണൂൽ ധരിക്കാൻ വിസ മ്മതിച്ചു. ബസവന്റെ അമ്മാമനും കാലചൂ രി രാജാ ബിജ്ജലന്റെ മന്ത്രിയുമായ ബാലദേ വനെ ഇത് ആകർഷിച്ചു. അദ്ദേഹം മകൾ ഗംഗാദേവിയെ (ഗംഗാംബ) ബസവന് വിവാഹം ചെയ്തുകൊടുത്തു. താൻ ശൈ ശവം ചെലവഴിച്ചതും ശിവനിൽനിന്ന് (അവിടത്തെ സംഗമേശ്വരക്ഷേത്രം) ഉപദേ ശം സ്വീകരിച്ചതുമായ

കാപ്പാടിയിലേക്ക് ബസവ താമസം മാറ്റി. ബലദേവൻ മരിച്ച പ്പോൾ ബിജ്ജല ബസവനെ ആ സ്ഥാനത്തേ ക്ക് നിയമിച്ചു. മൂത്ത ജ്യേഷ്ഠത്തി നാഗലാം ബികയോടുകൂടി കാപ്പാടിയിൽനിന്ന് കല്യാ ണിലേക്ക് പോയി. അവിടെ പ്രധാനമന്ത്രി, സൈന്യാധിപൻ ഭണ്ഡാരം സൂക്ഷിപ്പുകാര ൻ എന്ന് 3 പദവി വഹിച്ച് രാജാവിന് തൊട്ടുതാഴെ പദവിയുള്ള വ്യക്തിയായി. ഈ ബന്ധം നിലനിർത്താൻ രാജാവ് സഹോ ദരി നീലലോചനയെ വിവാഹം കഴിച്ചു കൊടുത്തു. നാഗലാംബികാരൂപമെടുത്ത് അവതരിച്ച പാർവ്വതിയുടെ ബുദ്ധിശക്തി ക്ക് കുമാരതുല്യനായി ചന്നബസവനെന്ന പുത്രനുണ്ടായി. അമ്മാമന്റെ അധികാരശ ക്തിയുടെ തണലിൽ സകല ബ്രാഹ്മണരേയും ലിംഗായതരല്ലാത്ത ശൈവരേയും ജൈനരേ യും ചന്നബസവനാമ് കൊന്നൊടുക്കിയത്. ഇത് ജൈനവിശ്വാസിയായിരുന്ന ബിജ്ജല നിൽ അവിശ്വാസം ജനിപ്പിച്ചു. മറ്റൊരു മന്ത്രിയായ മാഞ്ചണ്ണൻ ഇതിന്

വളം വെച്ചു കൊടുത്തുകൊണ്ടിരുന്നു. മഞ്ചണ്ണനും വീര ശൈവനായിരുന്നു. ഇത് അവസാനിച്ചത് ബസവന്റെ മരണത്തിലും ബിജ്ജലന്റെ കൊലപാതകത്തിലുമാണ്. ബസവ എന്നത് ഋഷഭ (നന്ദി) എന്നതിന്റെ അപഭ്രംശമാണ്.

കല്യാണത്തിൽ ഹല്ലേയഗ, മധുവെയ്യ എന്ന് രണ്ട് ലിംഗായതരെ പണ്ട് ബിജ്ജലൻ കണ്ണു കുത്തിപ്പൊട്ടിച്ചിരുന്നു (ശിക്ഷയായി). ഇതി ന്നു പകരം വീട്ടാൻ ബസവൻ നിയോഗിച്ച ജഗദ്ദേവനും 2 കൂട്ടുകാരും രാജധാനിയിൽ കടന്ന് സഭയിൽ വെച്ചുതന്നെ രാജാവിനെ വധിച്ചു. യാത്രയിലായിരുന്ന ബസവ വിവരം അറിഞ്ഞ്, നേരെ കൂടലിസംഗമേ ശ്വരത്തെത്തി, ഈശ്വരനിൽ ലയിച്ചു. ചന്നബസവ വടക്കൻ കർണ്ണാടകത്തിലേക്ക് ഓടിപ്പോയി, ഊൾവിയിലെ ഗുഹയിൽ ഒളിച്ചു.

ചന്നബസവപുരാണത്തിൽ കഥ അൽപ്പം വ്യത്യായമുണ്ട്. ശിവാവതാരമായ പ്രഭു ശ്രീശൈലത്തിലെ വാഴമരത്തിൽ

ശിവനിൽ ലയിച്ച വിവരം കേട്ട ബസവ എഡി 785ലെ ഫാൽഗുനത്തിൽ സോമേശ്വര നിൽ ലയിച്ചു. പിന്നീടാണ് ബിജ്ജല ചന്നബസവയെ ആ സ്ഥാനം ഏല്പ്പിച്ചത്. അതിന്നുശേഷമാണ് നേരത്തേ പറഞ്ഞ്ർ രണ്ടുപേരെ കെട്ടി വലി പ്പിക്കുന്നതും കണ്ണ് ചൂഴ്ന്നെടുത്തതും. ജഗ ദ്ദേവനും ബൊമ്മലനും ഇതിന് പകരം ചോ ദിച്ചു. ചന്നബസവ ഊൾവിയിലേക്ക് പോ യി. യുദ്ധത്തിൽ മരിച്ചവരെയെല്ലാം നാഗ ലാംബികയുടെ അപേക്ഷപ്രകാരം ചിന്നബ സവ പുനരുജ്ജീവിപ്പിച്ചു. ഈ കഥ അവി ശ്വസനീയമാണ്. ബസവപുരാണത്തിലാണ് കൂടുതൽ വിശ്വസനീയമായ കഥ കാണുന്ന ത്. കൂടൽസംഗമേശ്വര കൃഷ്ണ, തുംഗഭദ്ര അല്ലെങ്കിൽ കൃഷ്ണ മലപ്രഭയുടെ സംഗമം ആണെന്ന് അഭിപ്രായം.

ജൈനരുടെ ബിജ്ജലരായചരിതം എന്താണ് പറയുന്നതെന്ന് നോക്കാം. ബസവനോടുള്ള ബിജ്ജലന്റെ ഇഷ്ടം അദ്ദേഹത്തിന്റെ സുന്ദരി യായ

സഹോദരി കാരണമെന്ന് ഈ ചരി ത്രം എഴുതുന്നു. കീഴടങ്ങിയ കോൽഹാപൂരിലെ ശിൽഹാരമഹാമണ്ഡലേശ്വരൻ വിപ്ല വം പ്രഖ്യാപിച്ചപ്പോൾ ബിജ്ജലൻ അവരെ എതിർത്തു. കല്യാണിലേക്ക് മടങ്ങുമ്പോൾ ബസവ അയച്ച സംഘം ജൈനവേഷം ധരി ച്ചുവന്ന് വിഷം കലർത്തിയ പഴം കൊടു ത്തു. മരിക്കും മുമ്പ് മകനായ ഇമ്മട്ടി ബിജ്ജലനോട് പഴം അയച്ചത് ബസവനാണെന്ന് ബിജ്ജല പറഞ്ഞു. എല്ലാ ജൈനസംഘത്തേ യും ബസവനേയും വധിക്കാൻ ഇമ്മട്ടി ബിജ്ജല ശാസനം പുറപ്പെടുവിച്ചു. ഇതുകേട്ട ബസവ കിണറ്റിൽ ചാടി മരിച്ചു. ഭാര്യ നീലാംബ വിഷം കഴിച്ചു. ചന്നബസവ അമ്മാമന്റെ സ്വത്ത് ഇമ്മട്ടിബിജ്ജലന് കൊടുത്ത് രോഷം തണുപ്പിച്ചു. പിന്നീട് ആ സ്ഥാനം കൈക്കലാക്കി.

കുന്തളരാജ്യത്തെ അളന്തേ നഗരത്തിലെ പുരുഷോത്തമഭട്ടനെന്ന ശൈവബ്രാഹ്മണന് (ശ്രീവത്സഗോത്രം) പത്മാംബികയിൽ രാമ നെന്ന മകനുണ്ടായി. ശിവനിലുള്ള ഏകാ

ന്തികഭക്തി കാരണം
ഏകാന്തദരാമയ്യനെന്ന് പേരു വന്നു.
ശിവ ക്ഷേത്രങ്ങളിൽ തീർത്ഥാ ടനം
ചെയ്ത് അദ്ദേ ഹം ഹൂലിഗേരേ (ലക്ഷ
മണേശ്വർ) എത്തി. അവിടെ
ദക്ഷിണസോമേ ശ്വരക്ഷേത്രം
സന്ദർശിച്ചു. പിന്നെ ജൈനരു ടെ
കേന്ദ്രമായ അബലൂരിലെത്തി. ശൈവ
രുടെ ബ്രഹ്മേശ്വര ക്ഷേത്രം
അവിടെയാണ്. അബലൂരിൽവെച്ച്
ഗ്രാമമുഖ്യനായ ശംഖഗൌഡന്റെ
കീഴിൽ ജൈനര് അദ്ദേഹ ത്തെ
വാദത്തിനു വിളിച്ചു. വാദത്തിൽ
ജയിച്ചവർ തങ്ങളുടെ വിശ്വാസം
ഉപേക്ഷി ക്കണമെന്നാണ് അവർ
അദ്ദേഹവുമായി വാതുവെച്ചത്.
ഏകാന്തികരാമയ്യ ജയിച്ചു. പക്ഷേ
ജൈനർ വാക്കുപാലിക്കാൻ തയ്യാ
റായില്ല. അതിനാൽ അദ്ദേഹം തന്നെ
ജൈ നക്ഷേത്രം ഇടിച്ചുപൊളിച്ച് വീര
സോമനാ ഥക്ഷേത്രം പണിതു.
ജൈനർ വിജ്ജലനോട് കേസു
പറഞ്ഞു. വാദത്തിനു മുമ്പ് ജൈനർ
എഴുതിക്കൊടുത്ത ഓല രാമയ്യ
രാജാവിനു കൊടുത്തു. ബിജ്ജല
ഓലയിലെഴുതിയ പോലെ 800

ജൈനക്ഷേത്രവും, അനെസെജ്ജ യ്യബസതി ഉൽപ്പെടെ അവർ തന്നെ നശിപ്പി ക്കേണ്ടതാണെന്ന് ഉത്തരവിട്ടു. അല്ലെങ്കിൽ വീണ്ടും വാദത്തിനു തയ്യാറാകണം. അതിന് അവർ തയ്യാറായില്ല .ബിജ്ജല അവരോട് ഇനിയെങ്കിലും അടുത്തുള്ളവരോട് സമാ ധാനമായി ജീവിക്കാൻ പഠിക്കാനുപദേശി ച്ച് പോകാനനുവദിച്ചു. ഏകാന്ത രാമയ്യക്ക് ജയപത്രം കൊടുത്തു. അദ്ദേഹത്തിന്റെ കാൽ കഴുകി വീരസോമേശ്വരക്ഷേത്രത്തിന് മലു ഗുണ്ടക്ക് തെക്ക് വനവാസി 12000 ലെ സത്തലിഗേ 70യിലെ ഗോഗാവേ ഗ്രാമം കൊടുത്തു. പിന്നീട് ചാലുക്യസോമേശ്വര 4 ഉം അദ്ദേഹത്തിന്റെ സേനാപതി ബമ്മനും സേലേയഹല്ലിയകൊപ്പ സന്ദർശി ച്ച് അവി ടെ വെച്ച് ജനമദ്ധ്യത്തില് ശൈവാചാര്യന്മാ രുടെ മഹത്വം പ്രകീർത്തിച്ചതായി ലിഖിതം രേഖപ്പെടുത്തുന്നു. ഏകാന്തരാമയ്യയുടെ കഥകേട്ട സോമേശ്വരൻ അദ്ദേഹത്തെ തന്റെ കൊട്ടാരത്തിലേക്ക് ക്ഷണിച്ച്

<u>കത്തയച്ചു. അവിടെവെച്ച്
കാലുകഴുകിച്ച്, വനവാസി 12000 ലെ
നാഗരഖണ്ഡ 70യിലെ അബലൂരു
തന്നെ ദാനം ചെയ്തു. ഇതെല്ലാം കേട്ട
മഹാ മണ്ഡലേശ്വര കാമദേവ
അദ്ദേഹത്തെ ഹംഗ ലിലേക്ക് ക്ഷണിച്ച്
പാനുംഗൽ 500ലെ ഹോസനാട്
70യിലെ മുണ്ടഗോഡിനടുത്ത്,
ജോഗേശ്വരക്ക് വടക്ക് മല്ലവല്ലിഗ്രാമം
കൊടുത്തു. എഡി 1161ലെ
മനഗോളിലിഖി തത്തിലെ
കശ്യപഗോത്ര ബസവരാസയ്യ
ഏകാന്തദരാമയ്യയുടെ
സമകാലീനനായിരു ന്നു. ഇദ്ദേഹമാണ്
ലിംഗായതപുരാണത്തി ലെ ബസവ.
അതിന്നുശേഷമാണ് ചന്നബസ വ
ലിംഗായതവീരശൈവസംഘം
ഉണ്ടാക്കി യത്. കാളമുഖരുടെ
ചരിത്രത്തിൽ ബലഗാ മിയിലും,
ഐഹോളിലെ 500 സ്വാമിമാരു ടെ
കീഴിലും,
വീരഭണഞ്ചുസംഘക്കാരായ
(വീരവളഞ്ചിയ) മറ്റ് ശൈവരുടെ
ഇടയിലും നിരവധി ശിവക്ഷേത്രങ്ങൾ
ജൈനരുടെ സമൃദ്ധികാലത്തും നില
നിന്നിരുന്നു. ശൈവ സിദ്ധാന്തം</u>

ക്ഷയിച്ചതല്ലാതെ നശിച്ചിരുന്നില്ല. ജൈനർ അവർക്ക് ഭയപ്പെടേണ്ടവരുമായി രുന്നില്ല. ജൈനരുടെ സ്വയംകൃതാനർത്ഥ മാണ് വാദത്തിനു വിളിച്ചതെന്ന് സാരം.

അനേസേജ്ജെയബസതി ജൈനരുടെ ലക്ഷ്മേ ശ്വരക്ഷേത്രമാണ്. ചാലൂക്യചക്രവർത്തി വിജയമഹാദേവന്റെ അനുജത്തി കുങ്ക(ഗംഗ)മഹാദേവി പണിയിച്ചതാണ്. (എഡി 626-733-34 കാലം) .ഗോഗാവ് ഷിമോഗ ജില്ലയി ലാണ്. സേലേയഹല്ലിയകൊപ്പം കോൽഹാ പൂരിലെ ബുദ്ധർഗട്ടിൽ ഗാർഗോട്ടിക്കടുത്ത ഷേലോലിയാണ്. ഉത്തരകർണ്ണാടകത്തിൽ ഹംഗലിന് വടക്കുകിഴക്ക് യെല്ലാപൂർ താലൂക്കിൽ മുണ്ടഗോഡ് അതേ പേരിലു ണ്ട്. മുണ്ടഗാഡിൽനിന്ന് 3 മൈൽ തെക്കുപടി ഞ്ഞാറ് മലവല്ലി (ഇപ്പോൾ മൽവല്ലി) ഉണ്ട്. ഏകാന്തരാമയ്യനാണ് ശൈവസിദ്ധാന്തത്തെ പുനരുദ്ധരിച്ചതെന്നും ബിജ്ജലനും മറ്റ് മഹാമണ്ഡലേശ്വരന്മാരും ആ

പുരുദ്ധാര ണത്തിന് പിന്തുണ കൊടുക്കുക മാത്രമാണ് ചെയ്തതെന്നും മനസ്സിലാക്കാം. ബിജ്ജല സിംഹാസനത്തിലേറിയ എഡി 1162ന് തൊട്ടുമുമ്പാണ് ഏകാന്തികരാമയ്യയുടെ വീരസോമേശ്വരക്ഷേത്രനിർമ്മിതി.

ലിഖിതത്തിലെ പഴയ ശൈവാചാര്യന്മാർ ശിരിയാല (ശിരുത്തൊണ്ടനായനാർ) , ഹലായുധൻ, ദാസ, ചെന്ന(സുന്ദര) , മലയേ ശ്വര (ചേരമാൻ പെരുമാൾ) ബാണ, ഉദ്ഭട, ഓഹില ഇവരെല്ലാം ഇവിടം സന്ദർശിച്ച തായും സുന്ദരമൂർത്തിനായനാരും കുതിര പ്പുറത്ത് കൈലാസം കണ്ടതായും പറയുന്നു .മധുരയിലെ പെരുമാളുടെ ഉപദേശപ്രകാ രം ചേരമാൻപെരുമാലിൽനിന്ന് സമ്മാനം വാങ്ഹിയ ബാണ അഥവാ ബാണഭട്ടനേ യും പറയുന്നു. പുരുഷോത്തമന് സ്വപ്ന ത്തിൽ വന്ന് ദർശനം കൊടുത്ത് മകനായി രാമനാമത്തോടെ പിറന്നത് വീരഭദ്രനാണെ ന്നും പറയുന്നു.

തൈലപ 2 മുതലുള്ള വംശാവലിഃ
തൈലപ 2, ഇരൈവബേടംഗ
സത്യാശ്രയദേവ, മകൻ വിക്രമദേവ 5,
അനുജൻ ദശവർമ്മദേവ, മകൻ
ജയസിംഹരായ (2), മകൻ ആഹവമ ല്ല
സോമേശ്വര 1, മകൻ ത്രിഭുവനമല്ല
പെർമാടിരായ(വിക്രമാദിത്യ 6),മകൻ
ഭൂലോകമല്ല സോമേശ്വരദേവ 3,മകൻ
പ്രതാപചക്രവർത്തി പെർമാ
ജഗദേകമല്ല 2, ഇളയ അനുജൻ
ത്രൈലോക്യമല്ല നൂർമടി തൈലപ 3,
മകൻ ത്രിഭുവനമല്ല സോമേശ്വര ദേവ
4. (വീരസോമേശ്വര 4)

മഹാമണ്ഡലേശ്വര കാമദേവരസന്റെ
വംശം.അദ്ദേഹം ജയന്തി എന്ന
വനവാസി യിലെ മധുകേശ്വരന്റെ
വരപ്രസാദം കിട്ടി യവനാണ്.
മയൂരശർമ്മന്റെ വംശഭൂഷണ വും
കദംബവംശസിംഹവുമാണ്.യുദ്ധവീ
രനും വീരന്മാരുടെ
അങ്കുശവുമാണ്.സത്യ ത്തിൽ
രാധേയനും ശരണം പ്രാപിച്ചവർക്ക്
വജ്രവുമാണ്. കാമധേനുവാണ്.

മല്ലീദേവരായൻ മുക്കണ്ണകാദംബ
(പല്ലവ) വംശമാണ്. ശിവന് ഭൂമിയിൽ

ജനിച്ച് വന വാസിയുടെ പ്രഭുവായി ഭരിക്കുന്നവനാണ്.

കേശവരാജനാണ് രേഖ വായിച്ചത്. ശരണ ൻ എഴുതി.

1200 ലെ രേഖ:-

സോമനാഥക്ഷേത്രത്തിലെ ശിലയിലാണ്. വലത്തേ അറ്റത്ത് ശിവലിംഗവും പൂജാരി യും. അഭിഷേകപീഠത്തിനുമുന്നിൽ മനുഷ്യ ശിരസ്സ്. താഴെ തലയില്ലാത്ത ശരീരം. ലിംഗപീഠത്തിന്റെ താഴത്തെ ഭാഗത്ത് ഇത് ചാരിവെച്ചിരിക്കുന്നു. ബാക്കിഭാഗത്ത് യുദ്ധത്തിന്റെ ചിത്രങ്ങളുമുണ്ട്. ലിംഗത്തിനു തൊട്ടടുത്ത് 5 പേർ നിൽക്കുന്നു. അവരുടെ മുന്നിൽ 5ഓ 6ഓ പേർ നിൽക്കുന്നു. കുന്ത വും കവചവും പിടിച്ച് യുദ്ധത്തിനു നിൽക്കുന്ന രൂപങ്ങളാണ്. അവരുടെ പിന്നി ൽ 4 ചെറിയ മനുഷ്യർ കാഹളം ഉയർത്തി പ്പിടിച്ച് നിൽക്കുന്നു. 4 പേർ വീതമുള്ള 2 ഗ്രൂപ്പ് ആളുകൾ കാഴ്ച്ചക്കാരായി നിൽക്കു ന്നു. കുതിരക്കാരും ജിനേന്ദ്രനുമുണ്ട്. കന്നഡ ഭാഷ കന്നഡലിപി. ഏകാന്തരാമയ്യ സ്വന്തം

ശിരസ്സ് മുറിച്ച് ശിവന് സമർപ്പിച്ചതും 7 ദിനം കഴിഞ്ഞ് ശിവൻ ജീവൻ തിരിച്ചു നൽകിയതുമായ ഐതിഹ്യം സൂചിപ്പിക്കു ന്ന ചിത്രമാണ്.

ശ്രീബ്രഹ്മേശ്വരദേവരള്ളി ഏകാന്തദരാമയ്യ ബസദിയജിനനൊദ്ദവാഗി തഹ്യഅരിദു ഹദേദ താവു. സംഘഗാവുണ്ട ബസതിയ നൊഡേദാൽ ഈയദലേ കുദുരേൻ ഒഡ്ഡിരലു ഏകാന്തദരാമയ്യ കാടിഗൽഡു ജിനനദൊഡേ ദു ലിംഗമം പ്രതിഷ്ഠാമാദിദം

ജൈനർ വാക്കുപാലിക്കാതിരുന്നപ്പോൾ ഏകാന്തരാമയ്യ ശിരസ്സ് സ്വയം ഛേദിച്ച സ്ഥലം. ഇവിടെ ജൈനരുടെ ബസതി മാറ്റി ബ്രഹ്മേശ്വരലിംഗം പ്രതിഷ്ഠിച്ചു.

1210ലെ സിംഗണലിഖിതം

ബസവേശ്വരക്ഷേത്രത്തിന്റെ പിന്നിലെ ചുമരിൽപതിച്ച ശിലയിലാണ്. നടുവിൽ

ശിവലിംഗവും പൂജാരിയും. വലത്തു
വശ ത്ത് 2 പേർഇരുക്കുന്നു, രണ്ടുപേർ
നിന്ന് കൊണ്ട് ചാമരം വീശുന്നു.
മുകളിലായി ചന്ദ്രനുമുണ്ട്.
ഇടത്തുവശത്ത് നന്ദിയും മുകളിൽ
സൂര്യനും. പിന്നെ 1-10 വരികൾ.
പിന്നെ ഒരു ചെറിയ സഭാതലത്തിൽ
രണ്ടു പേർ ഇരിക്കുന്നു. പവിലിയന്റെ
ഇരുവശം ഓരോരുത്തർ നിന്ന് ചാമരം
വീശുന്നു. പിന്നെ ബാക്കി ലിഖിതം.
കാനറീസ് ലിപി, കാനറീസ് ഭാഷ.
ഗദ്യപദ്യമിശ്രമാണ്. വാടം എന്നതിന്
ബാടം എന്നാണ് (വ, ബ) ദേവഗി രി
യാദവരാജാവ് സിംഗണന്റെ കാലത്തെ
യാണ്. അദ്ദേഹം വനവാസി 12000
ഭരിക്കു ന്നു. അബലൂരിലെ കാളപ്പോരു
സമയത്ത് മരിച്ച മാച്ച, ഗോമ എന്നീ
വീരന്മാരുടെ ഓർമ്മക്ക് സ്ഥാപിച്ച
ശിലയാണ്. ബെലഗ വട്ടിയിലെ
ഈശ്വരദേവനാണ് യുദ്ധം നയി ച്ചത്.
(ബെലഗവട്ടി ഷിമോഗയിലാണ്).
ഈശ്വരദേവ പ്രാദേശികമുഖ്യന്മാരുടെ
വംശമാണ്. എഡി 1216ലെ രേഖയിൽ
അദ്ദേ ഹത്തിന്റെ പേരും മല്ലീദേവന്റെ
പേരുമുണ്ട്. എഡി 1196ലും 1232ലും
സിംഹളദേവന്റെ നാമവും 1249ൽ

ബീരദേവന്റെ നാമവുമാ ണുള്ളത്. തിങ്കളാഴ്ച ആഷാഢപൌർണ്ണമി പ്രമാദി സംവത്സരം ശകം 1142 വർത്തമാ നം. (എഡി 1210 ജൂൺ)

അബലൂരിൽ വീരഗൌഡ ഭരിക്കുമ്പോളാണ് സാത്തലിഗേ ജില്ലയിലെ നായകന്മാരോടും 10000 കാലാളും 1000 കുതിരപ്പടയോടും ഈശ്വരദേവ വന്ന് കന്നുകാലികളെ കട്ടു കൊണ്ടുപോയത്. ബഢഗി കേതോജയുടെ മക്കളായ മാച്ചയും ഗോമയും അസാധാരണ ധൈര്യം പ്രദർശിപ്പിച്ച് ചെറുത്തുനിന്നു. ബഢഗിമാച്ച അശ്വപ്പടയെ വിരട്ടി ഓടിച്ചു. മാച്ചയും ഗോവയും നിരവധി പേരെ സ്വർഗ്ഗത്തിലേക്ക് അയച്ചു.

അബ്ബലൂരിലെ ലിഖിതങ്ങൾ ഇവയാണ്.

Ref: Epigraphica Indica Vol 5